Date of publication : 1 ജനുവരി 2023
വോള്യം 18/ലക്കം 33
ISSN 2319-9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## ഉന്നതവിദ്യാഭ്യാസരംഗം




## സംഘടിത കൂട്ടായ്മയിൽ
## കണ്ണിചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായി സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാധ്യമ അവലോകനങ്ങൾ, പഴയ കുടുംബ ഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ – പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും – ക്ഷണിക്കുന്നു. താൽപര്യമുള്ളവർ

**sanghadithacalicut@gmail.com**

എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺനമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

# സംഘടിത

സംഘടിത/ജനുവരി 2023/വോള്യം 19/ലക്കം 31




**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**അതിഥി പത്രാധിപ :**
കെ.ആർ. രാഗി
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഗാർഗി ഹരിതകം
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട്, കവർ & വെബ്സൈറ്റ് :**
സുവിജ കെ.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4

കേരളം മാറിയെന്ന് ഇനിയും കള്ളം പറയരുത്
**ആദി** 6

ഉന്നത വിദ്യാഭ്യാസവും ജെൻഡറും
**തനൂജ ബാനു കെ.ടി.** 12

ഡിസേബിൾഡ് സ്ത്രീകളും ഉന്നത വിദ്യാഭ്യാസവും
**ഡോ. ശാരദാ ദേവി വി.** 15

ജെൻഡർ ഇക്വിറ്റി സെൽ : കാലം ആവശ്യപ്പെടുന്ന ഇടപെടൽ
**ഡോ. ഷേബ സൂസൻ ജോൺസ്** 17

സർഗാത്മകതയുടെ വിഷമവൃത്തങ്ങൾ
**ഡോ. ഷീബ ദിവാകരൻ** 22

കേരളത്തിലും ഇത്ര പച്ചയായ ജാതിവെറിയോ?
**പെൺപക്ഷം / അജിത കെ.** 27

ഗവേഷക/അമ്മ : അനുഭവവും ജീവിതവും
**നസ്രീൻ സി.** 29

പരിധി നിശ്ചയിക്കേണ്ടത് ആരാണ്?
**അളകനന്ദ** 32


നഗ്നതയിലേക്കൊരു നോട്ടം
**വാസ്തവം / ഡോ.ജാൻസി ജോസ്** 35

കാമ്പസുകളിലെ ജെൻഡർ രാഷ്ട്രീയം
**സൗമ്യ എസ്.** 36

ഉന്നത വിദ്യാഭ്യാസരംഗത്തെ സംഘടനകളും ലിംഗനീതിയും
**ഡോ. സുമി ജോയ് ഓലിയപ്പുറം** 41

രണ്ടു പെൺ കവിതകൾ
മഹാനടി
ഒരു യക്ഷി കഥ
**കവിത / ദിവ്യ എൻ.** 49

സമുദ്രത്തിന്റെ അടിത്തട്ട് രേഖപ്പെടുത്തിയ മേരി താർപ്പ്
**ശാസ്ത്രം /സീമ ശ്രീലയം** 50



**ഷീബ കെ.എം.**

ഇത്തവണ ലോകകപ്പ് ഫുട്ബോൾ മത്സരം ചരിത്രം തിരുത്തിക്കൊണ്ടാണ് അരങ്ങേറിയത്. ഉടനീളം പുരുഷ സാന്നിധ്യം മാത്രം അടയാളപ്പെടുന്ന ഈ കളിയിൽ ഇത്തവണ മൂന്ന് വനിതാ റഫറിമാരാണ് കളി നിയന്ത്രിക്കാൻ ഉണ്ടായിരുന്നത്. ഫ്രാൻസിന്റെ സ്റ്റെഫാനി ഫ്രാപ്പാർട്, ബ്രസീലിന്റെ ന്യൂസബക്, മെക്സിക്കോയുടെ കരൺ ഡയസ് എന്നിവരാണ് ഈ ചരിത്രം കുറിച്ചവർ. കളിക്കളത്തെ ലിംഗ നീതിയുറ്റതാക്കുക എന്ന സന്ദേശം ഇത് വഴി പകർന്നതിൽ സംഘാടകർക്ക് അഭിനന്ദനങ്ങൾ. എന്നാൽ ക്വിയർ രാഷ്ട്രീയം മുന്നോട്ട് വെയ്ക്കുന്നതിൽ മത്സര സംഘാടനം ദയനീയമായി പരാജയപ്പെട്ടു എന്നും ഇത്തരുണത്തിൽ എടുത്തു പറയേണ്ടതായുണ്ട്.

സ്കൂൾ പാഠ്യപദ്ധതിയിൽ ശരീര അപമാന (ബോഡിഷേമിങ്ങ് ) പ്രവണതകൾക്കെതിരെയുള്ള ബോധവൽക്കരണത്തിന് ഊന്നൽ നൽകുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി അറിയിച്ചത് സ്വാഗതം ചെയ്യുന്നു.ശരീരത്തെക്കുറിച്ച് അപമാനം അനുഭവിപ്പിച്ചുകൊണ്ട് ആയുഷ്കാലം മുഴുവൻ മായാതെ കിടക്കുന്ന ഹിംസയുടെ മുറിപ്പാടുകൾ എത്രയോ വിദ്യാർത്ഥികളുടെ മനസ്സുകളിൽ ഉണങ്ങാതെ കിടപ്പുണ്ടാവും. അതിനൊരു ശാശ്വത പരിഹാരം ഉണ്ടാവും എന്ന് പ്രത്യാശിക്കട്ടെ.

കോട്ടയം സി.എം. എസ്. കോളേജിലെ വിദ്യാർത്ഥികളെ സദാചാര പോലീസ് ചമഞ്ഞ് ചോദ്യം ചെയ്യുകയും അക്രമിക്കുകയും ചെയ്തവർക്കെതിരെ അവിടത്തെ വിദ്യാർത്ഥികൾ മുടി മുറിച്ച് ശക്തമായി പ്രതിഷേധിച്ചു. മൗനമായി എല്ലാ പീഡനങ്ങളും സഹിച്ചൊതുങ്ങുന്നവരല്ല യുവതലമുറ എന്നതിൽ ആശ്വസിക്കുന്നു. ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

ലെഗ്ഗിൻസ് ധരിച്ച അധ്യാപികയോട് പ്രധാന അധ്യാപിക മോശമായി പെരുമാറിയെന്ന പരാതി കുറച്ചു നാൾ മുൻപ് ഉയർന്നു. ഈ പ്രശ്നത്തിൽ വനിതാ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും യുവജനേ ക്ഷേമ കമ്മീഷനും അധ്യാപിക പരാതി കൊടുക്കേണ്ടി വന്നു. കാലമിത്രയായിട്ടും നവോത്ഥാന കേരളത്തിൽ സ്ത്രീകളുടെ വസ്ത്രങ്ങൾക്ക് നേരെയുള്ള മേൽനോട്ടങ്ങൾക്കും നിയന്ത്രണശ്രമങ്ങൾക്കും അവസാനമുണ്ടാകുന്നില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന നിയന്ത്രണങ്ങളിൽ നിന്നും നാട്ടുകാരുടേയും വീട്ടുകാരുടേയുമൊക്കെ സമ്മർദ്ദങ്ങളിൽ നിന്നും ആൺ പെൺ വ്യത്യാസമില്ലാതെ യുവതലമുറ രക്ഷപ്പെട്ടോടുകയാണ്. സംസ്ഥാനത്തിന് പുറത്ത് ഏതെങ്കിലുമൊരു പഠനമേഖല കണ്ടെത്താനുള്ള വ്യഗ്രതയിലാണവർ എന്ന ആപൽ സൂചന നാം കണക്കിലെടുത്തേ മതിയാകൂ. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഏതു വിധേനയാണ് ലിംഗനീതി ഉറപ്പുവരുത്താൻ ആവുക എന്ന ആലോചനയാണ് രാഗി കെ. ആർ. അതിഥിപത്രാധിപയായി ' ഉന്നത വിദ്യാഭ്യാസ രംഗം ' ചർച്ച ചെയ്യുന്ന ഈ ലക്കം സംഘടിതയിലൂടെ അന്വേഷിക്കുന്നത്. പുതുവത്സരാശംസകളോടെ സമർപ്പിക്കുന്നു.



**കെ.ആർ. രാഗി**
അസിസ്റ്റന്റ് പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം
ഗവൺമെന്റ് ആർട്സ് &
സയൻസ് കോളേജ് കോഴിക്കോട്

# ഉന്നത വിദ്യാഭ്യാസവും ജെൻഡറും : കാഴ്ചകളും കാഴ്ചപ്പാടുകളും

സ്കൂൾതല വിദ്യാഭ്യാസത്തിൽ നിന്നും ഉന്നത വിദ്യാഭ്യാസ തലത്തിലേക്ക് പോകുമ്പോൾ പഠിക്കാൻ ഉദ്ദേശിക്കുന്ന വിഷയത്തിനുമപ്പുറം ഒരുപക്ഷേ മാറ്റങ്ങൾ സംഭവിക്കുന്നത് ജീവിതത്തിലുടനീളം കൊണ്ടുനടന്ന പല ബോധ്യങ്ങൾക്കായിയിരിക്കും. അതുകൊണ്ടാണ് ക്യാമ്പസ് ജീവിതം പലർക്കും പഠനവിഷയത്തിലേറെ അനുഭവതലങ്ങളെ സ്പർശിച്ചിട്ടുള്ള കാലഘട്ടമായി തീരുന്നത്. എന്റെ കോളേജ് വിദ്യാഭ്യാസം രണ്ടായിരമാണ്ടിലെ ആദ്യ ദശകത്തിലായിരുന്നു. അന്ന് പോലും ജെൻഡർ അവബോധം എന്നുള്ളത് കോളേജ് ക്യാമ്പസുകളിൽ വേരു പിടിച്ചു വരുന്നതേയുണ്ടായിരുന്നു. അതാകട്ടെ സ്ത്രീ എന്ന ലിംഗത്തിൽ മാത്രം ഉറച്ചുനിന്ന ബോധ്യങ്ങൾ മാത്രമായിരുന്നു. അത് തന്നെ പലർക്കും മനസ്സിലാക്കാൻ ബുദ്ധിമുട്ടേറിയതും താന്തോന്നിതരത്തിന്റെ പര്യായമായും കണക്കാക്കിയിരുന്നു. 2023ൽ വന്നു നിൽക്കുമ്പോൾ, ഒരു അദ്ധ്യാപിക എന്ന നിലയിൽ ക്യാമ്പസുകളെ നോക്കിക്കാണുമ്പോൾ ചെറുതല്ലാത്ത വിപ്ലവകരമായ മാറ്റങ്ങൾ തന്നെ ജെൻഡർ അടിസ്ഥാനത്തിൽ കാണാൻ സാധിക്കുന്നുണ്ട്. സ്ത്രീ എന്ന ലിംഗത്തിൽ നിന്നും മുൻപോട്ട് സഞ്ചരിച്ച് ക്വിയർ ബോധ്യങ്ങളെ മനസ്സിലാക്കാനും അംഗീകരിക്കാനും ക്യാമ്പസുകളിലെ മുതിർന്ന വിദ്യാർത്ഥിനികൾക്ക് സാധിക്കുന്നുണ്ട്. ഈ കാഴ്ചകൾ കുറച്ചൊന്നുമല്ല എന്നെപ്പോലെയുള്ളവരെ ആഹ്ലാദഭരിതരാക്കുന്നത് . കാഴ്ചകൾ കാഴ്ചപ്പാടുകളിലേക്ക് വഴിമാറുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. സാഹിത്യം മുതൽ സമരങ്ങളും പ്രക്ഷോഭങ്ങളും നവമാധ്യമങ്ങളും ലൈംഗികസ്വത്വം തുറന്നു പറച്ചിലുകളും ജെൻഡർ അവബോധത്തെ പ്രസ്ഥാനങ്ങൾ ആയി ഉയർത്തിക്കൊണ്ടുവരുന്നുണ്ട്. സിലബസുകളിൽ സമൂലമായ മാറ്റങ്ങൾ വരുന്നുണ്ട്. എന്നിരുന്നാലും ജൻഡറിലെ തന്നെ സൂക്ഷ്മ വിവേചനങ്ങൾ പലതും പരിഗണിക്കാതെ കിടക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. നിയമങ്ങൾ പരിഷ്കരിച്ചിട്ടുപോലും ഇന്നും ക്വിയർ വ്യക്തികളുടെ പ്രാതിനിധ്യം വിദ്യാർത്ഥികളിൽ കുറവ് തന്നെയാണ്. ഇതിനുള്ള കാരണം സാമൂഹികമാണെന്ന് തന്നെ പറയേണ്ടിവരും. പ്രശ്നം സ്വീകരണം തന്നെയാണ്. സിലബസുകൾ മാറിയാലും മനുഷ്യരുടെ മനസ്സു മാറാൻ, കാഴ്ചപാടുകൾ മാറാൻ ഇനിയും സമയമെടുക്കുന്നു എന്നുള്ളത് എക്കാലത്തെയും വസ്തുതയാണ്. മതം മുതൽ കുടുംബഘടനയും വ്യക്തിവികസന കാഴ്ചപാടുകളും വിലങ്ങു തടികളായി നമ്മുടെ മുന്നിലുണ്ട്. ഇതിനെയെല്ലാം പശ്ചാത്തലമാക്കിക്കൊണ്ടാണ് ഈ ലക്കം സംഘടിത 'ഉന്നതവിദ്യാഭ്യാസരംഗം' എന്ന വിഷയം ആസ്പദമാക്കി ജെൻഡർ എങ്ങിനെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു എന്ന് അന്വേഷിക്കാൻ ശ്രമിക്കുന്നത്. സ്വത്വം എങ്ങനെ ക്യാമ്പസുകളിൽ പ്രവർത്തിക്കുന്നു, മാറുന്ന ക്യാമ്പസ് പരിവേഷങ്ങൾ , ഡിസെബിലിറ്റിയും ജെൻഡറും തുടങ്ങി അതിസൂക്ഷ്മമായി തന്നെ ഈ വിഷയത്തെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അധ്യാപക സംഘടനകളിലെ ജെൻഡർ അവബോധങ്ങൾ, ജെൻഡർ സംബന്ധമായ ഗവേഷകരുടെ പ്രശ്നങ്ങൾ എന്നിവയും ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ലൈംഗിക വിദ്യാഭ്യാസത്തിനുതകുന്ന ക്യാമ്പസ് തല സെല്ലുകൾ വിദ്യാഭ്യാസ ഘടനകൾ എന്നുള്ള വിഷയങ്ങളും പ്രതിപാദിക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്രധാനപ്പെട്ടൊരു വീക്ഷണത്തിലൂടെ ഞാനീ ആമുഖം നിർത്തുന്നു. അവലോകനങ്ങൾക്കും യാഥാർത്ഥ്യ ബോധ്യത്തിൽ നിന്ന് മനസ്സിലാക്കിയ കാര്യം ജെൻഡർ അവബോധം ഇനിയും വളരെയേറെ ഉണ്ടത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭരണാധികാരികൾക്കും അധ്യാപകർക്കുമാണ്. പഠിതാക്കൾ എത്രയോ കാതങ്ങൾ മുൻപിലാണ്.




# കേരളം മാറിയെന്ന് ഇനിയും കള്ളം പറയരുത്



ആദി
കവി, ക്വിയർ ആക്ടിവിസ്റ്റ്

'ജെൻഡർ ന്യൂട്രൽ' യൂണിഫോം സൃഷ്ടിച്ച ചർച്ചകൾ ഇനിയും കെട്ടടങ്ങിയിട്ടില്ല. കഴിഞ്ഞ കുറച്ച് മാസങ്ങൾക്കുള്ളിൽ ഗവണ്മെന്റിന്റെ പല ഇടപെടലുകളും 'ജെൻഡർ' വിഷയത്തിലുണ്ടായിട്ടുണ്ട്. കേരളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ റേഡിയോ ജോക്കിയും അവതാരകയുമായ അനന്യ കുമാരി അലക്സിന്റെ സ്ഥാപനവത്കൃത കൊലപാതകം ആരോഗ്യമേഖലയിൽ ക്വിയർ മനുഷ്യർ അനുഭവിക്കുന്ന വിവേചനങ്ങളെക്കുറിച്ചുള്ള വലിയ തരത്തിലുള്ള ചർച്ചയെ രൂപപ്പെടുത്തുകയുണ്ടായി. കഴിഞ്ഞ മാസങ്ങളിൽ അനന്യ ലിംഗമാറ്റ ശ

സ്ത്രക്രിയ നടത്തിയ കൊച്ചിയിലെ സ്വകാര്യ ആശുപത്രിക്കെതിരെ അന്വേഷണത്തിന് സർക്കാർ ഉത്തരവിടുകയും ചെയ്തിരുന്നു. പ്രീ-പ്രൈമറി തലം മുതലുള്ള പാഠപുസ്തകങ്ങൾ ജെൻഡർ ഓഡിറ്റിങ്ങിന് വിധേയമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. ഈ ശ്രമങ്ങളും 'ജെൻഡർ'വിഷയമെന്നാൽ 'സ്ത്രീകളെ സംബന്ധിച്ചത്' എന്ന പരിമിതമായ നിർവചനത്തിലേക്ക് ചുരുങ്ങിപ്പോകുമോ, ക്വിയർ ഇൻക്ലൂസീവായ ഒരു സമീപനം സ്വീകരിക്കപ്പെടുമോ എന്ന ചോദ്യങ്ങൾ സ്വാഭാവികമായും കേരളത്തിലെ ക്വിയർ വ്യക്തികൾക്കുണ്ടായിരുന്നു. ഇതിന്റെയെല്ലാം തുടർച്ചയിലാണ്, വളയൻചിറങ്ങര എൽ.പി. സ്കൂളും ബാലുശ്ശേരി ഗവണ്മെന്റ് സ്കൂളും 'ജെൻഡർ ന്യൂട്രൽ' യൂണിഫോമിന്റെ പേരിൽ ചർച്ചയാകുന്നത്. പല തരത്തിലുള്ള അഭിപ്രായങ്ങൾ ഈ വിഷയത്തെപ്പറ്റി നാനാതുറകളിൽ നിന്നുയർന്നുകേട്ടു. പക്ഷേ, നമ്മുടെ ക്ലാസ് മുറികളും പാഠ്യപദ്ധതികളും സ്കൂൾ കെട്ടിടവുമെല്ലാം ജെൻഡേർഡാണെന്നിരിക്കെ 'ജെൻഡർ ന്യൂട്രലെന്ന' ലേബലിൽ സംഭവിക്കുന്ന ഇത്തരം പ്രതിവിപ്ലവങ്ങളിലൂടെ മാത്രം ക്ലാസ് മുറികളെ ഇൻക്ലൂസീവാക്കാനാകുമെന്ന് കരുതുന്നത് ശരിയല്ല, അത്രയ്ക്ക് പഴഞ്ചൻ ഇടമാണത്. മുടി വളർത്തിയ, കാതു കുത്തിയ, കണ്ണെഴുതിയ ആൺകുട്ടിയെ ഉൾക്കൊള്ളാൻ പറ്റാത്ത അധ്യാപകരെ ഞാൻ ഇപ്പോഴും എന്റെ ബി.എഡ്. ക്ലാസ്മുറിയിൽ വരെ കാണുന്നുണ്ട്. അവരെന്നെ ഇപ്പോഴും പരസ്യമായി കളിയാക്കുന്നുണ്ട്. ഇതിന്റെയെല്ലാം നടുവിൽ കാലും നീട്ടിയിരുന്നാണ് നമ്മളീ 'ജെൻഡർ ന്യൂട്രൽ' ചർച്ചയിൽ ഘോര ഘോരം പ്രസംഗിക്കുന്നത്, അതിലൊരു പന്തികേടുണ്ട്.

നമ്മളുടെ സ്കൂളുകൾ 'ജെൻഡർ ന്യൂട്രൽ' യൂണിഫോമിട്ട വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ പര്യാപ്തമാണോയെന്ന ചോദ്യമാണ് എന്റെ മനസ്സിലുള്ളത്. ജെൻഡർ ന്യൂട്രൽ യൂണിഫോമിട്ട കുട്ടികൾ ഏത് ക്ലാസ് മുറിയിലേക്കാണ് കേറിച്ചെല്ലുന്നത്? ഏത് തരത്തിലുള്ള അധ്യാപകരാണ് അവരെ



പഠിപ്പിക്കുന്നത്? - തുടങ്ങിയ നൂറു കൂട്ടം ആശങ്കകളുണ്ടുള്ളിൽ. സ്കൂളുകളിലേക്ക് പോകേണ്ട,കേരളത്തിലെ ബി.എഡ്.കോളേജുകളിലേക്ക് ഒന്നെത്തി നോക്കിയാൽ കാര്യങ്ങൾക്ക് കുറേക്കൂടി വ്യക്തത കിട്ടും. അധ്യാപകവിദ്യാർത്ഥികളെ ഏത് വിധത്തിലാണ് ഈ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നതെന്നറിഞ്ഞാൽ ചിലപ്പോഴെങ്കിലും ഞെട്ടലുണ്ടായേക്കും. പല സ്ഥാപനങ്ങളിലും പെൺകുട്ടികൾക്ക് സാരി നിർബന്ധമാണ്. ഗർഭിണികളായ

വിദ്യാർത്ഥികളോട് യാതൊരു ദയയുമില്ലാതെ 'കോഴ്സ് നിർത്തിപ്പോകൂ' എന്ന് നിർബന്ധിക്കുന്നവരുണ്ട് അവിടെ. ഷാളിടാതെ ക്ലാസിൽ വരരുതെന്ന അലിഖിത നിയമമുണ്ട്. ഈ നിയമത്തെ ചെറിയ തോതിലെങ്കിലും ചോദ്യം ചെയ്യുന്ന വിദ്യാർത്ഥികളെ പരസ്യമായി നാണം കെടുത്താനും അധ്യാപകർ മടിക്കാറില്ല. 'അധ്യാപികമാർക്ക് സാരി നിർബന്ധമല്ല' എന്ന ഉത്തരവ് വന്നപ്പോൾ ബോധം കെട്ടുപോയ അധ്യാപകരുണ്ടവിടെ. നാളെ മുതൽ ടീച്ചർമാർ ബിക്കിനിയിട്ടാകും സ്കൂളിലെത്തുകയെന്ന് ന്യായമായും അവർ പേടിച്ചിട്ടുണ്ടാകും.




***വ്യക്തിപരമായത് രാഷ്ട്രീയമാകുമ്പോൾ***

ഒരു ഗവ.ബി.എഡ്.കോളേജിലാണ് ഞാൻ പഠിക്കുന്നത്. ജെൻഡർ ന്യൂട്രൽ ചർച്ചകൾ ഒരു വശത്ത് ആഘോഷിക്കപ്പെടുമ്പോഴാണ് കോളേജിലെ ഒരു കൂട്ടം അധ്യാപകരിൽ നിന്നും വസ്ത്രധാരണത്തിന്റെയും ക്വിയർ ഐഡന്റിറ്റിയുടെയും പേരിൽ വലിയ തോതിലുള്ള സദാചാര അതിക്രമങ്ങൾ എനിക്ക് നേരിടേണ്ടിവന്നത്. ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിലാണ് ഇതെല്ലാം സംഭവിക്കുന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കണം.

ആദ്യ സെമസ്റ്ററുകൾ മുതൽ ക്ലാസ് മുറിയിൽ വലിയ വീർപ്പുമുട്ടലുകളാണ് അനുഭവിക്കേണ്ടിവന്നിട്ടുള്ളത്. ഞാൻ മുടി വളർത്തിയതിനെ കളിയാക്കി ക്ലാസിൽ സംസാരിച്ച ഒരു അധ്യാപികയെ ഓർക്കുന്നു. ക്ലാസ്? മുറിയിൽ അങ്ങേയറ്റം മനുഷ്യത്വവിരുദ്ധമായ പരാമർശങ്ങൾ നടത്തിയിരുന്ന അധ്യാപകരുണ്ട്. സ്വവർഗ്ഗലൈംഗികതയും ജെൻഡർ വൈവിധ്യങ്ങളുമെല്ലാം മാനസിക രോഗമാണെന്നാണ് അവർ നിരന്തരം പറഞ്ഞിരുന്നത്. ഈ ക്ലാസ് മുറിയിൽനിന്ന് ഞാനും എന്റെ സുഹൃത്തും ഇറങ്ങിയോടിയിട്ടുണ്ട്. പിന്നീട് ഈ ക്ലാസുകളിൽ കയറാതെ കോളജ് ലൈബ്രറിയിൽ പോയിരുന്നാണ് ഞങ്ങൾ പഠിച്ചിരുന്നത്. കഴിഞ്ഞ ദിവസം ഇതെല്ലാം സൂചിപ്പിച്ച് ഒരു പരാതി നൽകിയപ്പോൾ പ്രിൻസിപ്പൽ ഇതിനെയെല്ലാം വളരെ നിസാരമായി തള്ളിക്കളയുകയാണുണ്ടായത്. 'ക്ലാസ് മുറിയിൽ അങ്ങനെ സിലബസിലില്ലാത്ത പലതും അധ്യാപകർ പറയും' എന്ന അദ്ദേഹത്തിന്റെ മറുപടി എന്നെ വല്ലാതെ ഞെട്ടിച്ചുകളഞ്ഞു.

എന്റെ വസ്ത്രധാരണവും കോളേജിലെ അധ്യാപകരെ ചൊടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി പരസ്യമായി തന്നെ അധ്യാപകരുടെ മോറൽ പൊലീസിങ് എനിക്ക് നേരിടേണ്ടിവന്നു. ഒരു അധ്യാപ

കൻ വിദ്യാർഥികളുടെ മുന്നിൽ വെച്ച് എന്നെ അധിക്ഷേപിച്ചു; 'നിന്റെ തുണിയാരാടാ ഊരിയത്, മര്യാദയ്ക്ക് നാളെ തുണി ഉടുത്ത് വരണം' എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിനെ തുടർന്ന് അടുത്ത ദിവസങ്ങളിൽ കോളേജ് പ്രിൻസിപ്പലുമായി സംസാരിച്ചെങ്കിലും കോളേജിൽ യാതൊരു പ്രശ്നവുമില്ല എന്ന മട്ടിൽ ഏകപക്ഷീയമായാണ് സംസാരിച്ചിരുന്നത്. 'വാ വിട്ട വാക്കും കൈ വിട്ട ആയുധവും തിരിച്ചെടുക്കാനാവില്ലല്ലോ. ഇനി പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ അധ്യാപകരോട്



സൂചിപ്പിക്കാം' എന്നും അദ്ദേഹം പറഞ്ഞു. മുക്കാൽ മണിക്കൂറോളം ആ ചർച്ച നീണ്ടു. പ്രശ്നങ്ങളെല്ലാം കോളജിനുള്ളിൽ തന്നെ പരിഹരിക്കാമെന്ന് പ്രിൻസിപ്പൽ ഉറപ്പ് നൽകുകയും പുറമേക്ക് പരാതി നൽകരുതെന്ന് പറയുകയും ചെയ്തിരുന്നു. പിറ്റേന്ന് രാവിലെ നടന്ന ഒരു പൊതുപരിപാടിയിൽ വെച്ച് പരസ്യമായി വീണ്ടും ഞാൻ അധിക്ഷേപിക്കപ്പെടുകയും അധ്യാപകർ അത് നോക്കിനിൽക്കുകയും ചെയ്തു. ഇത് എന്നെ മാനസികമായി വളരെ തളർത്തി. അന്ന് വൈകിട്ടാണ് ഞാൻ ഫേസ്ബുക്കിൽ ഒരു പോസ്റ്റ് എഴുതിയിടുന്നത്. അധ്യാപകരുടെയും കോളജിന്റെയും പേരൊന്നും സൂചിപ്പിക്കാതെയാണ് ആ പോസ്റ്റിട്ടത്. തുടർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രശ്നത്തിൽ ഇടപെടുകയും രമ്യമായി പ്രശ്നം പരിഹരിക്കാമെന്ന തീരുമാനത്തിലേക്ക്എത്തുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് അന്ന് നൽകിയ പരാതിയിൽ ഞാൻ എല്ലാ ബി.എഡ്. കോളേജുകളിലും പൊതുവിൽ വിദ്യാർഥികൾ നേരിടുന്ന പ്രശ്നമെന്ന നിലയിലാണ് വിഷയത്തെ അവതരിപ്പിച്ചിരുന്നത്. വ്യക്തികളുടെ പ്രശ്നമായി ഇതിനെയൊന്നും ചുരുക്കിക്കാണാത്തതിനാൽ പരാതിയിൽ അധ്യാപകരുടെ പേരുകളും പരാമർശിച്ചിരുന്നില്ല.

ഇതിനുശേഷവും അധ്യാപകർ എനിക്കെതിരെ പല പ്രതികാര നടപടികളും സ്വീകരിച്ചിരുന്നു. ഒരു അധ്യാപകൻ അങ്ങേയറ്റം മോശമായി എന്നെപ്പറ്റി മറ്റ് വിദ്യാർഥികളോട് സംസാരിക്കുകയുമുണ്ടായി. 'ആ വൃത്തികെട്ടവൻ കാരണം കോളജിന്റെ പേര് നശിച്ചു. അവന്റെ പണി ചെറ്റത്തരം എഴുതിയിടലല്ലേ' തുടങ്ങി വളരെ മോശമായാണ് അദ്ദേഹം സംസാരിച്ചത്. കോളജിലുണ്ടായ പ്രശ്നങ്ങൾ ഇത്ര ചർച്ചയായിട്ടും വീണ്ടും വീണ്ടും ഇത്ര ഗുരുതരമായ വീഴ്ചകൾ ഇവരുടെ ഭാഗത്ത് നിന്നുണ്ടാകുന്നത് എങ്ങനെയാണ്? എങ്ങനെയാണ് എന്റെ സ്വസ്ഥമായ വിദ്യാഭ്യാസ അന്തരീക്ഷവും സ്വകാര്യതയുമെല്ലാം നശിപ്പിക്കാൻ ഇവർക്കാകുന്നത്?

***ആദ്യം അധ്യാപകരെ മനുഷ്യരാക്കണം***

വല്ലാത്ത ഫ്യൂഡൽ ബോധമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മിക്ക അധ്യാപകർക്കുമുള്ളത്. ഒരാൾക്ക് വേണ്ടി ലോകം മാറണോ-എന്നാണ് അവർ ചോദിക്കുന്നത്. എന്നെപ്പോലെയുള്ള മനുഷ്യ

രൊന്നും പഠിക്കേണ്ടതില്ലെന്ന ധാർഷ്ട്യമാണ് അവർക്ക്. മാത്രമല്ല,അധ്യാപനത്തെ മുൻനിർത്തിയുള്ള പലേ സ്റ്റീരിയോടൈപ്പുകളും ഭീകരമായ വിധത്തിൽ ഇവിടെ വേരോടിയിരിപ്പുണ്ട്. അധ്യാപനം ദൈവവൃത്തിയാണത്രെ,അധ്യാപകൻ ദൈവവും. ഈ കെട്ട വ്യവസ്ഥയെ മൊത്തത്തിൽ ചുമക്കുന്ന പണിയാണ് അവരെടുക്കേണ്ടത്. വിദ്യാർത്ഥികളുടെ മുടിയും തുണിയുമൊക്കെയാണ് അധ്യാപകരുടെ പ്രധാന വിഷയം.

ഒരു ക്വിയർ വ്യക്തിയെ സംബന്ധിച്ചിടത്തോളം ഈ ഗ്ലോറിഫിക്കേഷനെ ചോദ്യം ചെയ്യാതെ ഒരു തരത്തിലും ഇത്തരം ഇടങ്ങളിലേക്ക് കേറിയിരിക്കാനാകില്ല. കേരളത്തിൽ അനീറഫാത്തിമയെ പോലൊരു ട്രാൻസ് സ്ത്രീയ്ക്ക് ജോലി ചെയ്യാനാകാതെ ദയാഹർജി കൊടുക്കേണ്ട സ്ഥിതി പോലും വന്നിട്ടുണ്ട്. സ്കൂളുകൾ ഞങ്ങളുടെ നേരെ മുഖം തിരിക്കുന്നു. എല്ലാവിധ ക്വാളിഫിക്കേഷനും ഉണ്ടായിട്ടും ഒരു ട്രാൻസ് സ്ത്രീയായതിന്റെ പേരിൽ അവർക്ക് അധ്യാപികയായി ജോലി ചെയ്യാൻ കഴിയുന്നില്ല. ഇതേ പ്രശ്നമാണ് ഭാവിയിൽ ഞങ്ങളും നേരിടാൻ പോകുന്നത്. അധ്യാപകരെ സെക്ഷ്വാലിറ്റിയുടെ പേരിൽ പിരിച്ചുവിട്ട സംഭവങ്ങളുണ്ടായിട്ടുണ്ട്. അലിഗഢ് യൂണിവേഴ്സിറ്റിയിൽ പ്രഫസറായിരുന്ന രാമചന്ദ്രസിറസിന് ലൈംഗികതയുടെ പേരിൽ ആത്മഹത്യ ചെയ്യേണ്ടിവന്നു. ഹെട്രോസെക്ഷ്വലായ മനുഷ്യർക്ക് ചുറ്റിലും നിരവധി മാതൃകകളുണ്ട്. ഡോക്ടറായും എഞ്ചിനീയറായും ടീച്ചറായും ചുറ്റിലും അവർക്ക് ആളുകളുണ്ട്. ക്വിയർ മനുഷ്യർക്കങ്ങനെ മാതൃകയാക്കാൻ പോലും മനുഷ്യരില്ല. ഉള്ളതാകട്ടെ കൊല്ലപ്പെട്ട,ആത്മഹത്യ ചെയ്ത, ജോലി നഷ്ടമായ, ഈ സിസ്റ്റത്തിൽ നിന്ന് പുറംതള്ളപ്പെട്ട മനുഷ്യരാണ്.




'അധ്യാപകൻ/അധ്യാപിക' എന്ന റോളിനെപ്പറ്റി നമ്മൾ തയ്യാറാക്കി വെച്ചിരിക്കുന്ന പല തരം സ്റ്റീരിയോടൈപ്പുകളുണ്ട്. അങ്ങേയറ്റം ഡിഹ്യുമനൈസ് ചെയ്യപ്പെട്ട ഒരു വിഭാഗമാണ് അധ്യാപകരെന്ന് പറയാം. അധ്യാപകർ മനുഷ്യരല്ല, അവരുടെ തലയ്ക്ക് ചുറ്റും വെള്ളിവെളിച്ചമുണ്ടെന്നാണ് കരുതപ്പെടുന്നത്. അതുകൊണ്ട്, നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ രക്ഷിക്കാൻ അധ്യാപകരെ ആദ്യം മനുഷ്യരാക്കേണ്ടതുണ്ട്. ക്ലാസ്സെടുക്കുന്നതിൽ കവിഞ്ഞ് വിദ്യാർത്ഥികളുടെ മുടി വളർന്നിട്ടുണ്ടോ, ഷാളിട്ടിട്ടുണ്ടോ, കാല് മൂടിയിട്ടുണ്ടോ തുടങ്ങിയ ആശങ്കകളുള്ള അധ്യാപകരാണേറെയും. മറ്റൊരു ജോലിയ്ക്കും ഇല്ലാത്ത എന്തോ ഒരു അധികമൂല്യം ഈ പണിയ്ക്കുണ്ടെന്ന നരേറ്റീവാണ് ബി.എഡ്.കോളേജുകളിൽ മരുന്ന് പോലെ നൽകികൊണ്ടിരിക്കുന്നത്. അധ്യാപനത്തെ ചുറ്റിപ്പറ്റിയുള്ള ഈ തരത്തിലുള്ള ഗ്ലോറിഫിക്കേഷനെ പലപ്പോഴായി ക്ലാസ്സ്മുറിയിൽ തന്നെ ഞാൻ ചോദ്യം ചെയ്തിട്ടുണ്ട്. അത്തരം ചോദ്യങ്ങളെയും വിമർശനങ്ങളെയും ഗുണപരമായി മനസ്സിലാക്കാനുള്ള

സന്നദ്ധതയൊന്നും ക്ലാസ്മുറികൾക്കുണ്ടാകാറില്ല. വാ മൂടിക്കെട്ടി എല്ലാറ്റിനും തലയാട്ടുന്ന വിദ്യാർത്ഥികളെയാണ് അവർക്ക് ആവശ്യം. ക്ലാസ്സ്മുറിയിൽ അധ്യാപകർ എന്ത് പറഞ്ഞാലും തിരിച്ചൊന്നും പറയാതെ പാവ പോലിരിക്കാൻ കുട്ടികളും മായ സമരങ്ങളും ദീർഘകാലം നീണ്ടുനിൽക്കുന്ന ആലോചനകളും സംഘാടനങ്ങളും നമുക്ക് ആവശ്യമാണ്. കുറുക്കുവഴികളിലൂടെ നേടുന്നതൊന്നും ശാശ്വതമല്ലെന്ന തിരിച്ചറിവ് പ്രധാനവുമാണ്. സോഷ്യൽ മീഡിയയിലെ പൊളിറ്റിക്കലി കറക്റ്റഡ് മ



ശ്രദ്ധിക്കുന്നു. ഇരുപത് വയസ്സ് മുതൽ മുപ്പത് കഴിഞ്ഞ ആളുകൾ വരെ ഞാനിരിക്കുന്ന ക്ലാസ്സ് മുറിയിൽ വിദ്യാർത്ഥികളായി ഇരിപ്പുണ്ട്. കോളേജിൽ എനിക്ക് ഒരു പ്രശ്നം നേരിട്ടപ്പോൾ പരസ്യമായി എനിക്കൊപ്പം നിൽക്കാനോ, പ്രതികരിക്കാനോ ചുരുക്കം ചിലരാണുണ്ടായിരുന്നത്. ഇന്റേണൽ മാർക്കിനെയും മറ്റും പേടിച്ച് മിണ്ടാതിരുന്നവരാണേറെയും. അവരെ കുറ്റം പറയാനൊന്നും പറ്റില്ല. അത്തരം വിദ്യാർത്ഥികളെയാണ് നമ്മുടെ സിസ്റ്റത്തിന് വേണ്ടത്.

സോഷ്യൽ മീഡിയയിൽ നടക്കുന്ന പൊളിറ്റിക്കൽ കറക്ട്നെസ്സ് കോലാഹലങ്ങൾ കേട്ട് കേരളം മാറിയെന്ന ഒരു നിഗമനത്തിൽ നമുക്ക് എളുപ്പം എത്തിച്ചേരാം. അത് താരതമ്യേന എളുപ്പമുള്ള പണിയുമാണ്. യാഥാർത്ഥ്യം ഈ പൊലിറ്റിക്കലി-കറക്റ്റഡ് സോഷ്യൽ മീഡിയ ഉണർവുകൾക്കും എത്രയോ ദൂരെയാണ്. സാമൂഹിക മാറ്റമാണ് നമ്മൾ ഭാവന ചെയ്യുന്നതെന്നിരിക്കെ സജീവ നുഷ്യരല്ല എന്റെ ചുറ്റിലുമുള്ളത്,അത്തരം മനുഷ്യർ എന്റെ പഞ്ചായത്തിൽ പോലുമില്ല. അതുകൊണ്ട്, കേരളം മാറിയെന്ന പറച്ചിൽ നമ്മളുടെ പൊളിറ്റിക്കൽ പൊട്ടൻഷ്യലിനെ അപ്പാടെ നിർവീര്യമാക്കിക്കളയുന്നതാണ്. ഇത്തരം കുറുക്കുവഴികൾ സാമൂഹികമാറ്റത്തെക്കുറിച്ചുള്ള തീർത്തും തെറ്റായ ഒരു ധാരണ രൂപപ്പെടുത്തിയെടുക്കാനെ ഉപകരിക്കുകയുള്ളൂ. അതുകൊണ്ട്, കേരളം മാറിയെന്ന് കള്ളം പറയരുത്. വളരെ ആഴത്തിൽ വേരോടിയിരിക്കുന്ന ഒരു വ്യവസ്ഥയോടാണ് കലഹമെന്നിരിക്കെ കുറുക്കുവഴികളിലൂടെയുള്ള വിമോചനം സാധ്യമേയല്ല.



തനൂജ ബാനു കെ.ടി.
എം.എ. മലയാളം
മൂന്നാം സെമസ്റ്റർ
കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്

# ഉന്നത വിദ്യാഭ്യാസവും ജെൻഡറും

അടിമുടി സാമൂഹിക സൃഷ്ടിയായ ലിംഗഭേദം അഥവ ജെൻഡർ, സമൂഹത്തിന്റെ മുഴുവൻ വ്യവഹാര മണ്ഡലങ്ങൾക്കകത്തും അതിഭീകരമായി തന്നെ നിലനിൽക്കുന്നുണ്ടെന്ന യാഥാർത്ഥ്യത്തിൽ നിന്നു വേണം ഉന്നത വിദ്യാഭ്യാസരംഗത്തെ ലിംഗനീതിയെക്കുറിച്ചു സംസാരിക്കാൻ. മനുഷ്യരെന്ന വൈവിധ്യത്തെ ആൺ-പെൺ ദ്വന്ദ്വങ്ങളിലേക്ക് ഒതുക്കാൻ നടന്നുകൊണ്ടിരിക്കുന്ന ആസൂത്രിതമായ അത്തരം ശ്രമങ്ങളിൽ നിന്നാണ് കേരളത്തിലെ വിദ്യാർത്ഥികൾക്ക് രണ്ടു നിരയിലിരുന്ന് പഠിക്കേണ്ടി വന്നതും പരസ്പരം തൊട്ടു പോയാലോ എന്ന് പേടിക്കേണ്ടി വന്നതും.

ശരീരത്തെ ആണെന്നും പെണ്ണെന്നും വക തിരിച്ചാണ് പുരുഷാധിപത്യം എക്കാലവും പ്രവർത്തിച്ചത്. അവിടെയാണ് ഒരു കൂട്ടം കപടസദാചാരവാദികൾ ആണും പെണ്ണും കൂടിയിരിക്കുന്നത് തടയാൻ ബസ്റ്റോപ്പിലെ ബെഞ്ച് വെട്ടിപ്പൊളിച്ചിട്ടപ്പോൾ 'അടുത്തിരുന്നാലല്ലേ മടിയിലിരുന്നാൽ പ്രശ്നമില്ലല്ലോ' എന്ന കുറുപ്പടിയോടെ തിരുവനന്തപുരം എൻജിനീയറിങ്ങ് കോളേജിലെ ഒരു പറ്റം വിദ്യാർത്ഥികൾ നടത്തിയ പ്രതിഷേധം ശ്രദ്ധേയമാവുന്നതും കേരളത്തിലെ ക്യാമ്പസുകളിൽ ഇനിയും ആണിനും പെണ്ണിനും തുല്യമാവാത്ത ഹോസ്റ്റൽ പ്രവേശന സമയത്തിനായി മെഡിക്കൽ വിദ്യാർത്ഥികൾ സമരം ചെയ്യുന്നതും. ഇവയെല്ലാം ഒരുപറ്റം മനുഷ്യരെ ലിംഗത്തിന്റെ പേരിൽ നൂറ്റാണ്ടുകളായി പൊതുമണ്ഡലത്തിൽ നിന്നും ഭ്രഷ്ട് കൽപ്പിക്കുന്ന മുഴുവൻ ശ്രമങ്ങൾക്കെതിരെയുമുള്ള സമര തുടർച്ചയായാണ് വായിക്കേണ്ടത്.

സദാചാരത്തിന്റെയും സാന്മാർഗികതയുടെയും കർതൃ സ്ഥാനം പുരുഷനാവുമ്പോൾ 'ഇൻക്ലൂഷൻ' എന്നത് നിഷേധിക്കപ്പെടുകയാണ്. കേവലം ആൺ-പെൺ എന്നതിനപ്പുറത്തേക്ക് ജെൻഡർ ഒരു സ്പെക്ട്രമാണെന്നും സകല വൈവിധ്യങ്ങളെയും ഉൾകൊള്ളേണ്ടതാണെന്നുമുള്ള തിരിച്ചറിവ് പലപ്പോഴും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവർക്കു പോലുമുണ്ടാകുന്നില്ല. അതിന്റെ ഭാഗമായാണ് കേരളത്തിലെ സർവകലാശാലകളിലും ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ അധ്യാപക പരിശീലന കേന്ദ്രങ്ങളിലും ക്വിയർ വിദ്യാർത്ഥികളനുഭവിക്കുന്ന പ്രശ്നങ്ങൾ പലതായി പുറത്തു വന്നുകൊണ്ടിരിക്കുന്നത്.

ജെൻഡർ ന്യൂട്രാലിറ്റിയെക്കുറിച്ചും സെക്സ് എജ്യൂക്കേഷനെ സംബന്ധിച്ചുമെല്ലാം വിപ്ലവകരമായ മാറ്റങ്ങൾ സ്കൂളുകളെ കേന്ദ്രീകരിച്ച് സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുമ്പോൾ തന്നെയാണ് അ

തിനു സമാന്തരമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആൺകുട്ടികൾ മുടി വളർത്തിയതിനും വിദ്യാർത്ഥികൾ ഇഷ്ടമുള്ള വസ്ത്രം ധരിക്കുന്നതിനും തങ്ങളുടെ ഐഡന്റിറ്റിയിൽ ജീവിക്കുന്നതിനും അധ്യാപകരുടെ ഭാഗത്തു നിന്നും വലിയ തോതിലുള്ള പീഢനങ്ങൾ അനുഭവിക്കേ



**ജെൻഡർ ന്യൂട്രാലിറ്റിയെക്കുറിച്ചും സെക്സ് എജ്യൂക്കേഷനെ സംബന്ധിച്ചുമെല്ലാം വിപ്ലവകരമായ മാറ്റങ്ങൾ സ്കൂളുകളെ കേന്ദ്രീകരിച്ച് സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുമ്പോൾ തന്നെയാണ് അതിനു സമാന്തരമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആൺകുട്ടികൾ മുടി വളർത്തിയതിനും വിദ്യാർത്ഥികൾ ഇഷ്ടമുള്ള വസ്ത്രം ധരിക്കുന്നതിനും തങ്ങളുടെ ഐഡന്റിറ്റിയിൽ ജീവിക്കുന്നതിനും അധ്യാപകരുടെ ഭാഗത്തു നിന്നും വലിയ തോതിലുള്ള പീഢനങ്ങൾ അനുഭവിക്കേണ്ടി വരുന്നതെന്ന വൈരുധ്യത്തെ മറച്ചുവെക്കാനാവില്ല.**

ണ്ടി വരുന്നതെന്ന വൈരുധ്യത്തെ മറച്ചുവെക്കാനാവില്ല. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്ന് ലിംഗപരമായ സവിശേഷതയാൽ ഒരു കുട്ടിയെ പോലും മാറ്റി നിർത്താൻ പാടില്ലെന്ന യുക്തിയെ അതിലംഘിക്കുന്നവരായി അധ്യാപകർ മാറുന്നു.

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 14 എല്ലാ തരത്തിലുമുള്ള സമത്വം വിഭാവനം ചെയ്യുമ്പോഴും ആർട്ടിക്കിൾ 15 മതം, ജാതി, ലിംഗം,വർണം,വർഗം,പ്രദേശം എന്നിവയുടെ പേരിൽ വിവേചനം അനുവദിക്കില്ലെന്ന് പറയുമ്പോഴും ഏറ്റവും ചുരുങ്ങിയത് കേരളത്തിലെ എത്ര കോളേജുകളിലാണ് ട്രാൻസ് ജെൻഡർ ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്ന് ഓർത്തു നോക്കേണ്ടത്. മനുഷ്യരുടെ ഏറ്റവുമടിസ്ഥാനമായ ആവശ്യമല്ലേ അത്? മനുഷ്യരുടെ സ്വകാര്യത അവരുടെ അവകാശമല്ലേ ? ഇത്ര ലാഘവത്തോടെയാണോ നമ്മൾ ജൻഡർ വിഷയങ്ങളെ സമീപിക്കേണ്ടത്? ക്വിയർ വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിച്ചും അ

വരുടെ വിദ്യാഭ്യാസവകാശങ്ങളെ നിഷേധിച്ചും പൊതുമണ്ഡലത്തിലേക്കുള്ള അവരുടെ തീർത്തും ശ്രമകരമായ പരിശ്രമങ്ങളെ നിരാകരിക്കുന്നത് ഇത്തരം ഇടങ്ങളൊന്നും ഈ മനുഷ്യർ ആക്സസ് ചെയ്യരുതെന്ന ഉദ്ദേശ്യത്തോടെയാണോ?

അങ്ങനെയെങ്കിൽ മനുഷ്യരുടെ ജീവിക്കാനും ഒന്നിച്ചിരിക്കാനും പഠിക്കാനുമുള്ള അവകാശങ്ങൾക്ക് നിങ്ങളെന്ത് മാനദണ്ഡം കൽപ്പിച്ചാലും അതംഗീകരിക്കാൻ കേരളത്തിലെ വിദ്യാർത്ഥി സമൂഹം തയ്യാറാവില്ല.

ഇവിടെ വേരൂന്നിയിരിക്കുന്ന അനീതിയുടെയും അസമത്വത്തിന്റെയുമെല്ലാം പ്രധാന കാരണങ്ങളിലൊന്നായി ജെൻഡർ അവബോധമില്ലായ്മയെ കാണുമ്പോൾ അത് കഴിഞ്ഞ കാല വിദ്യാഭ്യാസ പദ്ധതിയുടെ പരാജയത്തിലേക്കാണ് വിരൽച്ചൂണ്ടുന്നത്. ജൻഡർ അവബോധവും സെക്സ് എഡ്യൂക്കേഷനുമെല്ലാം നൽകാൻ തയ്യാറാവാതെ പോയ ഒരു ദീർഘകാലത്തിന്റെ അവശിഷ്ടമാവുമത്.



ഇത്തരം അജ്ഞതകളെ മറികടക്കാൻ ബോധപൂർവ്വമായ ഇടപെടലുകളാവശ്യമാണെന്നു തിരിച്ചറിഞ്ഞു കൊണ്ട് കേരള സർക്കാർ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ പ്രതീക്ഷാവഹമാണ്. ജെൻഡർ ന്യൂട്രൽ യൂണിഫോമുകൾക്കും മിക്സ്ഡ് സ്കൂളുകൾക്കുമപ്പുറത്ത് വിദ്യാർത്ഥികൾക്കുകൂടെ ഇടപെടാൻ ഇടമുള്ള പുതിയ പാഠ്യപദ്ധതി പരിഷ്കാരം കുറേക്കൂടെ ആഴത്തിൽ ഇത്തരം വിഷയങ്ങളെ ഉൾപ്പെടുത്താനും ശാസ്ത്രീയമായ അവബോധം നൽകാനും സഹായിക്കുന്നതാണ്. അതിലൂടെ മാത്രമേ ശാസ്ത്രാവബോധമുള്ള, സാമൂഹ്യാവബോധമുള്ള, വൈവിധ്യങ്ങളെയത്രയും ഉൾകൊള്ളാനാവുന്ന, ലിംഗ സമത്വമൊരലങ്കാരമല്ലെന്നും അതവകാശമാണെന്നും തിരിച്ചറിയുന്ന ഒരു തലമുറയെ ഉയർത്തികൊണ്ടുവരാനാവൂ.

ഇത്തരം ശ്രമങ്ങളുടെ തുടർച്ച ഉന്നത വിദ്യാഭ്യാസരംഗത്തുമുണ്ടാവേണ്ടതുണ്ട്. കേവലമായ ബോധവൽക്കരണങ്ങൾക്കും ഉപരിപ്ലവമായ ചർച്ചകൾക്കുമപ്പുറത്തേക്ക് ശാസ്ത്രീയമായി സമത്വത്തിന്റെ പാഠങ്ങൾ വിദ്യാർത്ഥികൾ പഠിക്കേണ്ടതുണ്ട്. സമാന്തരമായി തന്നെ നിലവിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടു ജോലി ചെയ്യുന്നവരെയും സർക്കാർ 'ഇൻക്ലൂഷൻ' എന്ന അവബോധത്തിലേക്കുയർത്താൻ തയ്യാറാവേണ്ടതുണ്ട്.

ചർച്ചാവിഷയം



ഡോ. ശാരദാ ദേവി വി.
ഡിസബിലിറ്റി സ്റ്റഡീസ് ഗവേഷക



# ഡിസേബിൾഡ് സ്ത്രീകളും ഉന്നത വിദ്യാഭ്യാസവും

ലോകത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളാണ് ഡിസബിലിറ്റികളുള്ള സ്ത്രീകളും ബൈനറി ഇതര ജൻഡർ സ്വത്വങ്ങളുള്ള ഡിസേബിൾഡ് വ്യക്തികളും. യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (യുഎൻഡിപി) അനുസരിച്ച് ഡിസബിലിറ്റികളുള്ള വ്യക്തികളിൽ എൺപത് ശതമാനം ജീവിക്കുന്നത് വികസ്വര രാജ്യങ്ങളിലാണ്. ഈ ലേഖനം ഉന്നതവിദ്യാഭ്യാസ രംഗത്ത് ഡിസേബിൾഡ് സ്ത്രീകൾക്കു നേരിടേണ്ടിവരുന്ന പ്രശ്നങ്ങളാണ് ചുരുക്കത്തിൽ ചർച്ച ചെയ്യാൻ ശ്രമിക്കുന്നത്. ബൈനറി ഇതര ജൻഡറുകളിൽപ്പെട്ട ഡിസേബിൾഡ് വ്യക്തികളുടെ പ്രശ്നങ്ങൾ പ്രത്യേകം ചർച്ച ചെയ്യപ്പെടേണ്ടതാണ്.

ഡിസബിലിറ്റികളുള്ള സ്ത്രീകൾ ജൻഡറിന്റെയും ഡിസബിലിറ്റിയുടെയും അടിസ്ഥാനത്തിൽ ഇരട്ട വിവേചനമാണ് അനുഭവിക്കുന്നത്. ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ സാമൂഹിക നിലയിൽ വ്യക്തിഗത സാഹചര്യങ്ങൾക്കും അവർ താമസിക്കുന്ന സമൂഹത്തിനും അനുസരിച്ച് വ്യത്യാസങ്ങളുണ്ടാകും. ഡിസബിലിറ്റികളുള്ള സ്ത്രീകൾക്ക് വിദ്യാഭ്യാസം ഒരു പ്രധാന വെല്ലുവിളിയായി തുടരുന്നു. 2011ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ഡിസേബിൾഡ് ജനതയുടെ 44 ശതമാനം സ്ത്രീകളാണ്. ഇന്ത്യയിൽ യാഥാസ്ഥിതിക പാരമ്പര്യങ്ങളും, ലിംഗ അസമത്വവും, മിഥ്യകളും, അവബോധമില്ലായ്മയും, സ്ത്രീകളെ പരാധീനതയുടെ കൊടുമുടികളിലേക്ക് തള്ളിവിടുകയും സാമൂഹികവും സാമ്പത്തികവും ആരോഗ്യവും രാഷ്ട്രീയവുമായ അവരുടെ അവസരങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്നു. നിലവിലുള്ള ലിംഗപരമായ അസമത്വങ്ങൾക്കൊപ്പം ഡിസബിലിറ്റികളുള്ള സ്ത്രീകൾ ഇരട്ട

വിവേചനത്തിനു വിധേയരാക്കപ്പെടുന്നു.

വിദ്യാഭ്യാസ മേഖല ഉൾപ്പെടെ പല മേഖലകളിൽ ഡിസേബിൾഡ് വ്യക്തികൾക്ക് ലഭിക്കേണ്ട സൗകര്യങ്ങളുടെ അഭാവമുണ്ട്. സംയോജിതവിദ്യാഭ്യാസത്തിന്റെ അഭാവം മൂന്ന് പ്രാഥമിക കാരണങ്ങളാൽ സംഭവിക്കുന്നുണ്ട്, വൈകല്യങ്ങൾ ഉള്ള കുട്ടികൾക്ക് പ്രവേശനം നൽകാൻ സ്കൂളുകൾ വിമുഖത കാണിക്കുന്നു. രണ്ടാമതായി, രാജ്യത്ത് നിലവിലുള്ള ഗ്രാമീണ-നഗര അസമത്വം. മൂന്നാമതായി, പ്രത്യേക ആവശ്യങ്ങൾ ഉള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് ശരിയായ പരിശീലനം നേടിയ ജീവനക്കാരുടെ അഭാവം. സ്കൂളിലേക്കുള്ള ദൂരം പല പെൺകുട്ടികൾക്കും ഒരു വിദ്യാഭ്യാസ തടസ്സം സൃഷ്ടിക്കുന്നുണ്ട്. സാംസ്കാരികമായി സ്ത്രീകളും പെൺകുട്ടികളും ഒറ്റക്ക് സഞ്ചരിക്കുന്നതിനുള്ള വിലക്കും സുരക്ഷാപ്രശ്നങ്ങളും ഇതിനു കാരണങ്ങളാണ്. പെൺകുട്ടികൾക്ക്, അത്തരം തടസ്സങ്ങൾ തീവ്രമാകുന്നു. സ്കൂൾ വിദ്യാഭാസം പൂർത്തിയാക്കുന്ന ഡിസേബിൾഡ് പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണ്. അപ്പോൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഡിസേബിൾഡ് സ്ത്രീ പ്രാതിനിധ്യം എത്രത്തോളം ഉണ്ടാകും എന്ന് ഊഹിക്കാവുന്നതേയുള്ളു. കെട്ടിടങ്ങളുടെ അപ്രാപ്യത (കോണിപ്പടികൾ, ഇടുങ്ങിയ ഇടനാഴികൾ, അപ്രാപ്യമായ ഡെസ്കുകളും ഉപകരണങ്ങളും, അപ്രാപ്യമായ ടോയ്‌ലറ്റുകൾ ഉൾപ്പടെ) ചലനപരിമിതികളുള്ള പെൺകുട്ടികൾക്ക് പലപ്പോഴും പ്രധാന തടസ്സങ്ങളാണ്. മാസങ്ങൾക്ക് മുമ്പ് എറണാകുളം മഹാരാജാസ് കോളേജിലെ ഒന്നാം വർഷ മലയാളം ബിരുദ വിദ്യാർത്ഥിനിയായ വീൽചെയർ ഉപയോഗിക്കുന്ന ശാദിയ എന്ന പെൺകുട്ടിയെ ഒരു രണ്ടാം വർഷ വിദ്യാർത്ഥി പൊക്കിയെടുത്തു മുകൾ നിലയിൽ എത്തിക്കുന്നത് വാർത്തയായത്. ഓരോ വൈകല്യത്തിനും അനുസരിച്ച് ആവശ്യമുള്ള സംവിധാനങ്ങളിലും സൗകര്യങ്ങളിലും വ്യത്യാസങ്ങളുണ്ടാകും. ഡിസേബിൾഡ് വിദ്യാർത്ഥികൾക്ക്, പ്രത്യേകിച്ച് പെൺകുട്ടികൾക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ഒരു പ്രധാന തടസ്സമായി തുടരുന്നു. കെട്ടിടങ്ങളിൽ സാർവത്രിക



രൂപകല്പനയുടെ വ്യവസ്ഥകൾ നടപ്പിലാക്കുകയും ഗതാഗത സൗകര്യങ്ങൾ നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പ്രത്യേക സംവിധാനങ്ങളോട് കൂടിയതും വൃത്തിയുള്ളതുമായ ടോയ്‌ലറ്റുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

നിയമനിർമ്മാണം നടത്തുകയും കർമ്മ പദ്ധതികൾ പ്രഖ്യാപിക്കുകയും ചെയ്യുക എന്നതിലുപരി സർക്കാർ കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സ്ഥാപിക്കണം. സംയോജിത വിദ്യാഭ്യാസ പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ കാര്യക്ഷമമാക്കുന്നതിന് വിവിധ ഭരണ യൂണിറ്റുകൾക്കിടയിൽ കൂടുതൽ ശ്രദ്ധാപൂർവ്വമായ സഹകരണം ആവശ്യമാണ്. ഈ വിഷയത്തിൽ ചർച്ച ചെയ്തു പരിഹാരങ്ങൾ തേടേണ്ടതായി പല പ്രശ്നങ്ങൾ ഇനിയുമുണ്ട്.



**ഡോ. ഷേബ സൂസൻ ജോൺസ്**
അസിസ്റ്റന്റ് പ്രൊഫസർ (കോമേഴ്സ്)
സി എച്ച് എം കെ എം ഗവ: ആർട്സ് &
സയൻസ് കോളേജ് കൊടുവള്ളി
കോഴിക്കോട്

# ജെൻഡർ ഇക്വിറ്റി സെൽ :
# കാലം ആവശ്യപ്പെടുന്ന ഇടപെടൽ



മനുഷ്യന്റെ സാംസ്കാരികമായ ഉയർച്ചക്കും, സാമൂഹികമായ വളർച്ചക്കും, ഭൗതികപരമായ മുന്നേറ്റത്തിനും, മാറ്റങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന കലാലയങ്ങൾ ആവശ്യമാണ്. കൃത്യമായ അധ്യാപക-വിദ്യാർത്ഥി ഇടപെടലുകളാണ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ചലനാത്മകമായി നിലനിർത്തുന്നത്. കലാലയങ്ങളെ ജീവസ്സുറ്റതാക്കുന്നതിനും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും നിരവധി പദ്ധതികൾ ദേശീയതലത്തിലും സംസ്ഥാനതലത്തിലും നടപ്പിലാക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കാലങ്ങളായി നിലനിൽക്കുന്ന ഒരു സംവിധാനമാണ് വിമൻ സെല്ലുകൾ. 2013 ലാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (കെ.എസ്.ഡബ്ലിയു.ഡി.സി) ഇത്തരം സെല്ലുകളുടെ മേൽനോട്ടവും നിയന്ത്രണവും ഏറ്റെടുക്കുന്നത്. സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ ആവശ്യകത വിദ്യാർത്ഥിനികൾ മനസ്സിലാക്കുക, അവരിൽ പ്രതികരണ ശേഷിയും സാമൂഹ്യപ്രതിബദ്ധതയും വളർത്തുക, സമൂഹ നിർമ്മിതിയുടെ നേതൃനിരയിലേക്ക് വിദ്യാർത്ഥിനികളെ എത്തിക്കുക തുടങ്ങിയവയായിരുന്നു വിമൻ സെല്ലുകളിലൂടെ കെ.എസ്.ഡബ്ലിയു.ഡി.സി ലക്ഷ്യമിട്ടത്.

പുതിയതായി ലഭിക്കുന്ന ഒരു അവസരത്തെ/സ്ഥാപനത്തെ എങ്ങനെ ഉപയോഗിക്കണമെന്ന് കാലപ്രവാഹത്തിൽ തൽപരകക്ഷികൾ തിരിച്ചറിയും. വിമൻ സെല്ലുകളുടെ കാര്യവും വിഭിന്നമല്ല. ആദ്യകാലങ്ങളിൽ വിദ്യാർത്ഥിനികൾക്ക് സ്വയം തിരിച്ചറിയാനുള്ള ഒരു വേദി മാത്രയായിട്ടാണ് ക്യാമ്പസുകളിൽ വിമൻ സെല്ലുകൾ പ്രവർത്തിച്ചിരുന്നത്. ചില ഇടങ്ങളിൽ എങ്കിലും വെറും പ്രതീകാത്മക സ്വഭാവം മാത്രമുള്ള പ്രവർത്തനക്ഷമമല്ലാത്ത ക്ലബ്ബുകളായി വിമൻ സെല്ലുകൾ ഒതുങ്ങിപ്പോയിട്ടുമുണ്ട്. വിമൻ സെല്ലുകളുടെ ലക്ഷ്യങ്ങൾ, ഇടപെടലുകൾ എന്നിവയിൽ കാലാനുസൃതമായ മാറ്റങ്ങൾ കാണുന്നുണ്ട്.

സമൂഹ മനസ്സാക്ഷിയെ നൂറ്റാണ്ടുകൾ പുറകോട്ട് എടുത്തെറിയുന്ന സംഭവങ്ങളും, അസ്വസ്ഥതകളും ആശങ്കകളും ഉണ്ടാക്കുന്ന ലിംഗപരമായ വിഷയങ്ങളും ദിനംപ്രതി വർദ്ധിച്ചുവരുന്നു. അതിനോടൊപ്പം, ലിംഗം അഥവാ ജെൻഡർ എന്നത് 'ബൈനറി' അല്ല മറിച്ച് ലിംഗ-ലൈംഗിക വൈവിധ്യ വ്യക്തികളും കൂടെ ഉൾപ്പെടുന്ന ഒരു 'സ്പെക്ട്രം' ആണെന്ന യാഥാർത്ഥ്യം പൊതുമണ്ഡലം അംഗീകരിച്ചു വരികയുമാണ്. ജെൻഡർ ബൈനറിയാണെന്ന ചിന്തയിൽ നിന്നും സ്പെക്ട്രമാണെന്ന ബോധ്യത്തിലേക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്യാമ്പസുകൾ ഒന്നടങ്കം എത്തിച്ചേരണം. ഈ സന്ദർഭത്തിൽ വിമൻ സെൽ എന്ന സ്ഥാപനത്തിന്റെ ഘടന മുതൽ പ്രസക്തി വരെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിമൻ സെല്ലുകൾ 'ജെൻഡർ ഇക്വിറ്റി സെല്ലുകൾ ആയി മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പേരിൽ മാത്രമല്ല, ഇത്തരം സെല്ലുകൾ എന്ത് അടിസ്ഥാനത്തിൽ നിലകൊള്ളുന്നു, എന്തിനുവേണ്ടി നടപ്പിലാക്കപ്പെടുന്നു എന്നീ കാര്യങ്ങൾ വരെ പൊളിച്ചെഴുതേണ്ടതുണ്ട്. കാലത്തിനൊപ്പം സഞ്ചരിക്കുന്ന ചില കലാലയങ്ങളിലെങ്കിലും വിമൻ സെല്ലുകൾ ജെൻഡർ ഇക്വിറ്റി സെല്ലുകളായി (ജി.ഇ.സി) പുനർനിർമ്മിക്കപ്പെട്ടിട്ടുണ്ട്.



ജെൻഡർ എന്നത് ഏറ്റവും സജീവമായി ആവിഷ്കരിക്കപ്പെടുന്ന ഇടമാണ് ക്യാമ്പസ്. സ്വന്തം ലിംഗതന്മ സംബന്ധിച്ചും, സ്വീകരിക്കേണ്ടതും തള്ളേണ്ടതുമായ ലിംഗബോധ്യങ്ങളുമായി ബന്ധപ്പെട്ടും, പല വിധത്തിലുള്ള സംശയങ്ങൾ കുട്ടികൾക്ക് ഉണ്ടാകാം. അതിലുമുപരി, അവർ ഭാഗമായിരിക്കുന്ന കുടുംബം, കൂട്ടുകെട്ടുകൾ, അവർ സമ്പർക്കം പുലർത്തുന്ന മാധ്യമങ്ങൾ എന്നിവ ചെലുത്തുന്ന ചെറുതും വലുതുമായ സ്വാധീനങ്ങൾ കുട്ടികളിൽ പല മാനങ്ങളിലുള്ള ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കാം. ഇത്തരം സാഹചര്യങ്ങളിൽ കുട്ടികൾക്ക് വ്യക്തമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകാൻ ജെൻഡർ ഇക്വിറ്റി സെല്ലുകൾ ആവശ്യമാണ്.

ആണധികാര ഘടനയിൽ ജനിച്ചു വളർന്ന, പുരുഷാധിപത്യ സമ്പ്രദായങ്ങൾ ശീലിച്ച കുട്ടികൾ അതിൽ നിന്നും പുറത്തുകടക്കാൻ തുടങ്ങുന്ന ഒരു സമയമാണിത്. പഠനത്തിനും ബഹിഷ്കരണത്തിനും (Learning and Unlearning) കുട്ടികളുടെ മനസ്സ് വഴങ്ങുന്ന ഈ സമയം ജി.ഇ.സികൾ പ്രയോജനപ്പെടുത്തിയാൽ, പുരുഷാധിപത്യ ചിട്ടകളോടുള്ള അവരുടെ മനോഭാവത്തിൽ മാറ്റം വരുത്താൻ കഴിയും. കുട്ടികൾ തന്നെ ചില 'രീതികൾ' ചോദ്യം ചെയ്ത്, ചില 'പതിവുകൾ' റദ്ദ് ചെയ്ത് പുതുക്കപ്പെടും.

ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിലെ ലിംഗനയം രൂപപ്പെടുത്തുന്നതിൽ ജെൻഡർ ഇക്വിറ്റി സെല്ലുകൾക്കും ഉത്തരവാദിത്വമുണ്ട്. ലിംഗനയം, ലിംഗസമത്വത്തിൽ ഊന്നിയാണ് രൂപപ്പെടുത്തുന്നതെന്നും , പുരോഗമനോന്മുഖമായ മൂല്യങ്ങളെയും, നിലനിൽക്കുന്ന നിയമസംവിധാനങ്ങളെയും, വ്യവസ്ഥകളെയും അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കപ്പെടുന്നതെന്നും ജി.ഇ.സികൾ ഉറപ്പുവരുത്തണം. വേഷത്തിന്റേയും, സമയത്തിന്റേയും കാര്യത്തിലുള്ള തുല്യസ്വാതന്ത്ര്യം മുതൽ അവസരങ്ങളുടെ തുല്യലഭ്യത വരെ എല്ലാ ലിംഗ വിഭാഗത്തിലുള്ള കുട്ടികൾക്കും, അധ്യാപക-അനധ്യാപക ജീവനക്കാർക്കും ലഭിക്കണം. ഏതെങ്കിലും രീതിയിലുള്ള വിവേചനമോ, (മനുഷ്യ)അവകാശ ലംഘനമോ സംഭവിക്കുകയാണെങ്കിൽ അതിനെ കൃത്യമായി ജി.ഇ.സികൾ അഭിമുഖീകരിക്കണം.

എല്ലാ ലിംഗ വിഭാഗത്തിൽ ഉള്ളവരും തുല്യരായി കണക്കാക്കപ്പെടണമെങ്കിൽ, മറ്റൊരു ലിംഗ വിഭാഗത്തിൽ ഉള്ളവരുടെ പ്രത്യേകതകളെ മനസ്സിലാക്കുന്നതിനോടൊപ്പം എല്ലാ ലിംഗതന്മയിലുള്ളവരും പങ്കിടുന്ന സമാനതകളിലേക്കും മനുഷ്യരുടെ കാഴ്ചകൾ തുറക്കണം. ഈ ആശയം ഉൾക്കൊള്ളുന്ന ലിംഗ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും സ്ഥാപനത്തിലെ എല്ലാ ലിംഗ വിഭാഗത്തിലുള്ളവരും അതിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമായ ചുമതല ജി.ഇ.സികൾക്കുണ്ട്. എല്ലാ ലിംഗതന്മകളിലും ഉൾച്ചേർന്നിരിക്കുന്ന അന്തസ്സിനെ പറ്റിയും ശരീരം-അതിക്രമങ്ങൾ-പ്രതിരോധ മാർഗങ്ങൾ-അതുമായി ബന്ധപ്പെട്ട നിയമങ്ങൾ എന്നിവയെക്കുറിച്ചും വ്യക്തമായ ബോധ്യങ്ങൾ ഇത്തരം പരിപാടികളിലൂടെ ഏ



**എല്ലാ ലിംഗ വിഭാഗത്തിൽ ഉള്ളവരും തുല്യരായി കണക്കാക്കപ്പെടണമെങ്കിൽ, മറ്റൊരു ലിംഗ വിഭാഗത്തിൽ ഉള്ളവരുടെ പ്രത്യേകതകളെ മനസ്സിലാക്കുന്നതിനോടൊപ്പം എല്ലാ ലിംഗതന്മയിലുള്ളവരും പങ്കിടുന്ന സമാനതകളിലേക്കും മനുഷ്യരുടെ കാഴ്ചകൾ തുറക്കണം. ഈ ആശയം ഉൾക്കൊള്ളുന്ന ലിംഗ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും സ്ഥാപനത്തിലെ എല്ലാ ലിംഗ വിഭാഗത്തിലുള്ളവരും അതിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമായ ചുമതല ജി.ഇ.സി കൾക്കുണ്ട്.**

വർക്കും ലഭിക്കണം.

തുറന്ന ചർച്ചകൾ ഉൾപ്പെടുന്ന ലിംഗ ബോധവൽക്കരണ പരിപാടികളിലൂടെയാണ് കുട്ടികളിലും ജീവനക്കാരിലും ലിംഗ അവബോധം വളരുന്നതും, ക്യാമ്പസുകളിൽ ലിംഗനീതി സാധ്യമാകുന്നതും. ഇവർ തിരികെ ചെന്ന് ഇടപെടുന്ന മേഖലകളിൽ എല്ലാം (കുടുംബം, കൂട്ടുകെട്ടുകൾ, സാമൂഹ്യ മാധ്യമങ്ങൾ) ഇതിന്റെ പ്രതിദ്ധ്വനികൾ ഉണ്ടാകും. ലിംഗനീതി സാധ്യമാകുമ്പോൾ അത്യന്തികമായി സാമൂഹ്യനീതിയും സാധ്യമാകുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വനിതാ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി ണ് നിർവചിച്ചിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമപരമായി രജിസ്റ്റർ ചെയ്യുന്ന ആൺ, പെൺ, ലൈംഗിക വൈവിധ്യവ്യക്തികൾ എന്നിവരെല്ലാം ഈ ചട്ടപ്രകാരം വിദ്യാർത്ഥികളാണ്. വനിതാ ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും എതിരെയുള്ള വിവേചനങ്ങും അതിക്രമങ്ങളും കൈകാര്യം ചെയ്യുന്നതിനായി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്റേണൽ കംപ്ലയിന്റ് സെല്ലുകൾ (ഐ.സി.സി) അഥവാ ആഭ്യന്തര പരാതി സെല്ലുകൾ രൂപവത്കരിക്കേണ്ടതുണ്ട്.

ജെൻഡർ ഇക്വിറ്റി സെല്ലിന്റെ മേൽനോട്ടത്തിൽ ആഭ്യന്തര പരാതി സെല്ലുകൾ മേൽപ്പറഞ്ഞ ചട്ടങ്ങളെ സംബന്ധിച്ചും ലൈംഗിക അതിക്രമങ്ങളെ



**വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമപരമായി രജിസ്റ്റർ ചെയ്യുന്ന ആൺ, പെൺ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരെല്ലാം ഈ ചട്ടപ്രകാരം വിദ്യാർത്ഥികളാണ്. വനിതാ ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും എതിരെയുള്ള വിവേചനങ്ങും അതിക്രമങ്ങളും കൈകാര്യം ചെയ്യുന്നതിനായി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്റേണൽ കംപ്ലയിന്റ് സെല്ലുകൾ (ഐ. സി. സി) അഥവാ ആഭ്യന്തര പരാതി സെല്ലുകൾ രൂപവത്കരിക്കേണ്ടതുണ്ട്.**

2015 ൽ യു.ജി.സി കൊണ്ടുവന്ന റെഗുലേഷനിൽ (University Grants Commission-Prevention, Prohibition and Redressal of Sexual Harassment of Women Employees and Students in Higher Educational Institutions-Regulations), 'വിദ്യാർത്ഥി' എന്ന പദത്തെ ജെൻഡർ ന്യൂട്രൽ ആയിട്ടാ ക്കുറിച്ചും വിദ്യാർഥികൾക്കും ജീവനക്കാർക്കും ശരിയായ അവബോധം നൽകണം. ലൈംഗിക അതിക്രമങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ജി.ഇ.സിയും ഐ.സി.സിയും ചേർന്ന് ഉചിതമായ നടപടികൾ കൈക്കൊള്ളണം. ആരോപണത്തെക്കുറിച്ചുള്ള വിശദമായ അന്വേഷണം, ആരോപണ വിധേ

യരുൾപ്പെടെയുള്ളവരെ കേൾക്കാനുള്ള സംവിധാനങ്ങൾ, ന്യായമായ വിചാരണ, അപ്പീലിനുള്ള അവസരം, ഉൾപ്പെട്ട വ്യക്തികൾക്കും, സാക്ഷികൾക്കും വേണ്ടുന്ന പിന്തുണ-സംരക്ഷണം, വേഗത്തിലുള്ള തക്കതായ പരിഹാരം, അല്ലെങ്കിൽ ശിക്ഷാ

(NEP), 2030 ആകുമ്പോഴേക്കും ഇന്ത്യയിലെ ജി.ഇ.ആർ അൻപതുശതമാനത്തിൽ എത്തിക്കണമെന്ന് പറയുമ്പോഴാണ് കേരളം ഉയർന്ന ഒരു ലക്ഷ്യത്തിലേക്ക് കണ്ണുവെക്കുന്നത്.

ഉന്നത വിദ്യാഭ്യാസത്തിനായി നിലവിൽ കേര



നടപടിക്കുള്ള ശുപാർശ തുടങ്ങിയവ സാധ്യമാക്കണം.

2019-20 ലെ ദേശീയ ഉന്നത വിദ്യാഭ്യാസ സർവ്വേ പ്രകാരം (All India Survey on Higher Education), കേരളത്തിൽ 18 നും 23 നും ഇടയിൽ പ്രായമുള്ളവരിൽ 38.8% പേരാണ് (11.38 ലക്ഷം പേർ) വിദ്യാർത്ഥികളായി എൻറോൾ ചെയ്തിരിക്കുന്നത്. ഇത് ദേശീയ ശരാശരിയായ ഇരുപത്തേഴുശതമാനത്തിന് ഏറെ മുകളിലാണെങ്കിലും അയൽ സംസ്ഥാനങ്ങളിലെ ജി.ഇ.ആറുമായി താരതമ്യം ചെയ്യുമ്പോൾ നന്നെ കുറവാണ് (തമിഴ്നാട് 51.4%). കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച ഡോ. ശ്യാം ബി മേനോൻ അധ്യക്ഷനായ ഏഴംഗസമിതി സർക്കാരിന് സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ, 2030 ആകുമ്പോഴേക്കും കേരളത്തിലെ ജി.ഇ.ആർ എഴുപത്തഞ്ചു ശതമാനത്തിൽ എത്തേണ്ടതുണ്ടെന്ന് പറയുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിൽ

ള സർക്കാർ ചിലവഴിക്കുന്ന തുക ഇനിയുള്ള വർഷങ്ങളിൽ ഓരോ വർഷവും പതിനാലുശതമാനം വീതം വർദ്ധിപ്പിച്ചാലാണ് കേരളത്തിന് 2030 ആകുമ്പോഴേക്കും എഴുപത്തഞ്ചുശതമാനം ജി.ഇ.ആർ എന്ന ലക്ഷ്യം കൈവരിക്കാനാവുക. ശരിയായ ആസൂത്രണവും നടത്തിപ്പും, സൂക്ഷ്മതയുള്ള ബജറ്റ് നിർവ്വഹണവും, ആവശ്യമുള്ള ധന-ധനേതര വിഭവ സമാഹരണവും, രാഷ്ട്രീയ-ഉദ്യോഗസ്ഥ ഇച്ഛാശക്തിയും, മികച്ച അധ്യാപകരും, ഉത്സാഹമുള്ള ജീവനക്കാരും ഉണ്ടെങ്കിൽ കേരളം അയൽ സംസ്ഥാനങ്ങളിൽ നിന്നു പോലും കുട്ടികൾ എത്തിച്ചേരുന്ന ഒരു വിദ്യാഭ്യാസ കേന്ദ്രമാകും. ജെൻഡർ ഇക്വിറ്റി സെൽ പോലെയുള്ള സംവിധാനങ്ങളുടെ ഇടപെടൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂടുതൽ ഉൾക്കൊള്ളൽ മനോഭാവമുള്ള ഇടങ്ങളാക്കും, ആകർഷകമാക്കും. ഊർജ്ജസ്വലമായ അത്തരം ക്യാമ്പസുകൾ നവസമൂഹ നിർമ്മിതിയുടെ ചാലകശക്തികളായി വർത്തിക്കുകയും ചെയ്യും.



**ഡോ. ഷീബ ദിവാകരൻ**
അധ്യാപിക
ഗവ.ആർട്സ് &സയൻസ് കോളേജ്, കോഴിക്കോട്

അധ്യാപനമെന്നത് ഒരു സർഗാത്മകവൃത്തിയാണെന്ന് നമുക്കറിയാം. മുൻകൂട്ടി സെറ്റുചെയ്യപ്പെട്ട ജോലി നിരന്തരം ആവർത്തിക്കുന്നുണ്ടെങ്കിൽ അതിനെ സർഗാത്മകമായി കാണാനാവില്ലല്ലോ. ക്രാഫ്റ്റും കലയും തമ്മിലുള്ള വ്യത്യാസം ഇതിലുണ്ട്. പ്രതിഭയെ അപൂർവവസ്തുനിർമ്മാണക്ഷമമായ പ്രജ്ഞ എന്നു നിർവചിച്ചിട്ടുണ്ട്, പ്രാചീനാലങ്കാരികനായ അഭിനവഗുപ്തൻ. അ-പൂർവമായ, ഇതുവരെയില്ലാത്ത ഒന്നുണ്ടാക്കാനുള്ള കഴിവാണ് സർഗാത്മകത അഥവാ ക്രിയേറ്റിവിറ്റി. ക്ലാസ് റൂമിൽ അവശ്യം വേണ്ട ഒന്നുകൂടിയാണ് സർഗാത്മകപ്രതിഭ. അധ്യാപനവും പഠനവും സാർഥകമാവുന്നത് അപ്പോഴാണ്. ഉന്നതവിദ്യാഭ്യാസമേഖല, നമ്മുടെ അധ്യാപികമാരുടെ സർഗാത്മകതയെ ഏതെങ്കിലും മട്ടിൽ കണ്ടെത്തുകയോ അഭിസംബോധനചെയ്യുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നുണ്ടോ എ

# സർഗാത്മകതയുടെ വിഷമവൃത്തങ്ങൾ



ന്നൊരു ചർച്ച വളരെ പ്രധാനമാണ്.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, വിശേഷിച്ച് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളൊക്കെയും പ്രവർത്തിക്കുന്നത് ചില നിയമങ്ങളുടെയും വ്യവസ്ഥകളുടെയും (norms and conditions) അടിസ്ഥാനത്തിലാണ്. അവ പാലിക്കുക എന്നതാണ് അധ്യാപകധർമം. ഈ ധർമം വളരെ കൃത്രിമമായാണ് പലപ്പോഴും പാലിക്കപ്പെടുന്നത് എന്നുകാണാം. സർഗധനരായ അധ്യാപകരെ സംബന്ധിച്ചെടത്തോളം വളരെ വിരസമായിപ്പോകുന്നുണ്ട്, ഈ വ്യവസ്ഥാപാലനം.



പലവിധത്തിൽ ക്രിയേറ്റീവായ അധ്യാപികമാർ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. നിയമങ്ങളും വ്യവസ്ഥകളും പൂർണമായും പാലിച്ചുകൊണ്ട് ഡാൻസർ, സംവിധായിക, അഭിനേത്രി, എഴുത്തുകാരി, ചിത്രകാരി, തുടങ്ങി വിവിധമേഖലകളിൽ പ്രവർത്തിക്കുന്ന സർഗധനരായ കലാകാരികൾക്ക് അവരുടെ വ്യക്തിജീവിതത്തിൽ എന്തും ചെയ്യാം. അതിന് ആർക്കും വിരോധമില്ല. പക്ഷേ, ഇത്തരം കലാകാരികളെ ബോധപൂർവം പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രവർത്തനവും ഇന്ത്യക്കകത്തോ പുറത്തോ ഉള്ള അംഗീകൃത സർവകലാശാലകളിലോ കോളേജുകളിലോ നടന്നുവരുന്നില്ല. വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ കാര്യത്തിൽ ഉന്നതനിലവാരം പുലർത്തുന്ന കേരളത്തിലും ഇക്കാര്യത്തിൽ ഇതേ അവസ്ഥതന്നെയാണുള്ളത്.



പുതിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം വന്നതോടെ അക്ഷരാർഥത്തിൽ 'നിന്നുതിരിയാൻ നേരമില്ലാത്ത' അവസ്ഥയിലാണ്, ഉന്നതവിദ്യാഭ്യാസരംഗത്തെ അധ്യാപകർ. പതിനാറു മണിക്കൂർ ക്ലാസ്, ഒരു വർഷത്തിൽ രണ്ട് സെമസ്റ്റർപരീക്ഷകൾ, അവയുടെ ഇൻവിജിലേഷൻ ഡ്യൂട്ടി, ആ പരീക്ഷാപേപ്പറുകളുടെ മൂല്യനിർണയം, വിദ്യാർഥികളുടെ പ്രൊജക്ട്, അസൈൻമെന്റ് , സെമസ്റ്റർ പരീക്ഷക്കു മുമ്പ് രണ്ട് ഇന്റേണൽ പരീക്ഷകൾ, അതിന്റെ മൂല്യനിർണയം, ഇതിനെല്ലാം പുറമേ എ.പി.സി തയ്യാറാക്കൽ, ഇന്റേണൽ മാർക്ക് അപ് ലോഡ് ചെയ്യൽ തുടങ്ങിയ ക്ലറിക്കൽ ജോലികൾ... ഇവയെല്ലാം ജോലിയുടെ ഭാഗമായി അധ്യാപകർ ചെയ്യേണ്ടതാണെങ്കിലും, ഇത്തരം വിരസവൃത്തികൾ അധ്യാപകരുടെ സർഗാത്മകതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇവയെല്ലാം ചിട്ടപ്രകാരം ചെയ്തശേഷം സമയം ബാക്കിയുണ്ടെങ്കിൽ, അവരവർക്കു വേണമെങ്കിൽ, അവരവരുടെ ക്രിയേറ്റിവിറ്റിയെ പരിപോഷിപ്പിക്കാം. സർക്കാറോ സ്ഥാപനങ്ങളോ സ്വയമേവ ഇത്തരം അവസരങ്ങൾ അധ്യാപകർക്ക് നൽകുന്നില്ല. അധ്യാപനവും ക്രിയേറ്റിവിറ്റിയും ഒന്നിച്ചു കൊണ്ടുനടക്കുന്നവർക്ക് ഔദ്യോഗികരംഗത്ത് വീഴ്ച സംഭവിച്ചാൽ അത് ഔദ്യോഗിക കൃത്യനിർവഹണത്തിൽനിന്നുള്ള വ്യതിചലനമായി കണക്കാക്കും. അത് ആ വ്യക്തിയെ ദോഷകരമായി ബാധിക്കുകയും ചെയ്യും. ആത്യന്തികമായി നമ്മുടെ വിദ്യാഭ്യാസസംവിധാനം സർഗാത്മകതയെ ശ്വാസംമുട്ടിക്കുന്നു. സർഗാത്മകതയെ പരിപോഷിപ്പിക്കുന്നില്ല എന്നുമാത്രമല്ല, മുരടിപ്പിക്കുകയാണ് എന്ന് ചുരുക്കം. അവരവരുടെ മേഖലയിൽ എത്രവലിയ നേട്ടങ്ങൾ നേടിയാലും അവയൊന്നും ക്രെഡിറ്റായി പരിഗണിക്കപ്പെടുന്നില്ല. നിർദേശിക്കപ്പെട്ട പ്രവർത്തനങ്ങളുടെ നിർവഹണത്തിനുമാത്രമാണ് ക്രെഡിറ്റ്. അവരവരുടെ സർഗാത്മകനേട്ടങ്ങൾ അവരവരുടെ മാത്രം ക്രെഡിറ്റാണ്. വിദ്യാഭ്യാസ

സ്ഥാപനം അവ ക്രെഡിറ്റായി പരിഗണിക്കുന്നില്ല.

പുതിയ വിദ്യാഭ്യാസപദ്ധതിയിൽ അധ്യാപകരുടെ ജോലിഭാരം ഇരട്ടിയിലേറെയായി. കോളേജിൽവെച്ചുതന്നെ എല്ലാ പഠനാനുബന്ധ പ്രവർത്തനങ്ങളും പൂർത്തീകരിക്കാനാവില്ലെന്ന അവസ്ഥയായതിനാൽ വീട്ടിലെത്തിയാലും അക്കാദമിക് പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യതയായി മാറിയിരിക്കുകയാണ്. നിരന്തരമായ വായനയിലൂടെയും നിരീക്ഷണങ്ങളിലൂടെയും അവരവരുടെ വിഷയമേഖലയെ പരിപോഷിപ്പിക്കേണ്ട ഉത്തരവാദിത്തം അധ്യാപനം എന്ന തൊഴിലിനുണ്ട്. ഔദ്യാഗിക സമയത്തിനപ്പുറം നീളുന്ന നിരന്തരപ്രക്രിയയാണത്. ജോലി കഴിഞ്ഞ് വീട്ടിലെത്തുന്ന അധ്യാപകർ അവിടെയും ഇതേ പ്രവർത്തനങ്ങൾ തന്നെ തുടരുന്നു. എങ്കിൽമാത്രമേ വിദ്യാർഥികൾ പ്രതീക്ഷിക്കുന്ന ഗുണനിലവാരത്തിലേക്കുയരാൻ അവർക്ക് കഴിയൂ.

രണ്ടുപതിറ്റാണ്ടു മുമ്പത്തെ സർഗാത്മകരായ അധ്യാപികമാർക്കുണ്ടായിരുന്നതിനേക്കാൾ ശാരീരികവും മാനസികവുമായ പിരിമുറുക്കം ഈ പുതിയ സാഹചര്യത്തിലെ സർഗധനരായ അധ്യാപികമാരിൽ ഇരട്ടിയെങ്കിലുമായി വർധിച്ചിട്ടുണ്ട്. വീട്ടിലേക്കുനീളുന്ന അധ്യയനപ്രവർത്തനങ്ങൾ അവരുടെ ക്രിയേറ്റിവിറ്റിയെ പൂർണമായും മുരടിപ്പിക്കുന്ന അവസ്ഥയാണ് ഇന്നത്തെ യാഥാർഥ്യം. കോവിഡാനന്തരം രാത്രിയിൽപ്പോലും നടന്നുവരുന്ന ഓൺലൈൻ മീറ്റിംഗുകളിൽ പല വീട്ടുജോലികൾക്കിടയിലാണ് സ്ത്രീകൾ പങ്കെടുക്കുന്നത്. ഒരിടത്തും പൂർണശ്രദ്ധ കൊടുക്കാൻ കഴിയില്ലെന്നർഥം. കാലം മാറിയെങ്കിലും വ്യവസ്ഥാക്രമങ്ങൾ കാര്യമായി മാറിയിട്ടില്ലാത്തതിനാൽ ഇരട്ടജോലിഭാരം പേറേണ്ടിവരുന്നവരാണ് മിക്ക അധ്യാപികമാരും – അടുക്കള പൂർണമായും അവരുടെ ഉത്തരവാദിത്തത്തിൽത്തന്നെയാണ് പുലരുന്നത് എന്നിരിക്കെ. ഒപ്പം കുട്ടികളുടെ പരിപാലനത്തിൽ ഏറിയ ഉത്തരവാദിത്തങ്ങളും സ്ത്രീകൾക്കുതന്നെയാണ് എന്നതും ഓർക്കേണ്ടതുണ്ട്. ഇതെല്ലാം ചെയ്യേണ്ടത് സ്ത്രീ തന്നെയാണ് എന്ന ചിന്തയാണ് ഇന്നത്തെയും 'നോർമൽ' ചിന്ത. അപവാദങ്ങളുണ്ടെങ്കിലും ഭൂരിപക്ഷം സ്ത്രീകളും ഇക്കാര്യത്തിൽ സമാനരാണ്. ഈയവസരത്തിൽ സർഗധനരിലേറെയും തങ്ങളുടെ സർഗാത്മകതയെ അട്ടത്തുകയറ്റിവെക്കുകയോ ചങ്ങലക്കിടുകയോതന്നെ ചെയ്തുവരുന്നു! അതിന്റെ അസ്വാസ്ഥ്യവും പേറിയാണ് അവരുടെ ജീവിതം. ചുരുക്കം ചിലർമാത്രം 'ഇരവും പകലാക്കി' സർഗാത്മകതയെയും തൃപ്തിപ്പെടുത്തുന്നു. അതിന്റെ ക്ഷീണത്തിൽ പകലാകെ ചുറുചുറുക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു.

ഫെമിനൈസേഷൻ ഓഫ് എഡ്യുക്കേഷൻ (വിദ്യാഭ്യാസരംഗത്ത് പെൺകോയ്മ) അടുത്ത കാല



ത്തായി പല സ്റ്റേറ്റുകളിലും സംഭവിച്ചുട്ടുണ്ട് എന്നും കേരളത്തിലിത് കൂടുതൽ പ്രകടമാണെന്നും യുനെസ്കോയുടെ ഒരു പഠനറിപ്പോർട്ട് സ്ഥിരീകരിക്കുന്നുണ്ട്. (Women and the teaching profession: Exploring the Feminisation Debate, Commonwealth Secretariat and UNESCO, Marlborough House, Pall Mall, London, UK, 2011) പഠിക്കുന്ന വിദ്യാർഥിനികളുടെയും പഠിപ്പിക്കുന്ന അധ്യാപികമാരുടെയും എണ്ണം ആൺകുട്ടികളെക്കാളും ആൺ അധ്യാപകരെക്കാളും അധികരിച്ച അവസ്ഥയാണ് ഇത്. ഉന്നതവിദ്യാകേന്ദ്രങ്ങളിൽ, വിശേഷിച്ച് ആർട്സ് ആൻഡ് സയൻസ് മേഖലയിൽ, ജെൻഡർ പാരിറ്റി ഇതിനകം സ്ത്രീലമട്ടിലുള്ള ശാരീരികപ്രശ്നങ്ങൾ സ്ത്രീകൾ അനുഭവിക്കുന്നുണ്ട് എന്നകാര്യം നിസ്തർക്കമായിട്ടുപോലും.

സ്ത്രീകളുടെ എണ്ണത്തിൽ മാത്രമാണ് വർധനവ് (മേധാവിത്തം) ഉണ്ടായിട്ടുള്ളത് എന്നതാണ് യാഥാർഥ്യം. ജെൻഡർ ഇക്വാലിറ്റി എന്ന ആശയം മാത്രം വെച്ചുപരിശോധിക്കുമ്പോൾ വളരെ പോസിറ്റീവായ കാര്യമാണത്. എണ്ണത്തിൽ മേൽക്കോയ്മ വന്നെങ്കിലും കൂടുതൽ ഉയർന്ന പദവികൾ ഇപ്പോഴും വഹിക്കുന്നത് പുരുഷന്മാരാണ്. നാമമാത്രമായി മാത്രമേ സ്ത്രീകൾ 'തലപ്പത്ത്' പ്രത്യക്ഷപ്പെടുന്നുള്ളൂ. വി.സി, പി.വി.സി, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാ




കൾക്കനുകൂലമായവിധത്തിൽ മാറിത്തീർന്നിരിക്കുന്നു എന്നർഥം. ഇപ്പോൾ അധ്യാപകരിലും വിദ്യാർഥികളിലും എഴുപതു ശതമാനത്തിലേറെയും സ്ത്രീകളാണ്. ഭാവിയിൽ ഹ്യുമാനിറ്റീസ് മേഖല സമ്പൂർണമായും സ്ത്രീകളുടേതായിമാറുമെന്നും അധ്യാപനജോലിയിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാകുമെന്നും കല്പറ്റ നാരായണൻ നിരീക്ഷിച്ചിട്ടുണ്ട്. ഇതിനനുസരിച്ച മാറ്റം എല്ലാതലങ്ങളിലും വരണം. വിശാലമായ കെട്ടിടസമുച്ചയത്തിൽ പെൺകുട്ടികൾക്കുവേണ്ടിയും അധ്യാപികമാർക്കുവേണ്ടിയും വിശ്രമത്തിനായി ഒരു മുറി നീക്കിവെച്ച എത്ര സ്ഥാപനങ്ങളുണ്ടെന്ന അന്വേഷണം ഒരുപക്ഷേ ഞെട്ടിപ്പിച്ചേക്കാം. പുരുഷന്മാരെ അപേക്ഷിച്ച് പമിനേഷൻസ്, ഡീൻ, ഐക്യുഎസി കോർഡിനേറ്റർ തുടങ്ങി കേരളത്തിലെ വിദ്യാകേന്ദ്രങ്ങളിൽ ഉയർന്ന സ്ഥാനങ്ങൾ വഹിക്കുന്ന ആളുകളുടെ കണക്കെടുത്താൽ ഇത് ബോധ്യപ്പെടും. സംഖ്യാപരമായി മേൽക്കോയ്മ സ്ത്രീകൾക്കുണ്ടെങ്കിലും അധികാരപരമായി ഇപ്പോഴും മേൽക്കോയ്മ പുരുഷന്മാർക്കുതന്നെ.

ജെൻഡർ അവബോധം കൂടുതൽ ആഴത്തിൽ വിദ്യാർഥികളുടെ മനസ്സുകളിൽ പതിപ്പിക്കുവാൻ പറ്റുന്നതാണ് ഇന്നത്തെ ക്യാമ്പസ്സുകൾ. അധ്യയനപ്രവർത്തനത്തിലൂടെ അധ്യാപകരുടെ ക്രിയേറ്റിവിറ്റിയെ വിദ്യാർഥികളിലേക്ക് പ്രസരിപ്പിക്കാൻ പറ്റും. പഠിപ്പിക്കുന്ന എല്ലാ വിഷയങ്ങളും രാഷ്ട്രീയ



നിർഭരമാണ്. സയൻസ് വിഷയങ്ങളും ഹ്യൂമാനിറ്റീസ് വിഷയങ്ങളുമുൾപ്പെടെ ഒരു വിഷയവും ന്യൂട്രൽ അല്ല. ആ വിഷയത്തിൽ വലിയ സംവാദങ്ങൾ ക്ലാസ്റൂമിൽ സൃഷ്ടിക്കാൻ അധ്യാപകർക്കുകഴിയും. സ്ത്രീപക്ഷക്ലാസ്റൂം രാഷ്ട്രീയം നടപ്പിലാക്കാനുള്ള പരിശ്രമങ്ങൾ സാധ്യമാണ്. പക്ഷേ, ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിൽ വിദ്യാർഥികളും അധ്യാപകരും ഒരുപോലെ സമയത്തിന്റെ അപര്യാപ്തതയാൽ ഞെങ്ങിഞെരുങ്ങുകയാണ്. സിലബസ് 'കവർചെയ്യൽ' തന്നെ സാഹസമായിരിക്കേ സിലബസ്സിനപ്പുറം കടക്കാൻ പലപ്പോഴും കഴിയാതെ പോകുന്നു.

അധ്യാപകർക്ക് കലാ-കായികമേളകൾ സർക്കാർ സംവിധാനം ഉപയോഗിച്ചുകൊണ്ട് നടത്തുന്നത് സർഗാത്മകത പൂർണമായും വറ്റിപ്പോകാതെ സംരക്ഷിക്കപ്പെടാൻ ഉപകരിക്കും. ഹൈസ്കൂൾ- ഹയർസെക്കണ്ടറി തലങ്ങളിൽ അധ്യാപകർക്കുവേണ്ടി വിദ്യാരംഗംപോലുള്ള രചനാമത്സരങ്ങൾ നടന്നുവരുന്നുണ്ട്. ശാസ്ത്രമേളയുമായി ബന്ധപ്പെട്ട് ശാസ്ത്രാധ്യാപർക്ക് ചിലയിനങ്ങളിൽ മത്സരിക്കാം. അധ്യാപകസംഘടനയുടെ നേതൃത്വത്തിലും ഇത്തരം പ്രവർത്തനങ്ങൾ പരിമിതമായതോതിലെങ്കിലും നടക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഇത്തരം അവസരങ്ങളേയില്ല.



**അധ്യാപകർക്ക് കലാ – കായികമേളകൾ സർക്കാർസംവിധാനം ഉപയോഗിച്ചുകൊണ്ട് നടത്തുന്നത് സർഗാത്മകത പൂർണമായും വറ്റിപ്പോകാതെ സംരക്ഷിക്കപ്പെടാൻ ഉപകരിക്കും. ഹൈസ്കൂൾ – ഹയർസെക്കണ്ടറി തലങ്ങളിൽ അധ്യാപകർക്കുവേണ്ടി വിദ്യാരംഗംപോലുള്ള രചനാമത്സരങ്ങൾ നടന്നുവരുന്നുണ്ട്. ശാസ്ത്രമേളയുമായി ബന്ധപ്പെട്ട് ശാസ്ത്രാധ്യാപർക്ക് ചിലയിനങ്ങളിൽ മത്സരിക്കാം. അധ്യാപകസംഘടനയുടെ നേതൃത്വത്തിലും ഇത്തരം പ്രവർത്തനങ്ങൾ പരിമിതമായതോതിലെങ്കിലും നടക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഇത്തരം അവസരങ്ങളേയില്ല.**

മാനസികോല്ലാസവും സംതൃപ്തിയും മനുഷ്യർക്ക് പരമപ്രധാനമാണ്. ഇതുകൂടി പരിഗണിച്ചുകൊണ്ടുള്ള അന്തരീക്ഷം വീട്ടിലേതിനേക്കാൾ സമയം ചെലവഴിക്കുന്ന ജോലിസ്ഥലത്ത് ഉണ്ടാകേണ്ടതുണ്ട്. അധ്യാപനം സർഗാത്മമാക്കാനുള്ള ഒരു വഴി അധ്യാപകരുടെ സർഗശേഷി വറ്റിപ്പോകാതെ നോക്കലാണ്.

പെൺപക്ഷം


അജിത കെ.




വടക്കേ ഇന്ത്യയിലും മറ്റും പലപ്പോഴായി കേട്ടുകൊണ്ടിരുന്ന മന്ത്രവാദ കഥകളും നരബലിയും അഭിമാനക്കൊലകളും മറ്റും ഇപ്പോൾ കേരളത്തിലും വലിയ സംഭവമൊന്നുമല്ലാതായിരിക്കുന്നു.ആദ്യത്തെ ഞെട്ടൽ കഴിഞ്ഞാൽ പിന്നെ എല്ലാവരും ഇതൊക്കെ സൗകര്യപൂർവം മറക്കുന്നു.

അപ്പോഴാണ് കേരളത്തിലെ ഫിലിം വിദ്യാർത്ഥികൾക്ക് വേണ്ടി സ്ഥാപിച്ച വിഷ്വൽ മീഡിയ സ്ഥാപനത്തിലെ ഭരണകർത്താക്കളുടെ ജാതിവെറിയുടെ ഞെട്ടിക്കുന്ന കഥകൾ പുറത്തു വന്നത്. പത്തിരുപതു ദിവസങ്ങളിലെറേയായി ആ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ തീവ്രമായ സമരത്തിലാണ്. ഇന്ത്യയുടെ ആദ്യത്തെ ദളിത് രാഷ്ട്രപതിയായ ഡോ. കെ. ആർ. നാരായണന്റെ നാമധേയത്തിൽ തുടങ്ങിയ ഈ സ്ഥാപനത്തിന്റെ ചെയർമാൻ വിശ്വപ്രസിദ്ധനായ ഫിലിം ഡയറക്ടർ അടൂർ ഗോപാലകൃഷ്ണനാണ്. അതിന്റെ ഡയറക്ടർ ശങ്കർ മോഹനും. ഈ ഡയറക്ടർ വളരെ നീചമായ രീതിയിൽ ജാതി വിവേചനം കാണിക്കുന്നു, ആ സ്ഥാനത്തുനിന്ന് അദ്ദേഹ

# കേരളത്തിലും ഇത്ര പച്ചയായ ജാതിവെറിയോ?



ത്തെ മാറ്റിയേ തീരൂ  എന്ന് കുട്ടികൾ ആവശ്യപ്പെടുന്നു. സമരം ചെയ്യുന്നതിന്റെ പേരിൽ ആ സ്ഥാപനവും അതോടനുബന്ധിച്ച ഹോസ്റ്റലും ജില്ലാ കളക്ടർ രണ്ടാഴ്ചത്തേക്ക് പൂട്ടിയിട്ടിരിക്കുകയാണ്. ഇനി രോഹിത് വെമുലയെപോലെ ഒരു രക്തസാക്ഷിയുണ്ടായാലേ സർക്കാർ എന്തെങ്കിലും പരിഹാരവുമായി മുന്നോട്ടു വരികയുള്ളൂ എന്നാണോ?

ഇവിടെ എനിക്ക് മറ്റൊരു ചോദ്യംചോദിക്കാനുണ്ട്. ഈ ഇൻസ്ടിട്യൂട്ടിന്റെ അധികാര സ്ഥാനത്തേക്ക്  കേരളത്തിലെ ഫിലിം - വിഷ്വൽ മീഡിയ മേഖലയിലെ ദളിത് ഐഡന്റിറ്റിയുള്ള ഒരു പ്രഗത്ഭരെയും കിട്ടിയില്ലേ? സ്ത്രീകൾക്ക് വേണ്ടി രൂപം കൊടുത്ത കുടുംബശ്രീയുടെ തലപ്പത്തു എപ്പോഴും ഒരു പുരുഷനായ  ഐ.എ.എസ്. ഓഫീസറാണ് ഉണ്ടാവാറുള്ളത്. ഒരു തവണ മാത്രം ഡോ.ശാരദാ മുരളീധരൻ  ഡയറക്ടറായിരുന്നു. ഇതേ രീതിയാണ് ഇവിടെയും കാണുന്നത്. ഏതെങ്കിലും ഒരു പ്രത്യേക സമൂഹത്തിന്റെ ആവശ്യങ്ങൾക്കു വേണ്ടി ഒരു സംവിധാനമുണ്ടാക്കിയാൽ അതിന്റെ ഭരണ തലപ്പത്തു ആ വിഭാഗത്തിന്റെ എതിർ വിഭാഗത്തുനിന്ന് തന്നെയുള്ള വ്യക്തികളെ അവരോധിക്കുന്നതിന്റെ യുക്തിയും ഔചിത്യവും എനിക്കിനിയും മനസ്സിലായിട്ടില്ല.

എന്ന് മാത്രമല്ല,അവിടെ നടന്ന കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തു ജാതിഭേദങ്ങൾ ഇല്ലെന്നു അവകാശവാദമുള്ള മലയാളികൾക്കു മൊത്തം നാണക്കേടുണ്ടാക്കുന്ന സംഭവങ്ങളാണ് എന്ന് ആ സ്ഥാപനത്തിലെ വിദ്യാർഥികൾ തന്നെ ചൂണ്ടിക്കാട്ടുന്നു . സ്ഥാപനത്തിൽ ശുചീകരണജോലി ചെയ്യാൻ നിയമിതാരായ കുറച്ചു സ്ത്രീകളെ ഈ ഡയറക്ടർ സ്വന്തം വീട്ടിലെ കക്കൂസ് വൃത്തിയാക്കുന്ന പണി ചെയ്യിക്കാറുണ്ടത്രെ. അതുതന്നെ മലമൂത്രവിസർജനം ചെയ്യുന്ന  അവരുടെ ക്ലോസെറ്റ് കഴുകാൻ ബ്രഷ് കൊടുക്കാതെ ജോലിക്കാർ സ്വന്തം കൈകൾ കൊണ്ടുതന്നെ വൃത്തിയാക്കണമെന്ന് നിർബന്ധിക്കുന്നുവെന്നും മറ്റും ആ സ്ത്രീകൾ തന്നെ തുറന്നു കാട്ടിയിരിക്കുന്നു.




അവർ WCC യിലെ സ്ത്രീകളെപ്പോലെ ഉടുത്തൊരുങ്ങി നടക്കുന്നുവെന്ന ഒരു പരിഹാസവും ശ്രീ അടൂരിന്റെ ഭാഗത്തുനിന്നു നമ്മൾ കേട്ടു. അങ്ങേയറ്റം നികൃഷ്ടമായ സവർണ മനോഭാവം പ്രകടമാക്കിയതോടൊപ്പം താൻ എത്രമാത്രം സ്ത്രീ വിരുദ്ധനാണെന്ന് അടൂർ തെളിയിക്കുന്നു.

WCC എങ്ങനെയാണുണ്ടായതെന്നും എന്തിനുവേണ്ടിയാണുണ്ടായതെന്നും അടൂരിനറിയില്ല എന്നുണ്ടോ? കൊട്ടേഷൻ ബലാത്സംഗം എന്ന 'ചെല്ലപ്പേരിൽ' അറിയപ്പെട്ട ആ സംഭവത്തിലെ പ്രതിനായകനോടൊപ്പമാണ് അടൂരെന്ന് വ്യക്തം.

അപ്പോൾ ശങ്കർ മോഹൻ ഒറ്റക്കല്ല ഈ നീചകൃത്യങ്ങൾ അരങ്ങേറിയത്, അടൂരിന്റെ പൂർണ പിന്തുണ അയാൾക്കുണ്ടായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ഇത് ഈ ജനാധിപത്യകേരളത്തിൽ വെച്ച് പൊറുപ്പിക്കാനാവുമോ? സമരം ചെയ്യുന്ന വിദ്യാർഥികൾ ജയിക്കേണ്ടത് കേരള സമൂഹത്തിന്റെ ആവശ്യമല്ലേ?

ജാതി വിവേചനത്തിനും തികഞ്ഞ അനീതിക്കെതിരായും പോരാടുന്ന വിദ്യാർഥികളോടൊപ്പം നിൽക്കുകയെന്നത് ഒരു മിനിമം ഡിമാൻഡ് മാത്രമാണ്. അവർ വിജയിച്ച തീരൂ. മറ്റൊരു രോഹിത് വേമുല ഉണ്ടായിക്കൂടാ. ജാതിക്കോമരങ്ങളെ വേരോടെ പിഴുതെറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കെ.ആർ. നാരായണൻ ഫിലിം ഇൻസ്ടിട്യൂട്ടിലെ സമരം ചെയ്യുന്ന വിദ്യാർഥികൾക്കു ഊഷ്മളമായ ഐക്യദാർഢ്യം!



# ഗവേഷക/അമ്മ
# അനുഭവവും ജീവിതവും



നസ്രീൻ സി.
ഗവേഷക, ഇംഗ്ലീഷ് വിഭാഗം,
കോഴിക്കോട് സർവ്വകലാശാല

സർവകലാശാലയിൽ ഇംഗ്ലീഷ് വിഭാഗത്തിൽ ഗവേഷകയായി ജോയിൻ ചെയ്യുമ്പോൾ ഞാൻ സ്വന്തം വിഷയത്തെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കാൻ ശ്രമിച്ച അത്ര തന്നെ പ്രാധാന്യത്തോടെ ഗവേഷകരുടെ ദൈനംദിന ജീവിതത്തെ അറിയാനും ശ്രമിച്ചു. നാലുവയസ്സുള്ള മക്കളുടെ അമ്മയായതിനാൽ അന്വേഷണങ്ങൾ ഏറെ പ്രാധാന്യമുള്ളതായിരുന്നു. പക്ഷേ, ഗവേഷക എന്ന നിലയിൽ സർവ്വകലാശാല എന്നോട് അഭിപ്രായപ്പെട്ടത് അക്കാദമിക ദിവസങ്ങളുടെ ആവശ്യകതയാണ്. അതുകൊണ്ടു തന്നെ സർവ്വകലാശാലയിൽ താമസിക്കുക എന്നത് അനിവാര്യമായി. ഇത് സംഭവിക്കുന്നത് രണ്ടാംഘട്ട കോവിഡ് 19ന്റെ മധ്യത്തിൽ ആയിരുന്നു. ചുറ്റുമുള്ള സാമൂഹിക സ്ഥാപനങ്ങളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നും തുറന്നു പ്രവർത്തിച്ചിരുന്നില്ല . യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അവസ്ഥയും ഏറെ വ്യത്യസ്തമല്ല. കാര്യങ്ങളെ ഒന്നുകൂടി ബുദ്ധിമുട്ടിലാക്കിയത് സർവ്വകലാശാലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലോ ലേഡീസ് ഹോസ്റ്റലുകളിലോ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിലോ കുട്ടികളുമായി താമസിക്കാൻ കഴിയുന്ന സംവിധാനങ്ങൾ ഒന്നുമില്ല എന്നറിഞ്ഞപ്പോഴാണ്. സർവകലാശാലയുടെ ഫെലോഷിപ്പ് കിട്ടിത്തുടങ്ങിയിരുന്നില്ല. ഗവേഷകനായ ഭർത്താവിന്റെ ഫെലോ

ഷിപ്പിൽ നിന്നും പൈസ എടുത്ത് ഞാനും മകളും ക്യാമ്പസിന് സമീപത്ത് ഒരു വാടക വീട്ടിലേക്ക് മാറി. പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓൺ ലൈൻ ക്ലാസുകൾ മാത്രം ഉണ്ടാവുകയും നടത്തു കയും നേഴ്സറികൾ ഒന്നും തന്നെ പ്രവർത്തി ക്കാതിരിക്കുകയും ചെയ്തതുകൊണ്ട് മകളെ എന്റെ കൂടെ ക്യാമ്പസിലേക്ക് കൂട്ടുക എന്നത് മാ ത്രമായിരുന്നു പോംവഴി. പിന്നീടുള്ള ഓരോ ദിവ സവും കൃത്യമായി സ്ഥാപിച്ചെടുക്കേണ്ടുന്ന ഗവേ ഷണ ജീവിതത്തിന്റെയും ചിട്ടയായി രൂപപ്പെടേണ്ട പ്രാരംഭ വിദ്യാഭ്യാസത്തിന്റെയും കൂടിച്ചേരലായി രുന്നു .

രാവിലെ രണ്ടുപേർക്കുള്ള ഭക്ഷണവും വെള്ള വുമായി ക്യാമ്പസിലേക്ക് നടക്കും. അവിടെ എത്തി യാൽ റേഞ്ച് കിട്ടുന്ന ഏതെങ്കിലും മരത്തിന്റെ ത ണലിൽ മകൾ അവളുടെ ഓൺലൈൻ ക്ലാസുകൾ

സ്ഥത്തോടും ഉള്ള ഉത്തരവാദിത്വത്തിന്റെ സമ്മർ ദ്ദം രാവിലെ തുടങ്ങി വൈകുന്നേരം വരെയുള്ള ഓ ട്ടങ്ങളിൽ ഒതുങ്ങി.

കോവിഡ് 19ന് ശേഷം സമൂഹത്തിന്റെ എല്ലാ മേഖലകളും പ്രവർത്തിച്ചു തുടങ്ങി. യൂണിവേഴ്സി റ്റി ക്യാമ്പസുകൾ സജീവമായി. സമ്മർദ്ദങ്ങൾക്ക് പലതരത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായി. ക്യാ മ്പസിന് അകത്തും പുറത്തും വച്ച് പരിചയപ്പെട്ട ഗവേഷകരായ അമ്മമാർക്ക് ഗവേഷണ ജീവിത ത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ കഥകൾ പങ്കുവെ ക്കാനുണ്ടായിരുന്നു. അവയെല്ലാം അവർ വരുന്ന സാമൂഹിക സാമ്പത്തിക സ്ഥിതികളെ അടിസ്ഥാ നപ്പെടുത്തി വ്യത്യസ്തങ്ങളുമായിരുന്നു. എങ്കിലും ഗവേഷകരായ അമ്മമാരുടെ അനുഭവങ്ങൾ ഏറെ ക്കുറെ സമാനമായിരുന്നു.

ഗവേഷണത്തിന് ജോയിൻ ചെയ്യുന്ന തയ്യാറെ



അറ്റൻഡ് ചെയ്യും. യൂണിവേഴ്സിറ്റിയിലെ ലൈബ്ര റിക്ക് അകത്ത് ആദ്യ ദിവസങ്ങളിൽ ഒന്നും മക ളെ കൂടെ കൂട്ടാൻ അനുവദിച്ചിരുന്നില്ല. ക്രമേണ സാഹചര്യം മനസ്സിലാക്കി അവർ പലപ്പോഴും അ തിന് അനുവദിച്ചു .മകളുടെ കാര്യങ്ങൾ ശരിയാ ക്കുന്നതിനിടയിൽ ഗവേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യമായി നടക്കാതെ വന്നു. ഒരു സ മയത്ത് വായന പാടെ മറന്നു എന്ന് വരെയെത്തി. പൂർത്തീകരിക്കപ്പെടാനാവാത്ത സ്വന്തത്തോടും ബ

ടുപ്പിൽ ചില സ്ത്രീകൾ എന്നെ വിളിച്ചു. അതി ലെ അമ്മമാർക്ക് ആവലാതികൾ പലതായിരുന്നു. താമസം, യാത്ര, കുടുംബം , ഡെഡ് ലൈൻ, ഗ വേഷണം , ലാബ് , ഫീൽഡ് വർക്കുകൾ, കുട്ടിക ളിലെ ഏകാന്തത, അസുഖങ്ങൾ, ഡിപ്പാർട്ട്മെന്റി ലെ ഒരു സുഹൃത്ത് അവരുടെ അനുഭവം പറഞ്ഞു:

സ്കോളർഷിപ്പോടുകൂടി മലേഷ്യയിൽ ഗവേഷ ണം തുടങ്ങി. രാവിലെ മുതൽ രാത്രി വരെ ട്രെയി നുകൾ മാറിമാറി കയറി അവരും മകനും. ആവ

ശ്യമായ സാമഗ്രികളുമെടുത്ത് ഓട്ടമാണ് അവർ ഇരിക്കുന്നിടത്തു തന്നെ കുഞ്ഞ് കളർ പുസ്തകങ്ങളും കളിപ്പാട്ടങ്ങളുമായി ഇരിക്കും. ആ നാട്ടിലെ അക്കാദമിക അന്തരീക്ഷവും സമീപനങ്ങളും അവർക്ക് അമ്മ ഗവേഷക എന്ന നിലയിൽ മെച്ചപ്പെട്ടതായി തോന്നി. തന്റെ ടിക് ഡിസോഡർ ഉള്ള മകളും ഒത്തുള്ള ദിവസങ്ങളെക്കുറിച്ച് പറഞ്ഞാണ് മറ്റൊരു ഗവേഷക തുടങ്ങിയത് . മകൾ ചില സമയങ്ങളിൽ തന്നെ കണ്ടില്ലെങ്കിൽ മണിക്കൂറുകളോളം നിർത്താതെ കരയും. അതിനിടയ്ക്ക് ഗൈഡുമായി ഉണ്ടായ അഭിപ്രായ വ്യത്യാസങ്ങളും ഗവേഷണത്തിന് ആവശ്യമായ മെറ്റീരിയൽസ് ശേഖരിക്കാൻ ഉള്ള ബുദ്ധിമുട്ടുകളും സമ്മർദ്ദങ്ങൾ കൂട്ടി. സയൻസ് വിഷയങ്ങളിൽ ഗവേഷണം ചെയ്യുന്നവർക്ക് ലാബിന്റെ സമയവും മക്കളുടെ സമയക്രമീകരണങ്ങളും തമ്മിലൊത്തു പോകാൻ പ്രയാസമാണ്. ചിലപ്പോൾ രാത്രി വരെയും അവർ തികച്ചും വ്യത്യസ്തമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരും എന്നതാണ് യാഥാർത്ഥ്യം. ഏത് ലിംഗത്തിൽപ്പെട്ട മാതാപിതാക്കളായാലും ഗവേഷക മാതാപിതാക്കൾക്ക് അവരുടെ കുട്ടികളെ വളർത്തുന്നതിനും  സുരക്ഷിതത്വം ഉറപ്പിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും സർവകലാശാലകൾ പരിഗണിക്കേണ്ടതാണ് . വിദ്യാഭ്യാസ നയങ്ങളും സർവ്വകലാശാലകളും മാറ്റങ്ങളെ മുന്നിൽകണ്ട് വ്യവഹാര സ്ഥിതികളിൽ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും കൊണ്ടുവരുമ്പോൾ മാത്രമാണ് മാറേണ്ട മാറ്റങ്ങളെ പ്രാവർത്തികമാക്കാൻ കഴിയൂ.

ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം പറഞ്ഞും അറിഞ്ഞും കണ്ടും കേട്ടും അനുഭവിച്ചും ഉള്ള യാഥാർത്ഥ്യങ്ങളാണ് ഓരോ വ്യക്തിയും കടന്നുവരുന്ന സാമൂഹിക സ്ഥിതിയും സാമ്പത്തിക ചുറ്റുപാടും ജാതിമത ചുറ്റുവട്ടങ്ങളും ലിംഗ ഭേദങ്ങളും അനുസരിച്ച് വ്യത്യാസങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഗവേഷകരായ മാതാപിതാക്കളെക്കുറിച്ചും അവരുടെ കുടുംബ ഗവേഷണ ജീവിതത്തെക്കുറിച്ചും അത് രൂപപ്പെടുത്തിയെടുക്കുന്ന കുട്ടികളിലെ ജീവിതാന്തരീക്ഷത്തെക്കുറിച്ചും പ്രധാനമായി കുടുംബവും ഗവേഷണജീവിതവും എങ്ങനെ ബന്ധപ്പെട്ട് കിടക്കുന്നു സ്വാധീനിക്കുന്നു എന്നുമൊക്കെ ഇനിയും ഒരുപാട് അന്വേഷണങ്ങൾ സാധ്യമാകേണ്ടതാണ്.





അളകനന്ദ
പി.ജി. വിദ്യാർത്ഥിനി
പോണ്ടിച്ചേരി സർവകലാശാല

# പരിധി നിശ്ചയിക്കേണ്ടത് ആരാണ്?

ലിംഗികതയെ അടിസ്ഥാനമാക്കി സ്ത്രീയെന്നും പുരുഷനെന്നും മാത്രം വേർതിരിച്ചു കാണുന്ന ഒരു പുരുഷകേന്ദ്രീകൃത സമൂഹത്തിലാണ് ഇന്നും ജീവിക്കുന്നതെന്ന ഉത്തമബോധ്യത്തിലാണ് ഇതെഴുതുന്നത്. കുടുംബത്തിനുപുറത്തു ഒരു കുട്ടിക്ക് ആശയപരമായി വളരാൻ കഴിയുന്ന ഒരു മേഖലയാണ് വിദ്യഭ്യാസമേഖല. മാർക്കിനും മത്സരത്തിനും അപ്പുറം വിദ്യാഭ്യാസം ലക്ഷ്യം വെക്കുന്നത് മാനുഷികമൂല്യങ്ങളെ മനസിലാക്കൽ എന്നത്കൂടിയാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാവർക്കും തുല്യപരിഗണനയും അവകാശങ്ങളും ലഭിക്കും എന്നാണ് പൊതുസമൂഹം പ്രതീക്ഷിക്കുന്നത്. എന്നാൽ, പല സ്ഥാപനങ്ങളിലും ഇതിന് വിരുദ്ധമാണ് കാര്യങ്ങൾ .ജാതി, മതം, നിറം, ലിംഗം തുടങ്ങി സകലതിനെയും അടിസ്ഥാനപ്പെടുത്തി തന്നെയാണ് ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ-19 പ്രകാരം ഒരു ഇന്ത്യൻ പൗരന് ഇൻഡ്യയിലെവിടെയും യഥേഷ്ടം സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.ആർട്ടിക്കിൾ-15 , ലിംഗത്തെ അടിസ്ഥാനമാക്കി പൗരന്മാരെ വേർതിരിച്ചുകാണരുത് എന്നും പറഞ്ഞുവെക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഭരണഘടനമൂല്യങ്ങളുടെ ലംഘനമാണ് ഈ അടുത്ത് കോഴിക്കോട്, ആലപ്പുഴ ഗവ:മെഡിക്കൽ കോളേജുകളിൽ നമ്മൾ കണ്ടത്.മെഡിക്കൽ കോളേജിലെ ലേഡീസ് ഹോസ്റ്റലുകളിൽ രാത്രി 10 മണിക്ക് ശേഷം പ്രവേശനം ഇല്ല എന്നതാണ് പുതിയ ചട്ടം.10 മണി കഴിഞ്ഞു ഹോസ്റ്റലിൽ എത്തുന്ന പെണ്കുട്ടികളെ ഇരുട്ടിൽ മണിക്കൂറുകളോളം പുറത്തു നിർത്തിയാണ് ഹോസ്റ്റൽ അധികൃതർ പ്രതികാരം ചെയ്യുന്നത്. അതേ കോളേജിലെ മെൻസ് ഹോസ്റ്റലുകളിലോ ഇത്തരം നിയന്ത്രണങ്ങൾ ഇല്ലതാനും. പകലുമുഴുവൻ പഠനത്തിന്റെ സകലപിരിമുറുക്കങ്ങളിലും ഇരിക്കുന്ന വിദ്യാർഥിനികൾക്ക് രാത്രിയെങ്കിലും പുറത്തിറങ്ങേണ്ടതില്ലേ?രാത്രി കൂട്ടംകൂടിയിരുന്നു വർത്തമാനം പറയാനും ഇഷ്ടമുള്ളിടത്തു പോവാനും പറ്റണ്ടേ? അല്ലെങ്കിലും ആണ്കുട്ടികളും പെണ്കുട്ടികൾക്കും എന്തിന് രണ്ട് നീ

തി! അനാവശ്യമായ ഇത്തരം നിയന്ത്രണങ്ങൾക്കെതിരെ മെഡിക്കൽ കോളേജിലെ പെണ്കുട്ടികൾ നടുറോഡിലിറങ്ങി പ്രതിഷേധിച്ചു. സമൂഹമാധ്യമങ്ങളിൽ ചർച്ചയായ ഈ സമരവാർത്തകളുടെ കമെന്റ്ബോക്സ് സ്ത്രീവിരുദ്ധമായ കമെന്റുകൾ കൊണ്ട് നിറഞ്ഞു. കുട്ടികളുടെ സുരക്ഷയെ മുൻനിർത്തിയാണ് ഹോസ്റ്റലിൽ സമയപരിധി ഏർപ്പെടുത്തിയത് എന്നാണ് കോളേജ് അധികാരികളുടെ ന്യായം.രാത്രി കാലങ്ങളിൽ അക്രമിക്കപ്പെട്ടേക്കാമെന്ന ധാരണയിൽ പൂട്ടിയിടേണ്ടവരല്ല പെണ്കുട്ടികൾ.അങ്ങനെയെങ്കിൽ ആക്രമിക്കാൻ വരുന്നവനെയല്ലെ ബന്ധനസ്ഥനാക്കേണ്ടത്?

കേരളത്തിൽ ഭരണത്തിലിരിക്കുന്ന LDF സർക്കാർ രാത്രി കാലങ്ങളിൽ സ്ത്രീകൾ പുറത്തിറങ്ങണം എന്ന ആശയമാണ് മുന്നോട്ട് വെക്കുന്നത്. രാത്രിക്കൊരു സൗന്ദര്യം ഉണ്ടെങ്കിൽ ആണിനെപോലെ അത് പെണ്ണിനും ആസ്വദിക്കാൻ പറ്റുന്നതാവണം. നിരന്തരമായി സ്ത്രീകൾ രാത്രിയിൽ സഞ്ചരിക്കുന്നത് അതിസാധാരണമായ ഒരു കാഴ്ചാശീലമായി മാറണമെന്ന് സർക്കാർ പറഞ്ഞുവെക്കുമ്പോഴും ഇവിടത്തെ ചില അധികാരികളുടെ മനോഭാവം ഇതിന് വിരുദ്ധമാണ്.ഗവണ്മെന്റിന്റെ ഹയർ എഡ്യൂക്കേഷൻ പോളിസി പ്രകാരം നാഷണൽ-ഇന്റർനാഷനൽ യൂണിവേഴ്സിറ്റികളുടെ നിലവാരത്തിലേക്ക് കേരളത്തിലെ എല്ലാ സർവകലാശാലകളെയും എത്തിക്കണം എന്നതാണ്.എയിംസ് , ജിപ്മെർ, കേന്ദ്രസർവകലാശാലകൾ എന്നിവിടങ്ങളിലൊന്നും ഇത്തരം സമയപരിധികളില്ല.24 മണിക്കൂറും പ്രവർത്തിക്കുന്ന ലൈബ്രറി സംവിധാനങ്ങൾ ആണ്കുട്ടികൾക്കും പെണ്കുട്ടികൾക്കും ഒരേ പോലെ ഉപയോഗിക്കാം .നേരത്തെ സൂചിപ്പിച്ച പ്രകാരം വിവേചനാധികാരത്തോടെയാണ് കേരളത്തിലെ സർവകലാശാലകളുടെ പോക്ക് എങ്കിൽ സർക്കാരിന്റെ ഇത്തരം പ്രഖ്യാപനങ്ങൾ കടലാസുകളിൽ അവശേഷിക്കും.

കോഴിക്കോട് മെഡിക്കൽ കോളേജിലെ പെണ്കുട്ടികളുടെ ഹോസ്റ്റൽ സമരത്തിന് അനുകൂലമായ നിലപാടാണ് ഹൈക്കോടതി സ്വീകരിച്ചിട്ടുള്ളത്.ഹോസ്റ്റലുകളിലെ ഈ നിയന്ത്രണങ്ങൾ ആണധികാരവ്യവസ്ഥയുടെ ഭാഗമാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഹോസ്റ്റലുകളും കലാലയങ്ങളും ഒരേ പോലെ സുരക്ഷിതമാവണമെന്നും കേരളത്തിലെ ഉന്നതവിദ്യഭ്യാസമേഖല ഇപ്പോഴും നൂറ്റാണ്ടുകൾ പിന്നിലാണ് എന്നും ജസ്റ്റിസ്.ദേവൻ രാമചന്ദ്രൻ വിലയിരുത്തി.ഗവർണ്മെന്റും നിയമവ്യവസ്ഥയും ലിംഗഭേദമില്ലാതെ പെണ്കുട്ടികൾക്കൊപ്പം ചേർന്നുനിൽക്കുമ്പോൾ എന്തുകൊണ്ട് ചില അധികൃതർ ഇത് കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുന്നു....?



ഡിഗ്രി പഠനകാലത്തെ ഓർമ രേഖപ്പെടുത്താതെ ഇതവസാനിപ്പിക്കുക വയ്യ.പെണ്കുട്ടി എന്ന നിലക്ക് ഞാൻ ക്ലാസ്സിൽ കയറുന്നില്ല എന്നതായിരുന്നു അധ്യാപകരുടെ തുടക്കകാലത്തെ വിഷയം.ആണ്കുട്ടികളും പെണ്കുട്ടികളും ഒരുമിച്ചിരിക്കുന്നത് കണ്ടാൽ വേർതിരിച്ചിരുത്താതെഅവർ പോവില്ല.കോളേജിലെ ഏതെങ്കിലും പരിപാടികളിൽ പങ്കെടുക്കാൻ അധ്യാപകരുടെ സമ്മതം മുൻകൂട്ടി വാങ്ങേണ്ടിയിരുന്നു.ഏതെങ്കിലും അവസരത്തിൽ ലീവ് ആയാൽ കൃത്യമായി വീട്ടിലേക്ക് വിളിച്ചു 'സദാചാരപ്രസംഗം' നടത്താനും ഡിപ്പാർട്ട്മെന്റ് ലെ അധ്യാപകർ മറക്കുമായിരുന്നില്ല.ഒരിക്കൽ ഒരു അധ്യാപിക രഹസ്യമായി വിളിപ്പിച്ച് , വല്ല പ്രേമത്തിലും കുടുങ്ങിയതുകൊണ്ടാണോ ക്ലാ

സ് കട്ട് ചെയ്യുന്നത് എന്ന് ചോദിച്ചു.

പ്രേമത്തിലായാൽ ഉണ്ടായേക്കാവുന്ന സകല പ്രശ്നങ്ങളെ കുറിച്ചും മണിക്കൂറുകളോളം നിന്ന് എനിക്ക് കേൾക്കേണ്ടി വന്നു.എന്റെ സുഹൃത്തുക്കളോട് നിരന്തരമായി എന്റെ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടേയിരുന്നു.3 വർഷങ്ങൾ അത്രയേറെ മാനസികസംഘർഷങ്ങൾ നിറഞ്ഞതായിരുന്നു.ഇന്നും എനിക്ക് കെമിസ്ട്രി ഡിപാർട്മെന്റ് എന്നാൽ പേടിയാണ്.അവിടത്തെ അധ്യാപകരോളം മനസിനെ തളർത്തിയവർ ഇല്ല.



തൃശൂർ കേരളവർമ്മ കോളേജിലെ ഹോസ്റ്റൽ സമരവും സമാനരീതിയിൽ ആയിരുന്നു.അവിടെയും ഹൈക്കോടതി വിധി അനുകൂലമായിരുന്നു.18 വയസുപൂർത്തിയായ ഏതൊരു വ്യക്തിക്കും തന്റെ വിദ്യാഭ്യാസം, ജോലി എന്നിവ സ്വയം തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്.വോട്ടവകാശവും കൃത്യമായ ആശയങ്ങളുമുള്ള ഇന്ത്യൻ പൗരനാണ് തന്റെ വിദ്യാർത്ഥി എന്നു മറന്നുകൊണ്ടാണ് പല അധ്യാപകരും പെരുമാറുന്നത്.ഇന്നത്തെ യുവതലമുറ അനുഭവിക്കുന്ന പല മാനസികസംഘർഷങ്ങളുടെയും ഉത്തവാദി കൂടിയാകുന്നു അധ്യാപകസമൂഹം.ക്ലാസ്സ്മുറിക്കുള്ളിൽ തന്നെ അധ്യാപകർ സദാചാരപോലീസുകാരായി മാറുന്നുണ്ട്.എന്ത് വസ്ത്രം ധരിക്കണം, ആരോടൊക്കെ കൂട്ടുകൂടണം, എത്ര സമയത്തിനുള്ളിൽ ഹോസ്റ്റലിൽ കയറണം എന്നുതുടങ്ങി മറ്റൊരു മനുഷ്യന്റെ സകലകാര്യങ്ങളും തീരുമാനിക്കാനുള്ള തരത്തിൽ അധഃപതിച്ചു കഴിഞ്ഞു ബഹുഭൂരിപക്ഷം അധ്യാപകസമൂഹം.ഇതിനെല്ലാം ഇരകളാവേണ്ടി വരുന്നത് സ്ത്രീകളും ക്വിർ സമൂഹവുമാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ പെണ്സമരത്തെ അഭിനന്ദിക്കാതെ വയ്യ.ഹോസ്റ്റൽ സമയപരിധി തികച്ചും അനാവശ്യമാണ്.ഉന്നതവിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന അനേകം പോരായ്മകൾ കണ്ടുപിടിച്ച് സർക്കാർ അടിയന്തര നടപടി എടുക്കേണ്ടതുണ്ട്.അതല്ലെങ്കിൽ തുടർച്ചയായി ഇനിയും മനുഷ്യവാകാശലംഘനങ്ങൾ നടന്നുകൊണ്ടിരിക്കും.സമരങ്ങളെല്ലാം ചരിത്രമാണ്.പെണ്സമരങ്ങൾ വെല്ലുവിളിയും.നിലനിൽക്കുന്ന എല്ലാ വ്യവസ്ഥിതികളോടുമുള്ള ഉറച്ച പോരാട്ടം.അവകാശപോരാട്ടങ്ങൾ അതിൽ അണിനിരക്കുന്നവരെ കൂടുതൽ ഉത്തവാദിത്തമുള്ളവരാക്കി മാറ്റുന്നു.അങ്ങനെയെങ്കിൽ കേരളത്തിൽ സ്ത്രീകളോളം ശക്തരാരാണ്....?

'കണ്ണ് തുറക്കൂ അധികാരികളെ
കൂട്ടിലടക്കാൻ നോക്കാരുതെ.
ആരിവിടിനിയും പേടിക്കുന്നു
സ്വാതന്ത്ര്യത്തിൻ കണ്ണികളെ...'






ഡോ.ജാൻസി ജോസ്

# നഗ്നതയിലേക്കൊരു നോട്ടം

വസ്ത്രധാരണത്തിന്റെ പേരിൽ ഏറെ പുകിലുണ്ടായിട്ടുള്ള നാടാണ് കേരളം.ഉടുക്കുന്നതിനും ഉടുക്കാത്തതിനും പ്രശ്നമുണ്ടാക്കുന്ന നാട്. വസ്ത്രം ധരിക്കുന്നത് എന്തിനാണെന്നു ശരിക്കും മനസിലാക്കിയവർ നമ്മുടെയിടയിലുണ്ടോ ആവോ? നഗ്നതാ എന്നുപറഞ്ഞാൽ വസ്ത്രം ധരിക്കാത്ത അവസ്തയാണ്. ശരീരത്തിന്റെ ഏതൊക്കെ ഭാഗം മറഞ്ഞിരിക്കണമെന്ന് തീരുമാനിക്കുന്നത് ആരാണ്?. ശരീരത്തിനു കോട്ടംവരാത്ത വസ്ത്രാധരണമല്ലെ നമുക്കു നല്ലത്? വസ്ത്രം ഇടേണമെന്ന് തോന്നിയത് തന്നെ നമ്മുടെ കാലാവസ്ഥയെ അതിജീവിക്കാനാവും. പക്ഷെ അതു ഫാഷനായി മാറിയപ്പോൾ കാര്യങ്ങൾ മാറിമറിയാൻ തുടങ്ങി.




നഗ്നത എന്നുപറയുന്നതിന്റെ അർത്ഥം തന്നെ പല തരത്തിലാണ്. നാട്ടിൻ പുറത്തിനൊരർഥം, നഗരത്തിനൊരാർഥം. പഠിച്ചവർക്കൊരാർഥം, പഠിക്കാത്തവർക്കൊരർത്ഥം, അഭിനയക്കാർക്കൊരർത്ഥം, കാഴ്ച്ക്കാർക്കൊരർത്ഥം, ഇങ്ങനെ പോകുന്നു. സത്യത്തിൽ എന്താണ് നഗ്നതയെന്നതും എന്താണ് മറയ്ക്കേണ്ടതെന്നതും കാഴ്ചപ്പാടുകളെയും ചിന്താഗതികളെയും അനുസരിച്ചായിരിക്കും എന്നു പറയുന്നതിൽ തെറ്റില്ല. അപ്പോൾ ഒരു പ്രശ്നം വരുന്നുണ്ടല്ലോ! നടി അനന്യ പാണ്ഡെ ബ്രായും ജെട്ടിയും ധരിക്കുമ്പോൾ ഹായ് എന്നു പറയുന്നവർ അയല്പക്കത്തെ ചെറുപ്പക്കാരി ലെഗ്ഗിൻസു ധരിക്കുമ്പോൾ ഛേ! എന്നു പറയുന്നതെന്തുകൊണ്ടാവും?

ശരീരം എന്നത് ശരീരമാണെന്നും അതിന്റെ അവകാശി ശരീരത്തിന്റെ ഉടമയാണെന്നും മനസ്സിലാക്കിയാൽ പകുതി പ്രശ്നം തീർന്നു. ശരീരം എന്നത് ഉപഭോഗ വസ്തുവാണെന്നും അതു തങ്ങൾക്കു ആസ്വദിക്കാനുള്ളതാണെന്നും മാത്രം ഉള്ള ബോധത്തിലാണ് പ്രശ്നങ്ങൾ. പ്രശ്നം തീരണമെങ്കിൽ ശരീരത്തെക്കുറിച്ചുള്ള നമ്മുടെ ബോധം മാറണമെന്നർത്ഥം. ഈ ബോധം മാറ്റിയെടുക്കാൻ എന്തുവാചെയ്യണമെന്നാണ് നമ്മൾ ഇനി കൂലംകക്ഷമായി ആലോചിക്കേണ്ടത്.

# കാമ്പസുകളിലെ ജെൻഡർ രാഷ്ട്രീയം





**സൗമ്യ എസ്.**
അധ്യാപിക
ഇംഗ്ലീഷ് വിഭാഗം,
യൂണിവേഴ്സിറ്റി
കോളേജ്, തിരുവനന്തപുരം

ഒരു കാമ്പസിൽ നിലനിൽക്കുന്ന ലിംഗഭേദത്തിന്റെ രാഷ്ട്രീയം അവിടുത്തെ നിശ്വാസങ്ങളിൽ പോലും ഉണ്ട് എന്ന് മനസ്സിലാക്കാവുന്നത്. ക്യാമ്പസ് എങ്ങനെ ചിന്തിക്കുന്നു എന്ത് ചിന്തിക്കുന്നു എന്ത് പ്രവർത്തിക്കുന്നു, എല്ലാറ്റിലും ഈ രാഷ്ട്രീയം തീർച്ചയായും പ്രകടമാകും. ചോദ്യം ചെയ്യുന്നതിനും ഉത്തരങ്ങൾ കണ്ടെത്തുന്നതിനും ക്യാമ്പസുകൾ ഇടങ്ങളാണ്. നാളത്തെ സമൂഹം ആയതുകൊണ്ട് തന്നെ ക്യാമ്പസുകൾ ആവണം ഇത്തരം ചിന്തകൾക്ക് വേദി ആവേണ്ടുന്നതും.

എന്നാൽ ക്യാമ്പസിനുള്ളിലെ ലിംഗഭേദത്തിന്റെ രാഷ്ട്രീയം എവിടെ നിന്നാണ് വരുന്നതെന്നും എവിടേക്കാണ് പോകുന്നതുമെന്നതിനെ ആശ്രയിച്ചാണ് അവ തിരുത്തലുകൾക്കും പരിവപ്പെടുത്തലുകൾക്കും വിധേയമാകേണ്ടുന്ന ഇടമെന്ന നിലയിൽ മാറേണ്ടിയിരിക്കുന്നത്. അല്ലെങ്കിൽ കാമ്പസുകളുടെ പ്രാധാന്യം അത്തരത്തിലാണ് കണക്കാക്കപ്പെടേണ്ടുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾ ഔപചാരിക- അനൗപചാരിക ആർജ്ജിത വിദ്യാഭ്യാസത്തിന്റെ ഉൽപ്പന്നങ്ങൾ കൂടിയാണ് . ആ ഓരോ ഇടങ്ങളും അവരുടെ പരുവപ്പെടുത്തലുകൾക്ക് കാരണമായ ഘടകങ്ങൾ ആകുന്നു. അതുകൊണ്ടുതന്നെ പലപ്പോഴും സമൂഹ

ത്തിന്റെ പരിച്ഛേദങ്ങളായി തന്നെയാണ് ക്യാമ്പസുകൾ കാണാറുള്ളത് എന്നാൽ കാലഘട്ടം സമൂഹത്തിലും പൊതുവിദ്യാഭ്യാസ മേഖലയിലും ബോധപൂർവ്വം കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങൾ ഇന്നത്തെ ക്യാമ്പസുകളിൽ പ്രതിഫലിക്കുന്നുണ്ടോ എന്ന് തന്നെയാണ് വിലയിരുത്തേണ്ടത്. ക്യാമ്പസിലെ പൊതു ഇടങ്ങളിലും പൊതുവേദികളിലും ലിംഗഭേദം എന്നിവയുള്ള പങ്കാളിത്തങ്ങൾ അവയ്ക്ക് നിധാനമാണ്. കോവിഡ് കാലത്തിൽ തങ്ങളുടെ ഇടങ്ങളിൽ ചുരുങ്ങിപ്പോയ ജനം സമൂഹമാധ്യമങ്ങളിലൂടെ മനസ്സുകൊണ്ട് ലോകം കാണുകയായിരുന്നു എന്നു പറഞ്ഞാൽ തെറ്റില്ല. ലോകത്തോടൊപ്പം അതിവേഗം അവർ സഞ്ചരിക്കുകയായിരുന്നു എന്ന



തിന് നിദാനമായ മാറ്റങ്ങളാണ് ഇന്ന് ക്യാമ്പസിൽ എത്തിച്ചേരുന്ന തലമുറയിലൂടെ പ്രകടമാകുന്നത്. തങ്ങളിലെ കുറവുകൾ തിരിച്ചറിയുന്നതിന് ഒരല്പം അകലെ നിന്ന് തങ്ങളിലേക്ക് തന്നെ തിരിഞ്ഞു നോക്കുക എന്ന തത്വചിന്ത മുന്നോട്ടുവെച്ച ആദം സ്മിത്തിന്റെ സിദ്ധാന്തം തന്നെയാണ് ഇവിടെയും പ്രവർത്തിച്ചിരിക്കുന്നത്. സമൂഹം കൂടുതൽ ലോകം കണ്ടു തുടങ്ങിയിരിക്കുന്നു. തങ്ങളുടെതായ സുരക്ഷിതമെന്നു കരുതിയ ഇടങ്ങളിൽ നിന്നും മാറി ചിന്തിക്കാൻ ഇന്ന് അവർ തുടങ്ങിയിരിക്കുന്നു. ലോകത്ത് പൊതുവിൽ എന്ത് നടക്കുന്നു എന്ന് അറിഞ്ഞു തുടങ്ങിയ സമൂഹം തങ്ങളുടെ ചിന്തകളിലെ പോരായ്മകളെ തിരിച്ചറിയാനും ചോദ്യം ചെയ്യാനും തുടങ്ങിയിരിക്കുന്നു. രണ്ടുവർഷം ഇൻറർനെറ്റിന്റെ ലോകം ചെലുത്തിയ സ്വാധീനമാവാം ക്യാമ്പസുകളിലും ഇന്ന് പ്രകടമാകുന്നത് . നാട്ടിലെ കലുങ്കുകൾ പോലെയായിരുന്നു ക്യാമ്പസുകളിലെ പൊതുവിടങ്ങൾ. ഒരുകാലത്ത് ആൺകുട്ടികൾ മാത്രം ഇരുന്നിരുന്ന ഇടങ്ങൾ ആയിരുന്നു . അവിടെ നടക്കാത്ത ചർച്ചകൾ ഉണ്ടായിരുന്നില്ല. യുവത്വം തങ്ങളുടെ ചിന്തകൾ പങ്കുവെച്ചതും വളർത്തിയതും അത്തരം ഇടങ്ങളിൽ ആയിരുന്നു . ക്ലാസ് മുറികളിലെ ചർച്ചകളുടെ ബാക്കിയായും അതിലേറെയുള്ള ചിന്തകൾക്കും വർത്തമാനങ്ങൾക്കും ഉള്ള ഇടങ്ങളായും അവ നാം കണ്ടതാണ്. വിരലിൽ എണ്ണാവുന്നതായിരുന്നു അത്തരം ഇടങ്ങളിലെ ഇതരലിംഗക്കാരുടെ സാന്നിധ്യം. എന്നാൽ പ്രകടമായ മാറ്റമായാണ് ഇന്നു കാണുന്ന പങ്കാളിത്തങ്ങൾ നമുക്ക് അനുഭവവേദ്യമാകുന്നത്. തങ്ങളുടെയും ആശയങ്ങൾ പങ്കുവയ്ക്കുന്ന ലിംഗവൈവിധ്യ ഇതരലിംഗക്കാരെയും ഇന്ന് ഇടങ്ങളിൽ നമുക്ക് കാണാം. Peer group learning ഡിസ്കഷൻസ് സാധ്യമാകുകയാണ് ഇവിടെ . അഭിപ്രായങ്ങൾ പറയുന്നതിൽ മാത്രമല്ല അവ ഏവരും സ്വീകരിക്കുന്നതിലും ഉൾക്കൊള്ളുന്നതിലും ഈ മാറ്റം പ്രകടമാണ്.

എന്നാൽ ചില വിദ്യാർത്ഥിനികളോടെങ്കിലും അഭിപ്രായം ആരായാൻ ശ്രമിച്ചപ്പോൾ കിട്ടിയ മറുപടി ആശ്വാസകരമായി തോന്നിയില്ല. ആൺകു

ട്ടികളിൽ ചിലരെങ്കിലും 'ഇപ്പോഴും നിങ്ങൾക്കിതൊന്നും അറിയില്ല, നിങ്ങൾ കണ്ടതൊന്നുമല്ല, നിങ്ങൾ വിചാരിക്കും പോലെയല്ല' എന്നൊക്കെയുള്ള വാദഘണ്ണിക്കലുകൾക്ക് മുതിരുന്നുണ്ട് എന്നാണ് അവർ അഭിപ്രായപ്പെട്ടത്. കൂട്ടത്തിൽ അഭിപ്രായം പറയുന്നതിൽ നിന്നും ഇത്തരം പ്രവണതക്കാർ തങ്ങളെ പിന്തിരിപ്പിക്കുന്നു എന്നവർ അഭിപ്രായപ്പെടുന്നു. അത്തരക്കാരെ പക്ഷേ തങ്ങൾ ഭയക്കുന്നില്ല എന്നും, അഭിപ്രായം അനിവാര്യമായ ഇടങ്ങളിൽ തങ്ങൾക്ക് വേണ്ടി വാദിച്ചു മുന്നേറുവാൻ തന്നെയാണ് തീരുമാനമെന്നും അവർ കൂട്ടിച്ചേർക്കുന്നിടത്താണ് മാറ്റത്തിന്റെ പച്ചക്കൊടികൾ കൂടുതൽ തെളിഞ്ഞു കാണുന്നത്. ഇത്തരം ഇതരലിംഗക്കാർക്ക് തങ്ങളുടെ പങ്കാളിത്തം പുറത്തു വരുത്തേണ്ട ഘട്ടങ്ങളെ പറ്റി പല ഉദാഹരണങ്ങളും വിദ്യാർത്ഥിനികൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ബിരുദ പഠന വനിതാകോളേജുകളിൽ  കുട്ടികളിൽ ചിലർ പറയുന്നത് മിക്സഡ് ക്യാമ്പസിലെ അവരുടെ പങ്കാളിത്തം പലപ്പോഴും ചോദിച്ചു വാങ്ങേണ്ടുന്നതും ഇടിച്ചു കയറി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമായ സാഹചര്യം നിലനിൽക്കുന്നു എന്നാണ്. മുൻപ് ക്ലാസ് മുറിയിലെ പോടിയം നീക്കിവയ്ക്കാൻ വനിതാ കോളേജിൽ തങ്ങൾ മതിയായിരുന്നു എങ്കിൽ ഇന്ന് മിക്സഡ് കോളേജ് ക്ലാസ് റൂമിൽ എത്തുമ്പോൾ അധ്യാപകന്മാരും വിദ്യാർത്ഥികളും പൊതുവിൽ ആവശ്യപ്പെടുന്നത് ആൺകുട്ടികളോട് തന്നെയാണ്. പരിഗണനകളിലും അതിലൂടെ പങ്കാളിത്തത്തിലും തങ്ങൾ രണ്ടാം സ്ഥാനത്തേക്ക് പോകുന്നതായി അവർ അഭിപ്രായപ്പെടുന്നു . തങ്ങൾക്കും അവകാശമുള്ള ഇടമാണെന്ന് അതുകൊണ്ട് ഏതായാലും ഇതരലിംഗക്കാർ തിരിച്ചറിയുന്നുണ്ട് എന്നത് പ്രതീക്ഷയാണ്. അവരെ അംഗീകരിക്കുവാൻ കഴിയുന്ന ഒരു സമൂഹത്തിനായി കൂടി നമുക്കിനിയും പ്രവർത്തിക്കേണ്ടിയിരിക്കുന്നു ഇന്ന്



**ബിരുദ പഠന വനിതാകോളേജുകളിൽ കുട്ടികളിൽ ചിലർ പറയുന്നത് മിക്സഡ് ക്യാമ്പസിൽ അവരുടെ പങ്കാളിത്തം പലപ്പോഴും ചോദിച്ചു വാങ്ങേണ്ടുന്നതും ഇടിച്ചു കയറി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമായ സാഹചര്യം നിലനിൽക്കുന്നു എന്നാണ്. മുൻപ് ക്ലാസ് മുറിയിലെ പോടിയം നീക്കിവയ്ക്കാൻ വനിതാ കോളേജിൽ തങ്ങൾ മതിയായിരുന്നു എങ്കിൽ ഇന്ന് മിക്സഡ് കോളേജ് ക്ലാസ് റൂമിൽ എത്തുമ്പോൾ അധ്യാപകന്മാരും വിദ്യാർത്ഥികളും പൊതുവിൽ ആവശ്യപ്പെടുന്നത് ആൺകുട്ടികളോട് തന്നെയാണ്. പരിഗണനകളിലും അതിലൂടെ പങ്കാളിത്തത്തിലും തങ്ങൾ രണ്ടാം സ്ഥാനത്തേക്ക് പോകുന്നതായി അവർ അഭിപ്രായപ്പെടുന്നു .**

ചുരുക്കം കോവിഡ് കാലത്തിനുശേഷം ക്യാമ്പസുകളിൽ വസ്ത്രധാരണ രീതികളിലും അഭിരുചികളിലും വന്ന മാറ്റവും പ്രകടമായ ഒന്നാവുന്നു. തമാശയെങ്കിലും ചലച്ചേഹശഃ ലൈ്വലശലകെൾ ക്യാമ്പസുകളിൽ ഇറങ്ങി നടന്നു പോകുന്ന പോലുണ്ട് എന്ന് പറഞ്ഞു കേൾക്കാറുണ്ട്. K Dramaകളുടെ സ്വാധീനവും trend selters ആയ മറ്റു പലതിന്റെയും പരിഛേതങ്ങളും കാരണങ്ങളായി കുട്ടികൾ തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്. ഓൺലൈൻ ഷോപ്പിംഗ് വ്യാപകമായതോടെ ആഗോളവൽക്കരണത്തിന്റെ ഒന്നാംവരിയിൽ തന്നെയുള്ള ഉപഭോക്താക്കളായി നാം മാറുകയാണ്. വസ്ത്രധാരണത്തിലെ പുതുമകൾ മാത്രമല്ല അവയിൽ ഉൾപ്പെടുന്നത് പൊച്ച് ഒരു കാഴ്ചയോ കൗതുകമോ അല്ല വളരെ സാധാരണയായി ഒന്നായി മാറിക്കഴിഞ്ഞു. പലപ്പോഴും അതിക്രമങ്ങൾക്ക് കാരണമായി ഇതരലിംഗ വസ്ത്രധാരണത്തെ ചൂണ്ടിക്കാണിക്കുന്നത് നമ്മൾ കാണുന്നതാണ്. ഖചഡ പോലുള്ള ക്യാമ്പസുകളിൽ പോലും പ്രശ്നപരിഹാര സെല്ലുകളിലേക്ക് എത്തിയ കേസുകളിൽ പെൺകുട്ടിയെ വിചാരണ ചെയ്തവർ അവർ ധരിച്ചിരുന്ന വസ്ത്രം ഏതായിരുന്നു എന്ന് ഉള്ളതായിരുന്നു എന്നുള്ളതൊക്കെ വിവാദങ്ങളും പ്രതിഷേധങ്ങളും ഉണ്ടാക്കിയിരുന്നു എന്നുള്ളിടത്തേക്കാണ് ഇത്തരം ചുവടുവെപ്പുകളും ചിന്തകളും ഉണ്ടാകുന്നത് എന്നാണ് പ്രതീക്ഷയാവുന്നത് . അപ്പോഴും ക്യാമ്പസുകളുടെ rural -urban



തു ഇടകളിലും കൂട്ടങ്ങളിലും മിക്സഡ് ക്യാമ്പസുകളിലും ഒരുകാലത്ത് നിഷിദ്ധം എന്ന് കരുതിയിരുന്ന വസ്ത്രധാരണ രീതികളും അവയിൽ ഉൾപ്പെടുന്നു എന്നതാണ് മാറ്റം. ഒരു സ്ലീവ്ലെസ് ഇടുന്നതിനോ ഷോർട്സ് ഇടുന്നതിനോ ഇന്നത്തെ കുട്ടികൾ സധൈര്യം മുന്നോട്ട് വരുന്നുണ്ട് എന്നതാണ് കാണുന്നത്. പണ്ടൊക്കെ ഒന്നോ രണ്ടോ പേരായിരുന്നു ഒരു ക്യാമ്പസിൽ ഇത്തരം വസ്ത്രങ്ങൾ ഇടാൻ ധൈര്യവും താല്പര്യവും കാണിച്ചിരുന്നത് ഇപ്പോൾ എല്ലാവരും അങ്ങനെ തന്നെ എവിടെ നോക്കിയാലും അത് തന്നെ. അതിപ്പോ പ്രത്യേകി നേച്ചർ അവയെ സ്വാധീനിക്കുന്നുണ്ട് എന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു റൂറൽ ക്യാമ്പസിലോ അവയുടെ പരിസരപ്രദേശങ്ങളിലോ ഈ മാനസിക വളർച്ച എത്തിപ്പെട്ടിട്ടുണ്ടോ എന്ന കാര്യം സംശയത്തിൽ തന്നെയാണ് വ തങ്ങളുടെ സെക്ഷ്വാലിറ്റിയും സെക്ഷനൽ ഐഡന്റിറ്റിയും സെക്ഷൽ ഓറിയന്റേഷൻ തിരിച്ചറിയുന്നതിനും തുറന്നു പറയുന്നതിനും പ്രകടമാകുന്നതിനും അവ അംഗീകരിക്കുന്നതിനും ഉതകുന്ന ഒരു തലമുറ കൂടി നമുക്ക് ക്യാമ്പസുകളിൽ ഉണ്ട് എന്ന് കാണാവുന്നതാണ്. ദിനാചരണങ്ങളിൽ മാത്രം ഒതുങ്ങി നിൽ


**സമൂഹത്തിന്റെ പരിച്ഛേദമായ ക്യാമ്പസുകളുടെ ഭാഗം തന്നെയാണല്ലോ അധ്യാപകരും ആവശ്യമെങ്കിൽ നിയമങ്ങളും ശ്രദ്ധയോടുള്ള ഇടപെടലുകളും ആവശ്യമായ ഇടങ്ങൾ തന്നെയാണ് അവയും. പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്നവ കൈകാര്യം ചെയ്യുന്നവർ എന്ന നിലയ്ക്ക് തീർച്ചയായും അധ്യാപകരുടെ പങ്ക് വളരെ വലുതാണ്. കുട്ടികളോടൊപ്പം അവരെക്കാൾ മുകളിലോ വളരേണ്ടവർ തന്നെയാണ് സമൂഹവും.**

ക്കുന്നത് അല്ല ഇന്ന് ക്യാമ്പസുകൾക്ക് ഇക്കാര്യങ്ങൾ സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിച്ച സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവത്തിന് ക്യാമ്പസ് റവന്യൂ ആയപ്പോൾ വകുപ്പ് ഡയറക്ടർ ആയ ശ്രീമതി എം അഞ്ജന അഭിപ്രായപ്പെട്ടത് കോളേജിലെ വിദ്യാർത്ഥികളിൽ ഒരു കുട്ടി പോലും അലോസരപ്പെടുത്തുന്ന ഒരു നോട്ടത്തിലൂടെ പോലും ടങ്ങളിലും മറ്റും സൂക്ഷ്മതയോടെയുള്ള ഇടപെടലുകളും വിശദീകരണങ്ങളും ക്യാമ്പസുകൾ ആവശ്യപ്പെടുന്നുണ്ട് എന്ന് സാരം. എണ്ണത്തിൽ കുറവെങ്കിലും sensitised അല്ലാത്ത അധ്യാപകർ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിദ്യാർത്ഥികൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. സമൂഹത്തിന്റെ പരിച്ഛേദമായ ക്യാമ്പസുകളുടെ ഭാഗം തന്നെയാണല്ലോ അധ്യാപക




കമ്മ്യൂണിറ്റി അംഗങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നാണ് . അതാണ് ക്യാമ്പസിൽ നിലനിൽക്കുന്ന ലിംഗഭേദത്തിന്റെ /ലിംഗ നീതിയുടെ രാഷ്ട്രീയം കൂടിയാകുന്നു. എന്നാൽ ചില അനുഭവങ്ങളിലെങ്കിലും കുട്ടികളിൽ ചിലർ ക്വിയർ റിലേഷനെ സ്റ്റൈറ്റൽ ഫാക്ടർ ആയോ ട്രെൻഡ് സെൽട്ടർ ആയോ ഒക്കെ കാണുന്നുണ്ടോ എന്ന് സംശയിച്ചു പോകുന്നുണ്ട് . ഏതൊരു റിലേഷൻ പോലെയും വിവേകത്തോടെയുള്ള തെരഞ്ഞെടുപ്പും സ്പേസ് റെസ്പെക്ട് ചെയ്തുള്ള മുന്നോട്ടുപോകും അനിവാര്യമാണെന്ന് തിരിച്ചറിയാതിരിക്കുന്നതായും കാണുന്നുണ്ട് . കരിക്കുലവും സിലബസും ട്രാൻസാക്റ്റ് ചെയ്യുന്ന ഇരും ആവശ്യമെങ്കിൽ നിയമങ്ങളും ശ്രദ്ധയോടുള്ള ഇടപെടലുകളും ആവശ്യമായ ഇടങ്ങൾ തന്നെയാണ് അവയും . പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്നവ കൈകാര്യം ചെയ്യുന്നവർ എന്ന നിലയ്ക്ക് തീർച്ചയായും അധ്യാപകരുടെ പങ്ക് വളരെ വലുതാണ്. കുട്ടികളോടൊപ്പം അവരെക്കാൾ മുകളിലോ വളരേണ്ടവർ തന്നെയാണ് സമൂഹവും .

ഉന്നത വിദ്യാഭ്യാസമേഖലയിൽ കൊണ്ടുവരുന്ന സമഗ്രമായ മാറ്റത്തിന്റെ കരടുകളും ചർച്ചകളും പുരോഗമിക്കുന്ന ഈ ഘട്ടത്തിൽ വളരെയേറെ പ്രതീക്ഷകൾ തന്നെയാണ് ഇൻക്ലൂസീവ് സ്വഭാവത്തോടെ മാറുന്ന ഇന്നത്തെ ക്യാമ്പസുകൾക്ക് മുന്നോട്ട് വയ്ക്കാനുള്ളത്.



**ഡോ. സുമി ജോയ് ഓലിയപ്പുറം,**
അധ്യാപിക, മലയാള വിഭാഗം
മഹാരാജാസ് കോളേജ്

ഉന്നതവിദ്യാഭ്യാസരംഗത്ത് ജോലിയെടുക്കുന്ന അധ്യാപകരിൽ അറുപതു ശതമാനത്തോളമോ അതിലധികമോ വനിതകളാണ്. എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്തെ അക്കാദമികവും ഔദ്യോഗികവുമായ ബോഡികളിലെ  അധികാരസ്ഥാനങ്ങളിൽ എത്തിച്ചേരുന്ന വനിതകളുടെ എണ്ണം താരതമ്യേനെ തീരെ കുറവുമാണ് . ധസീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന ചുരുക്കം ചില സ്ഥാനങ്ങളിൽ ഈ നില മാറുന്നുണ്ട് .

ഉന്നതവിദ്യാഭ്യാസരംഗത്തെ ഏറ്റവും ഉയർന്ന അധികാരസ്ഥാനങ്ങളിൽ തീരെയില്ല എന്നുതന്നെ പറയേണ്ടിവരും. കേരളത്തിൽ ഇപ്പോഴത്തെ വി.സി. മാരിൽ ഒരാൾ മാത്രമാണ് വനിതയായിട്ടുള്ളത്.ഇതേ വൈരുധ്യം ഉന്നതവിദ്യാഭ്യാസമേഖലയിൽ മറ്റൊരു രംഗത്തും കാണാം.ഉന്നതവിദ്യാഭ്യാസം നിർവഹിക്കാൻ എത്തിച്ചേരുന്നവരിൽ  എൺപതുശതമാനവും പെൺകുട്ടികളാണ്. എങ്കിലും അവരിൽ മഹാഭൂരിപക്ഷവും  തൊഴിൽരംഗത്തേക്ക് എത്തിച്ചേരാ

# ഉന്നത വിദ്യാഭ്യാസരംഗത്തെ സംഘടനകളും ലിംഗനീതിയും






തെ അപ്രത്യക്ഷമാവുകയാണ്.

ഉന്നതവിദ്യാഭ്യാസത്തിനെത്തിച്ചേരുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ രാജ്യത്തുതന്നെ ഒന്നാം സ്ഥാനത്തു നിൽക്കുന്നത് കേരളമായതുകൊണ്ട് ,ഈ സ്ഥിതിവിശേഷം തീവ്രമായ സാമൂഹ്യാസമത്വത്തിന്റെ പ്രശ്നമായി നിലനിൽക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാംസ്ഥാനത്ത് നമ്മുടെ സംസ്ഥാനമായ കേരളമാണുള്ളത്. ഉന്നതവിദ്യാഭ്യാസം നിർവഹിക്കുന്ന പെൺകുട്ടികളുടെ തൊഴിൽപങ്കാളിത്തത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഇരുപത്തിമൂന്നാം സ്ഥാനത്തോ അതിൽത്താഴെയോ മാത്രമാണ് കേരളം എന്നതുകൊണ്ടാണത്. വാസ്തവം പറഞ്ഞാൽ ഇതേ വൈരുധ്യങ്ങളുടെ മറ്റൊരു പതിപ്പ് മാത്രമാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ സംഘടനകളുടെ പ്രവർത്തനഘടനയിലും കണ്ടുവരുന്നത്. അധ്യാപകസംഘടനകളിലെ അംഗസംഖ്യയുടെ കാര്യത്തിൽ അറുപതുശതമാനത്തിനടുത്തോ അതിലധികമോ സ്ത്രീജീവനക്കാരായിരിക്കുമ്പോഴും പ്രസ്തുത സംഘടനകളിലെ അധികാരസ്ഥാനങ്ങളിൽ എത്തിച്ചേരുന്നവരും നിയമിക്കപ്പെടുന്നവരും തെരഞ്ഞെടുക്കപ്പെടുന്നവരുമായ വനിതകൾ പത്തുശതമാനമോ അതിൽത്താഴെയോ മാത്രമാണ് .

*എന്തുകൊണ്ട് ഇങ്ങനെ ?*

ഉന്നതവിദ്യാഭ്യാസരംഗത്ത് അധ്യയനത്തിനും അധ്യാപനത്തിനുമായി എത്തിച്ചേരുന്നവരിൽ വലിയൊരു പങ്ക് വനിതകളാണെന്നത് ശുഭോദർക്കമായ കാര്യമായല്ലേ കാണേണ്ടതെന്ന ചോദ്യം സ്വാഭാവികമാണ്. എന്നാൽ രാജ്യത്തെ സ്ത്രീകളുടെ മൊത്തം തൊഴിൽപങ്കാളിത്തം പരിഗണിക്കുമ്പോൾ വലുതായി ആശിക്കാൻ തക്കതായി ഒന്നുമിതിലില്ലെന്നതാണ് വസ്തുത. എന്തെന്നാൽ ഔദ്യോഗികകണക്കുപ്രകാരം രാജ്യത്തെ മൊത്തം തൊഴിൽശേഷിയുടെഇരുപതുശതമാനം മാത്രമേ സ്ത്രീകൾ ഉള്ളൂ എന്നാണ് കാണുന്നത്.

ഇരുപതുശതമാനത്തിൽത്തന്നെ തൊണ്ണൂറ്റിയേഴു ശതമാനവും അസംഘടിത മേഖലയിലത്രെ ! . മൂന്നുശതമാനം സ്ത്രീകൾ മാത്രമാണ് സംഘടിതമേഖലയിൽ പണിയെടുക്കുന്നത്. അതിൽ നല്ലൊരു ശതമാനവും പണിയെടുക്കുന്നത് അധ്യാപകരായും ആരോഗ്യ പ്രവർത്തകരായുമാണ്. അപ്പോൾ

എന്തുകൊണ്ട് അധ്യാപനആരോഗ്യ പ്രവർത്തനമേഖലകളിൽ സ്ത്രീകൾ കൂടുതലായി വരുന്നു എന്ന ചോദ്യം പ്രസക്തമായി വരുന്നു. സ്ത്രീകൾക്ക് അനുയോജ്യമെന്ന് സമൂഹം കരുതിവരുന്ന മേഖലകളാണവ എന്ന മറുപടിയാണ് പ്രാഥമികമായി നൽകാൻ പറ്റുന്നത്. സ്ത്രീകളുടെ ചുമതലകളെന്നു സമൂഹം വിചാരിച്ചു വരുന്ന ഗാർഹികകൃത്യങ്ങൾ മുടക്കം കൂടാതെയും ശിശുപരിചരണം അടക്കമുള്ള കാര്യങ്ങൾ കൂടുതൽ കാര്യക്ഷമതയോടെയും നിർവഹിക്കാൻ പറ്റുന്ന രീതിയിൽ ജോലി സമയം മാത്രമല്ല ജീവിതം തന്നെയും ക്രമീകരിക്കാൻ പറ്റുന്നവയായാണ് അധ്യാപനആരോഗ്യ ശുശ്രൂഷാരംഗത്തെ ഉദ്യോഗങ്ങൾ എന്ന കാഴ്ചപ്പാടിന്റെ തുടർച്ചയായിട്ടുവേണം ഈ രംഗത്തെ വർധിച്ചതോതിലുള്ള സ്ത്രീ പ്രാതിനിധ്യത്തെ കാണേ

ണ്ടത്. സ്ത്രീകൾ വീട്ടിനുള്ളിൽ നിർവഹിച്ചുവരുന്ന ഗാർഹികകൃത്യങ്ങളുടെ സാമൂഹ്യമാനമുള്ള വിപുലീകരണങ്ങളായി അധ്യാപനആരോഗ്യരംഗത്തെ ജോലികളെ വീക്ഷിക്കുന്ന രീതിയും ഇതിന്റെ മറുവശമായി കണ്ടുവരുന്നുണ്ട്. ഇത് രണ്ടുതരം പ്രതിസന്ധികൾ ഈ രംഗത്ത് ഉത്തരവാദിത്വബോധത്തോടെയും പൗരബോധത്തോടെയും പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് സൃഷ്ടിക്കുന്നുണ്ട്. ഒന്നാമതായി മികച്ച അധ്യാപിക / ആരോഗ്യപ്രവർത്തക എന്ന നിലയിൽ പ്രവർത്തിക്കാനാവശ്യമായ സമയം, സാഹചര്യം എന്നിവ ഭാവിലയിരുത്തപ്പെടുന്ന സമീപനം നിലനിൽക്കുന്നതുമൂലം ആത്മനിന്ദയുടെ നിഴലിൽ എന്നേക്കുമായി കഴിയാൻ വിധിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഇതിനെയൊക്കെ അതിജീവിക്കാൻ വളരെ കുറച്ചുപേർക്കേ കഴിയുന്നുള്ളൂ. സമൂഹത്തിലെ സ്ത്രീവിരുദ്ധവും പുരുഷാധിപത്യപരവുമായ പരമ്പരാഗതലിംഗമൂല്യസങ്കല്പങ്ങൾ സ്ത്രീകൾക്ക് തീർക്കുന്ന പ്രതിസന്ധികളുടെ ഫലമായാണ് ഇതെല്ലാം സംഭവിക്കുന്നത്.

ഉന്നതവിദ്യാഭ്യാസം നിർവഹിക്കാൻ കൂടുതൽ പെൺകുട്ടികൾ എത്തിച്ചേരുന്നതിന്റെ പിന്നിലും ഇ



രിച്ച ഗാർഹിക ഉത്തരവാദിത്വങ്ങൾ ഒറ്റയ്ക്ക് പേറേണ്ടിവരുന്നതുമൂലം സ്ത്രീകൾക്ക് നഷ്ടമാകുന്നു. രണ്ടാമതായി സ്ത്രീകളുടെ പ്രഥമവും പ്രധാനവുമായ ഇടം ഗൃഹവും ചുമതലകൾ ഗാർഹിക കൃത്യങ്ങളുമെന്ന സമീപനംമൂലം പൊതുഇടങ്ങളിലെ ഊർജ്ജസ്വലമായ പങ്കാളിത്തം നിർവഹിക്കുന്നതിൽ സമൂഹവും സമുദായവും കുടുംബവും ഉയർത്തുന്ന പ്രതിസന്ധികളും സമ്മർദ്ദങ്ങളും ഭാരിച്ചതാകുകയും ചെയ്യുന്നു. ഇതിനെയെല്ലാം മറികടന്നുകൊണ്ട് മികച്ച ഉദ്യോഗസ്ഥരായി പ്രവർത്തിക്കാൻ ചുരുക്കം ചിലർക്ക് കഴിഞ്ഞാൽത്തന്നെ, കുടുംബത്തിന്റെയും സമുദായത്തിന്റെയും അബോധതലത്തിൽ നിരന്തരം കുറ്റവാളികളായി അവരെതേ ലിംഗമൂല്യങ്ങൾതന്നെയാണ് പ്രവർത്തിക്കുന്നത്.

വിവാഹമാണ് സ്ത്രീകളുടെ ആത്യന്തിക ജീവിതലക്ഷ്യമെന്ന ചിന്തയ്ക്ക് അധിപത്യമുള്ള സമൂഹത്തിൽ, അതിനുള്ള കാര്യക്ഷമതയും യോഗ്യതയും പെൺകുട്ടികൾ ആർജ്ജിച്ചെടുക്കാനുള്ള അവസരവും ഇടവേളയും മാത്രമായി ഉന്നതവിദ്യാഭ്യാസത്തെ കാണുന്ന പ്രവണത ശക്തമാണ്. അതുമാത്രമല്ല ഉന്നതഡിഗ്രികൾ ഉള്ള സ്ത്രീയാണ് ഭാര്യ എന്നുള്ളത് പുരുഷന്റെ / സമുദായത്തിന്റെ / കുടുംബത്തിന്റെ അഭിമാനവും അന്തസ്സുമായി കരുതുന്ന രീതിയും കാണാം. സമുദായത്തിന്റെയോ കുടുംബത്തിന്റെയോ പുരുഷന്റെയോ കേവലം അ

ന്തസ്സിന്റെ പ്രശ്നമായി സ്ത്രീകളുടെ ഉന്നതബിരുദങ്ങൾ മാറുകയാണ് ഇവിടെ. അതുകൊണ്ടാണ് പി.എച്ച്.ഡി. അടക്കമുള്ള ഉന്നത ബിരുദങ്ങൾ നേടിയിട്ടും തൊഴിൽരംഗത്തേക്ക് എത്തിച്ചേരാതെ വീട്ടിനുള്ളിൽ കുഞ്ഞുങ്ങളെ വളർത്തിയും പരിപാലിച്ചും ജീവിക്കുന്ന സ്ത്രീകളെ കേരളത്തിൽ കാണാനാകുന്നത്.

*സംഘടനകളിലും അസമത്വം*

ഉന്നതവിദ്യാഭ്യാസരംഗത്തെ സംഘടനകളിലെ കുറഞ്ഞ സ്ത്രീപങ്കാളിത്തത്തിനു കാരണവും അന്വേഷിക്കേണ്ടത് , കേരളത്തിൽ നിലനിൽക്കുന്ന സ്ത്രീവിരുദ്ധമായ ലിംഗമൂല്യസങ്കല്പനങ്ങളിലാണ്. എന്നാൽ സ്ത്രീകളുടെ സംഘടനാരംഗത്തുള്ള പങ്കാളിത്തക്കുറവിനെ പൊതുവേ അവരുടെ രാഷ്ട്രീയ പരിചയമില്ലായ്മയുടെയും രാഷ്ട്രീയ ബോധമില്ലായ്മയുടെയും ഭാഗമായിട്ടാണ് വിലയിരുത്തി വരാറുള്ളത്. തികഞ്ഞ രാഷ്ട്രീയബോധമുള്ള പൗരകളായി സ്ത്രീകളെ വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്വമോ ജാഗ്രതയോ പ്രകടിപ്പിക്കാത്ത സമുദായത്തിലും സമൂഹത്തിലും ഇത്തരം വിലയിരുത്തലുകൾക്ക് പ്രത്യേക സ്വീകാര്യതതന്നെ കാണാവുന്നതാണ്. രാഷ്ട്രീയാധികാരസ്ഥാനങ്ങളിൽ നിന്നും സ്ത്രീകളെ എളുപ്പം പുറന്തള്ളാൻ സഹായിക്കുന്നു എന്നതിനാലാണ് ഇത്തരം പ്രതിലോമകരമായ വിലയിരുത്തലുകൾക്ക് ഇക്കൂട്ടർക്കിടയിൽ പ്രിയം കൂടുന്നത്. 1996-ൽ കേരളത്തിലെ ജനകീയാസൂത്രണരംഗത്ത് മുപ്പത്തിമൂന്നു ശതമാനം വനിതാസംവരണം നടപ്പിലാക്കിയപ്പോൾ , മതിയായ എണ്ണം രാഷ്ട്രീയബോധമുള്ള സ്ത്രീകളെ സ്ഥാനാർഥികളായി ലഭിക്കുന്നില്ല എന്ന് മിക്ക രാഷ്ട്രീയപാർട്ടികളും വ്യാപകമായി പരാതി ഉയർത്തിയതോർക്കുക. എന്നാൽ ഏതാണ്ട് ഇരുപത്തഞ്ചു വർഷങ്ങൾക്കിപ്പുറം 2020-ൽ നടന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനു ശേഷം, അധികാരത്തിലെത്തിയവരിൽ സ്ത്രീകളുടെ പ്രാതിനിധ്യം അമ്പതു ശതമാനത്തിലധികമാണെന്നു കാണാം. ഇന്ന് യോഗ്യതയുള്ള വനിതാസ്ഥാനാർഥികളുടെ അഭാവം രാഷ്ട്രീയപ്പാർട്ടികളുടെ പ്രശ്നമല്ലാതായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അവസരം നൽകിയാൽ കൃത്യവും ശക്തവുമായ രാഷ്ട്രീയവ്യക്തിത്വം ആർജിച്ചു വളരാൻ സ്ത്രീകൾക്കാകുമെന്നതിന്റെ പ്രത്യക്ഷ തെളിവായി ഈ മേഖലയിൽ വർധിച്ചുവരുന്ന സ്ത്രീ പങ്കാളിത്തത്തെ കാണാവുന്നതാണ്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ പരിഗണിക്കുമ്പോൾ രാഷ്ട്രീയപ്രവർത്തനത്തിനു സജ്ജരായ സ്ത്രീകൾ സംഘടനകൾക്കുള്ളിൽനിന്ന് ഉണ്ടാകുന്നില്ല എന്ന പരാതി ഉയർത്തുന്നവരുടെ പ്രതിലോമപരമായ രാഷ്ട്രീയതാല്പര്യങ്ങൾ സൂക്ഷ്മമായിത്തന്നെ തിരിച്ചറിയേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസരംഗത്ത് ഇന്ന് ധാരാളം സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ കൃത്യമായ രാഷ്ട്രീയദിശാബോധമുള്ള സംഘടനകളും അല്ലാത്തവയും ഉണ്ട്. എന്നാൽ ഇവയിലെല്ലാം ഒരുപോലെ സ്ത്രീ പ്രാതിനിധ്യം തീരെക്കുറവായാണ് കണ്ടുവരുന്നത്. സംഘടനകളിലെ ഏറ്റവും ഉയർന്ന സ്ഥാനങ്ങളിലേക്ക് സ്ത്രീകൾ എത്തിച്ചേരുന്നതേയില്ല എന്നു കാണാം. എ.കെ.പി.സി.ടി.എയുടെ സംസ്ഥാന പ്രസിഡന്റായി ശ്രീമതി.എ.ജി. ഒലീന രണ്ടു വർഷക്കാലം തെരഞ്ഞെടുക്കപ്പെട്ടതു മാത്രമാണ് ഈ രീതിയിൽ നിന്നു വ്യത്യസ്തമായി ചൂണ്ടിക്കാണിക്കാനുള്ളത്. എന്നാലിതിന് തുടർച്ച ഉണ്ടാകാത്തതിനാൽ കേവലം ഒരു അപവാദമായേ പറയാനാകുകയുള്ളൂ.

ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഒരു സംഘടനയിൽ , ഇരുപതു വർഷത്തിലേറെക്കാലം പ്രഗൽഭയായ ഒരു ടീച്ചർ വൈസ് പ്രസിഡന്റായി തുടർന്ന ചരിത്രം കാണാം. വൈസ്പ്രസിഡന്റു സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യുന്ന രീതി പിന്തുടർന്നതു കൊണ്ടു ലഭിച്ച സ്ഥാനമാണെന്നതും കണക്കിലെടുക്കേണ്ടതുണ്ട്. അതിനോടൊപ്പം മറ്റൊരു സ്ത്രീ നേതാവും പ്രസ്തുത സംഘടനയ്ക്കുള്ളിൽ നിന്നും ആ ഇരുപതു കൊല്ലങ്ങൾക്കിടയിൽ ശ്രദ്ധേയമായ നിലയിൽ സംഘടനാ രംഗത്ത് ഉയർന്നു വന്നില്ല എന്നതും കാണേണ്ടതുണ്ട്. ആ സംഘടനയ്ക്കുള്ളിൽ അത്ര പ്രാധാന്യമുള്ള നിലയിലല്ലാതെ അംഗങ്ങളായി പ്രവർത്തിച്ച പല സ്ത്രീകളും പിന്നീട് കേരളത്തിന്റെ പാർലമെന്ററി രാഷ്ട്രീയത്തിൽ ശക്തവും പ്രമുഖവുമായ നിലയിൽ ഉയർന്നുവന്നിട്ടുണ്ടെന്ന കാര്യം പരിഗണിക്കുമ്പോൾ , ഈ അഭാവം കൂടുതൽ പഠനാർഹമായ വിഷയമായി മാറുന്നുണ്ട്. അതു മാത്രമല്ല ശക്തമായ രാഷ്ട്രീയ പാരമ്പര്യമുള്ള കുടുംബത്തിൽ നിന്നു വന്ന , കേരളം മുഴുവൻ പരന്നു കിടക്കുന്ന യൂണിറ്റുകളിലൂടെ സഞ്ചരിച്ചുതന്നെ പ്രവർത്തിക്കാൻ തയ്യാറായ വ്യക്തിയായിരുന്നിട്ടും ഒരു വനിതാനേതാവിന് എന്തുകൊണ്ട് ഇരുപതിലേറെ വർഷം ഒരേ സ്ഥാനത്ത് മാറ്റമില്ലാതെ തുടരേണ്ടി വന്നുവെന്ന കാര്യവും ശ്രദ്ധിക്കേണ്ട വിഷയമാണ്.പ്രസ്തുത ടീച്ചർ സംഘടനയുടെ ആദ്യകാല നേതാക്കളിൽ ഒരാൾ കൂടിയാണെന്നതും കണക്കിലെടുക്കേണ്ടതുണ്ട്. അന്നു കേരളത്തിൽ പൊതുവെ നിലനിന്നിരുന്ന സ്ത്രീ വിരുദ്ധമായ പ്രവ

ണതകൾക്കും

കീഴ് വഴക്കങ്ങൾക്കും അതീതമായി ഒരു സംഘടനയ്ക്കുമാത്രം പ്രവർത്തിക്കുക എന്നത് സാധ്യമായ കാര്യമല്ല എന്ന കാര്യം കാണാതിരിക്കുന്നില്ല. ശ്രീമതി. എ.ജി. ഒലീന, സംസ്ഥാന നേതാവാകുന്നത് സ്ത്രീവിരുദ്ധസമീപനങ്ങൾ തിരിച്ചറിയുകയും സ്ത്രീപക്ഷസമീപനങ്ങൾക്ക് പ്രാമുഖ്യവും രാഷ്ട്രീയപ്രാധാന്യവും ലഭിച്ചു തുടങ്ങിയ അടുത്ത കാലത്താണെന്നതും കണക്കിലെടുക്കേണ്ടതുണ്ട്. അപ്പോഴും ഒറ്റപ്പെട്ടതെങ്കിലും പ്രതീക്ഷാഭരിതമായ ഇത്തരം സംഭവങ്ങൾക്ക് കേരളസമൂഹത്തിൽ തുടർച്ച ഉണ്ടാകാതെ പോകുന്നതെന്തുകൊണ്ടെന്ന കാര്യം കൃത്യമായി പഠിക്കപ്പെടേണ്ട ഒന്നായി നിലനിൽക്കുന്നു എന്ന കാര്യം കാണാതെ പോകരുത്.

*സംഘടനകൾക്കുള്ളിൽ സ്ത്രീസംവരണമോ?*

ഉന്നതവിദ്യാഭ്യാസരംഗത്തെ സംഘടനകൾക്കുള്ളിൽ നേതാക്കളായി വനിതകൾ പ്രവർത്തിക്കുന്ന രീതി പൊതുവേ പത്തു ശതമാനത്തിൽത്താഴെ മാത്രമേ സംഭവിക്കുന്നുള്ളൂ . ഈ കുറവ് പരിഹരിക്കാൻ മിക്ക സംഘടനകളും ചില പ്രത്യേക സ്ഥാനങ്ങൾ സ്ത്രീകൾക്ക് മാത്രമായി സംവരണം

നിതകൾക്ക് പ്രത്യേകം പ്രതിനിധികളെ ഏർപ്പെടുത്തുന്ന രീതിയും കോളേജുകളിൽ കാണാം. ഇതിനു സമാനമായി സ്ത്രീകളെ മുൻ നിർത്തി പ്രത്യേകം സബ് കമ്മറ്റികൾ രൂപീകരിക്കുന്ന രീതിയും

സംഘടനകൾക്കുള്ളിൽ കണ്ടുവരുന്നു. ഈ സമീപനംമൂലം വനിതകൾക്ക് മുൻ കൈയ്യെടുത്ത് പ്രവർത്തിക്കാൻ ഒരു വേദി സംഘടനകളുടെ കർശനനിയന്ത്രണങ്ങൾക്കുള്ളിലാണെങ്കിലും തുറന്നുകിട്ടുകയാണ്. സ്ത്രീകൾക്കു മാത്രമായി ഒരു വേദി നൽകിക്കൊണ്ട് , സംഘടനയുടെ മുഖ്യധാരയിൽ നിന്ന് സ്ത്രീകളെ മാറ്റി നിർത്താനുള്ള ഉപായമാണോ ഇതെന്ന ആരോപണം പതിവായി ഉയർന്നു വരാറുണ്ട്. എങ്കിലും ചില സംഘടനകളിൽ നിന്നെങ്കിലും ഉയർന്ന തലങ്ങളിലേക്ക് കുറഞ്ഞ തോതിലാണെങ്കിലും വനിതകൾ എത്തിച്ചേരാൻ ഈ രീതി സഹായകമായിട്ടുണ്ട്.

അംഗസംഖ്യയിൽ സ്ത്രീകൾ കൂടുതലായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, വനിതകൾക്ക് പ്രാതിനിധ്യം വേണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല.പക്ഷേ ആർക്കുവേണം ,എത്രത്തോളം വേണം, എങ്ങനെ വേണം എന്നതിലൊക്കെ അ



ചെയ്യുന്ന സമീപനം സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ കോളേജ് ഇലക്ഷനുകളിൽ, വൈസ് ചെയർമാൻ സ്ഥാനം പെൺകുട്ടികൾക്ക് മാത്രമായി മാറ്റിവയ്ക്കുന്നതിന് സമാനമായ രീതിയാണിത് .വ

വ്യക്തത നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ സംഘടനകൾക്കുള്ളിൽ ഏകരൂപത ഇല്ലാ എന്നും കാണാവുന്നതാണ്. ഇത് ഉയർത്തുന്ന പല പ്രശ്നങ്ങളുണ്ട്. ഉദാഹരണമായി ഒരു സംഘടന, സം

വാദങ്ങൾക്കൊടുവിൽ പത്തു ശതമാനമോ അതിലധികമോ സംവരണം സ്ത്രീകൾക്ക് ഉയർന്ന കമ്മറ്റികളിൽ കൊടുക്കാൻ തീരുമാനിച്ചു എന്ന് കരുതുക .അപ്പോൾ ആരെ ആയിരിക്കും തെരഞ്ഞെടുക്കാൻ സാധ്യതയുള്ളത് ? ആ തെരഞ്ഞെടുപ്പിന്റെ തീരുമാനം എടുക്കുന്ന കമ്മറ്റിയിൽ ആരായിരിക്കും നേതൃത്വം വഹിക്കുക ? പുരുഷാധിപത്യ സമൂഹത്തിൽ അധികാരം പങ്കുവെച്ച് നൽകുവാനുള്ള ഉത്തരവാദിത്വവും അതുവരെ അധികാരം കയ്യാളാൻ അവസരം ലഭിച്ചവർക്കു തന്നെയായിരിക്കുമല്ലോ. അതിനാൽ അധികാരനിലയിലുള്ളവർ നടത്തുന്ന അത്തരം തെരഞ്ഞെടുപ്പുകളിൽ, തങ്ങൾക്ക് വിധേയത്വമുള്ളവരെന്ന് തങ്ങൾ കരുതുന്ന, തങ്ങൾക്ക് എളുപ്പത്തിൽ സ്വാധീനിക്കാൻ കഴിയുന്ന വ്യക്തികൾ എന്ന് തങ്ങൾ കരുതുന്ന, വനിതകൾക്ക് അവസരം ലഭിക്കാൻ സാധ്യതയേറും.വനിതാനേതാക്കൾ എന്ന നിലയിൽ താഴെത്തട്ടിൽനിന്ന് തന്നെ ക്രമമായി പ്രവർത്തിച്ചു വരുന്ന രീതി ഇല്ലാത്തയിടത്തോളം കാലം ഇത്തരം തെരഞ്ഞെടുപ്പിനുള്ള സാധ്യത തള്ളിക്കളയാനാകില്ല. ആരുടെയും സ്വാധീനത്തിനു കീഴിലായല്ലാതെ കഴിവ് തെളിയിച്ചുതന്നെ വനിതകൾക്ക് മുകൾത്തട്ടിലേക്ക് കടന്നു വരാൻ കഴിയണമെങ്കിൽ ആദ്യം വേണ്ടത് താഴെത്തട്ടിൽത്തന്നെ നേതൃനിരയിൽ വിപുലമായ സ്ത്രീ പ്രാതിനിധ്യം ഉണ്ടാകുക എന്നതാണ്. ആദ്യ ഘട്ടത്തിൽ സംവരണാടിസ്ഥാനത്തിൽ ത്തന്നെ ഈ പ്രാതിനിധ്യം ഉറപ്പാക്കേണ്ടി വരും. അതിന് യോജിക്കുന്ന രീതിയിൽ സംഘടനാസംവിധാനം പുന:സംഘടിപ്പിക്കേണ്ടിവരും.

യൂണിറ്റ്തലങ്ങളിൽ സെക്രട്ടറിമാരായി പ്രവർത്തിച്ച വനിതകൾ, വർഷങ്ങളുടെ അനുഭവസമ്പത്തിന്റെ ഭാഗമായി ജില്ലാതലങ്ങളിലേക്കും മേഖലാതലങ്ങളിലേക്കും സംസ്ഥാന തലങ്ങളിലേക്കും ക്രമമായി എത്തിച്ചേരുക വഴി രണ്ടു ഗുണങ്ങൾ ആണ് ഉണ്ടാവുക . ഒന്ന് വനിതകൾ അധികാര സ്ഥാനങ്ങളിൽ ക്രമാനുസൃതമായ രീതിയിൽ എത്തിച്ചേരുന്നു എന്ന കാര്യം ഉറപ്പാക്കാനാകും.രണ്ട് അനുഭവ പരിചയവും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിവുമുള്ള വനിതകൾ ഇത്തരം സ്ഥാനങ്ങളിൽ എത്തിച്ചേരുന്നു എന്ന് ഉറപ്പാക്കാനാകും. ഇത്തരം സ്ഥിതിവിശേഷം താഴെത്തട്ടിൽ ആവശ്യത്തിന് നിലനിൽക്കാത്തതിനാൽ കേവലം സംവരണാടിസ്ഥാനത്തിൽമാത്രം പത്തു ശതമാനമോ അതിൽ കുറവോ സ്ഥാനത്തേക്ക് സ്ത്രീകളെ പരിഗണിക്കുന്ന (അതും നോമിനേഷൻ വഴി . ഈ നോമിനേഷനു പിന്നിൽ ആരുടെ താൽപര്യമാണ് പ്രവർത്തിക്കുന്നത് എന്നതും പ്രധാനമാണ്.) രീതിയാണ് ഇന്ന് എല്ലാ തലങ്ങളിലും മിക്ക സംഘടനകളിലും വ്യാപകമായി കണ്ടുവരുന്നത്. ഇതിൽ രണ്ടു ദോഷങ്ങൾ ആണുള്ളത് .സംവരണം ഉറപ്പാക്കാനായി പത്ത് ശതമാനം വനിതകൾ വരണമെന്നേ സംഘടനകൾക്കുള്ളൂ .അതിനാൽ അധികാരതലങ്ങളിലുള്ളവർക്ക് തങ്ങൾക്ക് അഭിമതരായിട്ടുള്ള വനിതകളെ മാത്രം ആ സ്ഥാനത്തേക്ക് വയ്ക്കാനും അവർ അനഭിമതരാകുന്ന മുറയ്ക്ക് അവരെ ആ സ്ഥാനത്തുനിന്ന് എന്തെങ്കിലും കാരണം കണ്ടെത്തി പതിയെ മാറ്റി അഭിമതരായ വനിതകളെ പകരം സ്ഥാപിക്കാനുമുള്ള രീതികൾക്ക് ഇത് ഇടം നൽകും . നോമിനേറ്റു ചെയ്യപ്പെട്ടവരോടുള്ള വിധേയത്വം പ്രതീക്ഷിക്കപ്പെടുന്ന സാഹചര്യങ്ങളിൽ, വേണ്ടത്ര മികച്ച പ്രവർത്തകരായി മാറുവാൻ കഴിയാത്ത അവസ്ഥയുമുണ്ടാകാനിടയുണ്ട്. സ്വന്തമായ അഭിപ്രായ നിരീക്ഷണങ്ങൾ തുറന്നു പ്രകടിപ്പിക്കുന്നവർ ഇത്തരം സാഹചര്യങ്ങളിൽ വേഗം അനഭിമതരാകാനും സാധ്യതയുണ്ട്. ആൺകോയ്മാവ്യവസ്ഥിതിയുടെ ഔദാര്യമായിക്കിട്ടുന്ന സ്ഥാനങ്ങൾ എന്ന ധാരണ നിലനിൽക്കുമ്പോൾ , ഊർജ്ജസ്വലതയുടെ സംഘടനാ പ്രവർത്തനം എങ്ങനെ സാധ്യമാകും ?

കേവലം കുറച്ചു കാലത്തേക്ക് മാത്രം ഉള്ള ഇത്തരം പ്രാതിനിധ്യരീതിയിൽ , ദീർഘകാലം പ്രവർത്തിച്ച് അനുഭവസമ്പത്തു നേടിയെടുക്കാനുള്ള അവസരം വനിതകൾക്ക് നഷ്ടമാകുന്നു.

അതിനാൽത്തന്നെ ഏറ്റവും ഉയർന്ന സ്ഥാനങ്ങളിലേക്ക് വനിതകളെ പരിഗണിക്കുന്ന ഒരു അവസ്ഥ സംജാതമായാൽപ്പോലും വേണ്ടത്ര അനുഭവ പരിചയത്തിന്റെ കുറവ് ചൂണ്ടിക്കാണിച്ച് അത്തരം സ്ഥാനങ്ങളിലേക്ക് അവരെയാരെയും പരിഗണിക്കാൻ പറ്റാത്ത സ്ഥിതി ഉണ്ടാവുകയും ചെയ്യുന്നു. ഇത് പുരുഷന്മാർക്ക് കൂടുതൽ ഗുണകരമായ രീതിയാണ്. ചില താക്കോൽ സ്ഥാനങ്ങൾ കൈവിട്ടു പോകാതെ എന്നേക്കുമായി പുരുഷ വർഗത്തിനായി സംരക്ഷിക്കാൻ ആൺകോയ്മ കണ്ടെത്തുന്ന ഉപായങ്ങളിലൊന്നാണിത്. ഇത്തരം കുതന്ത്രങ്ങൾ ഇല്ലാതാകണമെങ്കിൽ കീഴ്ത്തട്ടുമുതൽ ക്രമമായി പ്രവർത്തിച്ച്, ഉയർന്ന തലങ്ങളിലേക്ക് എത്തിച്ചേരുവാനുള്ള അവസരവും പിന്തുണയുമാണ് വനിതകൾക്ക് സമൂഹത്തിൽനിന്ന് ലഭ്യമാകേണ്ടത്.

*ഇരട്ട അധ്വാനം*

ഇക്കാര്യങ്ങൾക്കൊക്കെ മറ്റൊരു വശം കൂടിയുണ്ട് എന്നതു കാണാതിരിക്കരുത്. മഹാഭൂരിപ

ക്ഷം വനിതജീവനക്കാരും ഇരട്ടഅധ്വാനത്തിന്റെ ഭാരം വഹിക്കുന്നവരാണ്. കേരളത്തിൽ വീടുകൾക്കുള്ളിൽ ഇനിയും പങ്കാളിത്ത ജനാധിപത്യം സംജാതമായിട്ടില്ല. അതിനാൽ ഗാർഹികാധ്വാനത്തിന്റെ പൂർണമായ ഉത്തരവാദിത്വം വനിതകൾക്ക് ഏതാണ്ട് ഒറ്റയ്ക്ക് ഏറ്റെടുക്കേണ്ടിവരുന്ന അവസ്ഥയാണ് ഇന്നുള്ളത്..ഈ സ്ഥിതിവിശേഷം നിലനിൽക്കുന്നിടത്തോളം കാലം സംഘടനകൾക്കുള്ളിലെ അധികാര ചുമതലകൾ, ഏറ്റെടുക്കാൻ തയ്യാറാകുന്ന വനിതകൾക്കത് ഫലത്തിൽ, മൂന്നാമത്തെ അധ്വാനരംഗമായി മാറുകയാണ്. നിലവിലുള്ള ഇരട്ട ഉത്തരവാദിത്വത്തിന്റെ ഭാരത്തിനു പുറമേ മറ്റൊരു അധ്വാനതലമെന്നത് ബഹുതലവാൾ പോലെ കടുത്ത അനുഭവമായി വനിതാ പ്രവർത്തകർക്ക് മാറുന്നു. അക്കാദമികവും വ്യക്തിപരവും കുടുംബപരവുമായ ഉത്തരവാദിത്തങ്ങൾക്കിടയിൽ സംഘ

സംവരണാടിസ്ഥാനത്തിലുള്ള സ്ത്രീ പ്രാതിനിത്യം എന്നത് , സ്ത്രീ പ്രാതിനിധ്യത്തിന്റെ നിലവിലെ കുറവ് പരിഹരിക്കാനുദ്ദേശിച്ച് ഏർപ്പെടുത്തേണ്ട ഒന്നുമാത്രമാണ്. രാഷ്ട്രീയ വ്യക്തികളായി, പൗരബോധമുള്ളവരായി, സ്വന്തം പ്രവർത്തനങ്ങളിലൂടെ രൂപപ്പെടാനുള്ള സാഹചര്യം വളരെ ചെറുപ്പം മുതലേ സ്ത്രീ സമൂഹത്തിന് നൽകുകയും പങ്കാളിത്ത ജനാധിപത്യത്തിന്റെ അനുഭവങ്ങൾ ഗാർഹികതലത്തിൽ ഉറപ്പാക്കുകയും ആണ് പ്രാഥമികമായി ചെയ്യേണ്ടത്. സ്ത്രീകളെ ഗാർഹിക അടിമത്തത്തിൽ നിന്നും വിമോചിപ്പിക്കണമെന്നും അവരെ സാമൂഹ്യ നിർമ്മിതിയിൽ പങ്കാളികളാക്കണമെന്നും ലെനിൻ പറഞ്ഞത് അതുകൊണ്ട് കൂടിയാണ് .ഉത്തരവാദിത്തമുള്ള സാമൂഹിക ജീവികളായി സ്ത്രീകളെ പരിവർത്തിപ്പിക്കാൻ കഴിയുമ്പോൾ സംവരണത്തിന്റെ ആവശ്യം വരികയില്ല. അതുവരെ



ടനാപരമായ സാമൂഹ്യ ഉത്തരവാദിത്തങ്ങൾകൂടി ഏറ്റെടുക്കാനുള്ള ആർജ്ജവം അതിനാൽത്തന്നെ എല്ലാ വനിതകളും പ്രകടിപ്പിച്ചു എന്ന് വരില്ല. സ്ത്രീവിരുദ്ധവും പുരുഷാധിപത്യപരവും ആയ സമ്പ്രദായങ്ങൾ കൊണ്ടുപോയി നടക്കുന്ന ഒരു സമൂഹത്തിൽ നിന്നും ഉചിതമായ, നീതിബോധത്തിൽ അധിഷ്ഠിതമായ സ്ത്രീ പ്രാതിനിത്യവും സ്ത്രീ പങ്കാളിത്തവും പ്രതീക്ഷിക്കുക അസാധ്യമാണ് എന്നാണിതെല്ലാം കാണിക്കുന്നത്.

ജനാധിപത്യം പൂർണമാകുവാൻ വേണ്ടി ,ആകാശത്തിന്റെയും ഭൂമിയുടെയും പകുതി അവകാശമുള്ള സ്ത്രീകൾക്ക് മതിയായ അവസരങ്ങൾ നൽകുക എന്ന മനോഭാവത്തിലേക്ക് രാഷ്ട്രീയപാർട്ടികൾ ബോധപൂർവം മാറേണ്ടതുണ്ട്. പരിമിതികൾ മനസ്സിലാക്കിക്കൊണ്ടു തന്നെ സംഘടനയുടെ നേതൃനിരയിലേക്ക് സ്ത്രീകളെ ബോധപൂർവം കൊണ്ടുവരേണ്ടതുണ്ടെന്ന് സഖാവ് ഇ.എം.എസ്. പറഞ്ഞത് അതുകൊണ്ടു കൂടിയാണ്. അധികാര സ്ഥാ

നങ്ങളിലേക്ക് മാത്രമല്ല പാർട്ടിയുടെ നേതൃനിരക ളിലേക്കും സ്ത്രീകൾ എത്തണമെന്ന നിലപാട് അ ദ്ദേഹം സ്വീകരിച്ചിരുന്നു. സ്ത്രീകൾക്ക് അതിനു ള്ള കഴിവുണ്ടോ എന്നു ചോദിച്ചവർക്ക് അദ്ദേഹം നൽകിയ മറുപടിയും ശ്രദ്ധേയമായിരുന്നു. ‘ കഴി വുകുറഞ്ഞവർക്ക് കഴിവുണ്ടാക്കിക്കൊടുക്കുന്നതി നു തന്നെ അവരെ പാർട്ടി കമ്മിറ്റിയിലേക്ക് എടു ക്കുന്നതു സഹായകമാകും‘ (സ്ത്രീകളെപ്പറ്റി – ഇ എം.എസ് (ഡോ.പി.എസ്.ശ്രീകല : 221 ഫെമിനി സത്തിന്റെ കേരള ചരിത്രം). അപ്പോഴും നൂറുക ണക്കിനുള്ള അധികാര സ്ഥാനങ്ങളിൽ ഏതെങ്കി ലും പത്തു സ്ഥാനങ്ങൾ ലഭിച്ചതിന്റെ പേരിൽ അ ത്യാഹ്ലാദം നടത്തേണ്ടതില്ലെന്ന കാര്യവും മറന്നു പോകരുത് .140 നിയമസഭാംഗങ്ങളിൽ 11 പേർ സ് ത്രീകളാണ് എന്ന കാര്യം ഉയർത്തിക്കാട്ടി ആഘോ ഷിക്കാൻ ആവശ്യപ്പെടുമ്പോൾ ഇക്കാര്യമാണ് ഓർ മ്മയിൽ വയ്ക്കേണ്ടത്. സ്ത്രീകൾക്ക് അർഹമായ ത് ലഭിച്ചു കഴിഞ്ഞു എന്ന വ്യാജ പ്രതീതി സൃഷ്ടി ക്കുന്ന ഇത്തരം പ്രചരണവേലകൾ, തങ്ങൾ കയ്യ ടക്കി വച്ചിരിക്കുന്ന മറ്റെല്ലാ സ്ഥാനത്തും മാറ്റമില്ലാ തെ തുടരാൻ പുരുഷ വർഗത്തെ സഹായിക്കുന്ന വ കൂടിയാണ്. ഇത്തരം പ്രചാരവേലകൾ ആൺ കോയ്മ എക്കാലത്തും നടത്തിയിരുന്നു. ഇതു തി രിച്ചറിഞ്ഞു കൊണ്ടാണ് പ്രശസ്ത ചരിത്രകാരിയാ

യ റൊമില ഥാപ്പർ, വേദകാലം സ്ത്രീകൾക്ക് പ്രാ മുഖ്യമുള്ള കാലമാണെന്ന വാദത്തെ നിഷേധിക്കു ന്നത്. വേദകാലത്ത് ശ്രദ്ധേയയായി തീർന്ന മൈ ത്രേയി പോലുള്ള പണ്ഡിത സ്ത്രീകളെ ചൂണ്ടി ക്കാട്ടിക്കൊണ്ടാണ് ആൺകോയ്മയിലടിയുറച്ച യാ ഥാസ്ഥിതികഹിന്ദുത്വവാദികൾ സ്ത്രീകൾക്ക് പ്രാ മുഖ്യമുള്ള കാലമായിരുന്നു വേദകാലം എന്ന് സ്ഥാ പിക്കാൻ ഒരുങ്ങുന്നത് എന്നവർ ചൂണ്ടിക്കാണിക്കു ന്നു. അത്തരക്കാരോട് ഥാപ്പർ ചോദിച്ച ചോദ്യത്തി ന് അക്കാലത്തു മാത്രമല്ല ഇന്നും പ്രസക്തിയുണ്ട് :ഒരു കുരുവിയുടെ പാട്ടു കൊണ്ട് വസന്തം ഉണ്ടാ കുമോ?.സമൂഹത്തിലെ എല്ലാ അധികാരനിലകളി ലും അമ്പതു ശതമാനമെങ്കിലും അവസരവും പ ങ്കാളിത്തവും സ്ത്രീകൾക്ക് ഉറപ്പാക്കാൻ കഴിയു മ്പോൾ മാത്രമേ ജനാധിപത്യപരമായ സാമൂഹ്യ നീതിയിലധിഷ്ഠിതമായ സമത്വാദർശത്താൽ പ്ര ഫുല്ലമായ രാഷ്ട്രീയസാമൂഹ്യവ്യവസ്ഥിതി ഉളവാ കൂ എന്ന കാര്യമാണ് ഈ ചോദ്യത്തിലൂടെ റൊമി ല ഥാപ്പർ ഓർമ്മിപ്പിക്കുന്നതെന്ന കാര്യം മറക്കരു ത്.



റൊമില ഥാപ്പർ

## രണ്ടു പെൺ കവിതകൾ



ദിവ്യ എൻ.
അദ്ധ്യാപിക
തൃശ്ശൂർ ശ്രീ കേരളവർമ്മ
കോളേജ്

# മഹാനടി

(1928 നവംബർ ഏഴാം തീയതി റിലീസ് ആയ വിഗതകുമാരൻ എന്ന സിനിമയിലെ നായിക പി.കെ റോസിക്ക് ഈ കവിത സമർപ്പിക്കുന്നു)

നായികയായിരിക്കെയുള്ളിലെ
ദുഃഖം മറച്ചവളുടെ
മുഖം നിലാവണിഞ്ഞിരുന്നു.
ഉള്ളിൽ കണ്ണീർ എരിയും നേരത്തും
അവളുടെ മുഖമൊരു ശ്കതമായ ചിരി വിരിയിച്ചിരുന്നു.
മുന്നിലെ തിരശ്ശീല വീഴുമ്പോൾ
അവൾക്കുള്ളിലൊരു മൗനം
വിതുമ്പിയിരുന്നു.
കയ്യടികൾ ഏറ്റു വാങ്ങും നേരത്തും
അരങ്ങിൽ നിന്ന് തന്റെ
ഹൃദയത്തിലേക്കുള്ള ദൂരം
വലുതാണെന്നവൾ അറിഞ്ഞിരുന്നു.
ജീവിതം മറ്റൊരു ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമയായി
മാറും നേരത്തുമവൾ അതിലെ
ജയിച്ച നായികയായി അരങ് വാണു.



# ഒരു യക്ഷി കഥ

(സൂചിതം: മലമ്പുഴയിലെ പ്രശസ്തമായ യക്ഷി പ്രതിമ)



ഇന്നവൾ വെറും പ്രതിമയല്ല,
മുത്തശ്ശി കഥയിലെ നായികയല്ല,
കാലം മെല്ലെ പോകും തോറും
ആരോ നോക്കി നിൽക്കെയവളിലെ
അടക്കി വച്ച എതിർപ്പ്
ദംഷ്ട്രകളായി കിളിർത്തു.
മുടി വിടർത്തിയാടുന്ന
പനമരം പോലെയവളുടെയുള്ളിൽ
പൊടുന്നനെ പ്രതിഷേധത്തിന്റെ നഖങ്ങൾ വളർന്ന് .
ഒടുക്കമവളൊരു മാറ്റത്തിന്റെ ചിരിയായി മാറി.



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# സമുദ്രത്തിന്റെ അടിത്തട്ട് രേഖപ്പെടുത്തിയ മേരി താർപ്പ്



അറ്റ്ലാന്റിക് സമുദ്ര അടിത്തട്ടിന്റെ ഭൂപടം ശാസ്ത്രീയമായി തയ്യാറാക്കി. മദ്ധ്യ അറ്റ്ലാന്റിക് വരമ്പിന്റെ കണ്ടെത്തലിലൂടെ ഭൂമിശാസ്ത്രത്തിൽ നിർണ്ണായക വഴിത്തിരിവുണ്ടാക്കുകയും വൻകര വിസ്ഥാപന സിദ്ധാന്തത്തിന് ശക്തമായ തെളിവു നൽകുകയും ചെയ്തു. സ്ത്രീകൾ കടന്നുവരാൻ മടിച്ചിരുന്ന സമുദ്രശാസ്ത്രത്തിലും ഭൂപട നിർമ്മാണത്തിലും വിസ്മയങ്ങൾ വിരിയിച്ച ആ വനിതയാണ് മേരി താർപ്പ്.

1920 ജൂലൈ 30-ന് അമേരിക്കയിലെ മിഷിഗണിൽ അദ്ധ്യാപികയായിരുന്ന ബെർത്താ ലൂയിസ് താർപ്പിന്റെയും സോയിൽ സർവ്വേയർ ആയ വില്ല്യം എഡ്ഗാർ താർപ്പിന്റെയും മകളായാണ് മേരി

യുടെ ജനനം. പിതാവ് ഫീൽഡ് വർക്കിനു പോവുമ്പോൾ മേരിയും പലപ്പോഴും അദ്ദേഹത്തെ അനുഗമിക്കുമായിരുന്നു. ഇത് മേരിക്ക് ഭൂപടനിർമ്മാണത്തിന്റെ ആദ്യപാഠങ്ങളായി. പിതാവിന്റെ ജോലിമാറ്റത്തിനനുസരിച്ചുള്ള സ്ക്കൂൾ മാറ്റങ്ങൾ കാരണം ആ പെൺകുട്ടിക്ക് ആത്മാർഥ സുഹൃത്തുക്കൾ ആരും തന്നെ ഉണ്ടായിരുന്നില്ല. പതിനഞ്ചാം വയസ്സിൽ മാതാവിനെ നഷ്ടമായതോടെ ഏകാന്തത മേരിയെ വല്ലാതെ അലട്ടാൻ തുടങ്ങി. ഫ്ലോറൻസിലെ സ്ക്കൂൾ പഠനകാലത്ത് കറന്റ് സയൻസ് എന്ന ക്ലാസ്സ് കേൾക്കാൻ ഇടയായതോടെ നൂതന ഗവേഷണമേഖലകളെക്കുറിച്ച് മനസ്സിലാക്കാൻ മേരിക്ക് സാധിച്ചു. ഇതിന്റെ ഭാഗമായുള്ള ഫീൽഡ് ട്രിപ്പുകളിലൂടെ മരങ്ങളെക്കുറിച്ചും പാറകളെക്കുറിച്ചും കൂടുതൽ പഠിക്കാനും സാധിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കുടുംബത്തിന്റെ കൃഷിസ്ഥലത്ത് ജോലി ചെയ്തതു കാരണം കോളേജിൽ ചേരാൻ കുറച്ചു വൈകി. 1943-ൽ ഓഹിയോ സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷിലും മ്യൂസിക്കിലും ബിരുദം നേടി.

ജപ്പാന്റെ പേൾ ഹാർബർ ആക്രമണത്തിനുശേഷം കോളേജിൽ പഠിക്കുന്ന ആൺകുട്ടികൾ സൈന്യത്തിൽ ചേർന്നതോടെ അതുവരെ പെൺകുട്ടികൾക്ക് നിഷിദ്ധമായിരുന്ന പെട്രോളിയം ജിയോളജി പോലുള്ള മേഖലകൾ അവർക്കായി വാതിലുകൾ തുറക്കാൻ തുടങ്ങി. അങ്ങനെ മിഷിഗൺ സർവ്വകലാശാലയിലെ പെട്രോളിയം ജിയോളജി പ്രോഗ്രാമിൽ ചേരുകയും 1944-ൽ അതിൽ മാസ്റ്റർ ബിരുദം നേടുകയും ചെയ്തു.തുടർന്ന് ഒക്ലഹോമയിലെ സ്റ്റാനോലിൻഡ് ഓയിൽ കമ്പനിയിൽ ജോലി ലഭിച്ചെങ്കിലും ഫീൽഡ് വർക്കിൽ സ്ത്രീകളെ പങ്കെടുപ്പിക്കാൻ കമ്പനി തയ്യാറായിരുന്നില്ല. പുരുഷ സഹപ്രവർത്തകരുടെ ഔദ്യോഗികയാത്രയ്ക്കാവശ്യമായ മാപ്പുകൾ തയ്യാറാക്കലായിരുന്നു മേരിയുടെ പ്രധാന ജോലി. ഈ വിവേചനം അവരെ നിരാശയാക്കിയെങ്കിലും അതിനിടയിൽ ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയെടുക്കാൻ സാധിച്ചു. തുടർന്ന് ന്യൂയോർക്കിലേക്ക് ചേക്കേറിയ മേരി താർപ്പ് ലാമോണ്ട് ജിയോളജിക്കൽ ഒബ്സർവേറ്ററിയിൽ ജോലിയാരംഭിച്ചു. അക്കാലത്ത് അവിടെ ജോലി ചെയ്തിരുന്ന ചുരുക്കം ചില വനിതകളിൽ ഒരാളായിരുന്നു മേരി.

തുടർന്ന് കൊളംബിയ സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന സമയത്ത് ബ്രൂസ് ഹീസൻ എന്ന അമേരിക്കൻ സമുദ്രശാസ്ത്രജ്ഞനെ പരിചയപ്പെട്ടതോടെ സമുദ്രത്തിന്റെ അടിത്തട്ട് മാപ്പ് ചെയ്യുന്ന പ്രവർത്തനം അവർ ഒന്നിച്ച് മുന്നോട്ടുകൊണ്ടുപോയി.18 വർഷത്തോളം നീണ്ട സംയുക്ത ഗവേഷണത്തിനിടെ ഗവേഷണക്കപ്പലിൽ യാത്ര ചെയ്യാനുള്ള അനുവാദം ഹീസനു മാത്രമായിരുന്നു. സ്ത്രീയായതുകൊണ്ട് ഗവേഷണക്കപ്പലിലെ പര്യവേക്ഷണത്തിന് മേരിക്ക് അവസരം നിഷേധിക്കപ്പെടുകയായിരുന്നു. പുരുഷ ഗവേഷകർ നൽകുന്ന ഡാറ്റ അടിസ്ഥാനമാക്കി ഭൂപടം തയ്യാറാക്കുക എന്നതായിരുന്നു അവരുടെ ജോലി. ഒടുവിൽ 1968-ൽ മാത്രമാണ് മേരി താർപ്പിന് പര്യവേക്ഷണത്തിനുള്ള അനുമതി ലഭിച്ചത്. അറ്റ്ലാന്റിസ് ഗവേഷണക്കപ്പലിൽ യാത്ര ചെയ്ത് കണ്ടെത്തിയ വിവരങ്ങളുപയോഗിച്ചും സമുദ്രാന്തർഭാഗത്തെ ഭൂചലന സമയത്തെ സീസ്മിക് തരംഗങ്ങൾ അപഗ്രഥിച്ചും സമുദ്ര അടിത്തട്ട് തികച്ചും ശാസ്ത്രീയമായി രേഖപ്പെടുത്താനുള്ള ആദ്യകാലശ്രമങ്ങളിൽ ഏറ്റവും ശ്രദ്ധേയമായിരുന്നു ഇത്. എക്കോസൗണ്ടർ ഉപയോഗിച്ച് ലഭ്യമാക്കിയ സമുദ്രാന്തർഭാഗത്തിന്റെ വിവരങ്ങൾ ഉപയോഗപ്പെടുത്തി മേരി താർപ്പ് തയ്യാറാക്കിയ ഭൂപടത്തിൽ അറ്റ്ലാന്റിക്കിന്റെ അടിത്തട്ടിലുള്ള പർവ്വതനിരയും ഭ്രംശ താഴ്വരയുമൊക്കെ രേഖപ്പെടുത്തിയെങ്കിലും ആദ്യമൊന്നും ഹീസൻ അടക്കമുള്ള ഗവേഷകർ ഇത് അംഗീകരിക്കാൻ തയ്യാറായില്ല എന്നു മാത്രമല്ല പുച്ഛിച്ചു തള്ളുകയും ചെയ്തു. എന്നാൽ പിന്നീട് സമുദ്രത്തിനടിയിലെ ഭൂകമ്പ തരംഗങ്ങളെ ആസ്പദമാക്കി ഹോവാഡ് ഫോസ്റ്റർ എന്ന സമുദ്രശാസ്ത്രജ്ഞൻ തയ്യാറാക്കിയ ഭൂപടവും മേരി തയ്യാറാക്കിയ ഭൂപടവും താരതമ്യം ചെയ്ത ഗവേഷകർ ഞെട്ടി. രണ്ടും തമ്മിൽ സമാനതകൾ ഏറെയായിരുന്നു. അതോടെ മേരിയുടെ കണ്ടെത്തലുകൾ ശരിയായിരുന്നുവെന്ന് അവർക്ക് കൈയടിച്ച് സമ്മതിക്കേണ്ടി വന്നു. തുടർന്ന് നിരവധി സമുദ്ര അടിത്തട്ടുകളുടെ ഭൂപടങ്ങൾ മേരി തയ്യാറാക്കി. മേരിയും ഹീസനും ഓസ്ട്രിയക്കാരനായ ഹെന്രിച്ച് ബെറാനും ചേർന്ന് തയ്യാറാക്കിയ ലോകത്തിലെ എല്ലാ സമുദ്രാടിത്തട്ടുകളും ചേർന്ന ഭൂപടം 1977-ൽ നാഷണൽ ജ്യോഗ്രഫിക് പ്രസിദ്ധീകരിച്ചു. 1983 വരെ മേരി കൊളംബിയ സർവ്വകലാശാലയിൽ പ്രവർത്തിച്ചു. ജോലിയിൽ നിന്ന് ഔദ്യോഗികമായി വിരമിച്ച ശേഷവും ഭൂപടങ്ങളോടുള്ള സ്നേഹം അവർ കൈവിട്ടില്ല. സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് വെളിച്ചം വീശിയ മേരി താർപ്പ് 2006 ഓഗസ്റ്റ് 23-ന് ന്യൂയോർക്കിൽ വച്ച് അന്തരിച്ചു.

